
# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



## മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 37–ാം ചരമവാർഷികം

Vol. LXXIII November 2023 No. 11

# അശരണർക്കും ആലംബഹീനർക്കുമായുള്ള പാലാ ഹോം പ്രോജക്ട്



അരുണാപുരം



ഭരണങ്ങാനം







# Golden Jubilee Greetings



Rev. Fr. Pezhumkattil Abraham
19. 12. 1973





Rev. Fr. Vellaringatt Kurian
22. 12. 1973

# Silver Jubilee Greetings



Rev. Fr. Ouseparampil Michael
28. 12. 1998





Rev. Fr. Thadathil Kurian
30. 12. 1998



Rev. Fr. Danavelil George
30. 12. 1998



Rev. Fr. Keeppallil Joseph
04. 01. 1999



Rev. Fr. Tholanickal Joseph
02. 01. 1999


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
ശാന്തിപുരം ഇടവക


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
കോതനല്ലൂർ ഇടവക



ഇടയനടുത്ത സന്ദർശനത്തിൽനിന്ന് അറുനൂറ്റിമംഗലം ഇടവക



LEAD KINDLY LIGHT

EPARCHY OF PALAI

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ


**NOVEMBER 2023**

**Vol. LXXIII No. 11**

# CONTENTS


ഇടയലേഖനം 76 .................... 827

സർക്കുലർ 322 .................... 837

ഇടയലേഖനം - 75 .................... 839

സർക്കുലർ - 321 .................... 848

ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക് .................... 850

അറിയിപ്പുകൾ .................... 853

Collection List .................... 855

അറിയിപ്പുകൾ .................... 864

വാർത്തകൾ .................... 868

ആദരാഞ്ജലികൾ .................... 905

അഭിവന്ദ്യപിതാവിന്റെ ഡയറി .................... 909

ഇടയലേഖനം- 76

# മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി

**2023 നവംബർ 21, 22, 23 തീയതികളിൽ**

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീ സന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്. നമ്മുടെ കർത്താവീശോമിശിഹായിൽ നിന്ന് കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ**

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ രൂപതയുടെ മൂന്നാമത്തെ എപ്പാർക്കിയൽ അസംബ്ലിയിലേക്കു നമ്മൾ പ്രവേശിക്കുകയാണ്. നവംബർ മാസം 21, 22, 23 തീയതികളിൽ നമ്മുടെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചാണ് സമ്മേളനം നടക്കുന്നത്. നമുക്ക് ഏറ്റവും പ്രിയപ്പെട്ട വയലിൽ പിതാവിന്റെ ഓർമ്മ ദിവസമായ നവംബർ 21 നാണ് അസംബ്ലി ആരംഭിക്കുന്നത് (രാവിലെ 6:30 ന് കത്തീഡ്രലിലെ തിരുക്കർമ്മങ്ങൾക്കു ശേഷം). രൂപതയെ സംബന്ധിച്ചിടത്തോളം ചരിത്രപ്രാധാന്യമുള്ള ഒരു കൂടിവരവാണ് അസംബ്ലി. രൂപതാംഗങ്ങളെല്ലാവരുടെയും സ്വരം കേൾക്കാനുള്ള അവസരമാണിത്. ആറു മാസമായിട്ട് നമ്മൾ ഈ സമ്മേളനത്തിനുവേണ്ടിയുള്ള തീവ്രമായ ഒരുക്കത്തിലായിരുന്നു. പൗരസ്ത്യകാനൻനിയമപ്രകാരം രൂപതയിലെ വിവിധ ശുശ്രൂഷാമേഖലകളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന അല്മായരും സമർപ്പിതരും വൈദികരും നമ്മുടെ

രൂപതയിലെ ദൈവജനത്തെ മുഴുവൻ പ്രതിനിധാനം ചെയ്തു കൊണ്ട് ഈ അസംബ്ലിയിൽ പങ്കെടുക്കുന്നു. ആകെ 237 അംഗങ്ങളാണ് സമ്മേളനത്തിൽ സംബന്ധിക്കുന്നത്. നമ്മുടെ രൂപത അതിന്റെ പ്ലാറ്റിനം ജൂബിലിയിലേക്കു (75) പ്രവേശി ക്കുന്ന ഈ സമയത്ത് ഈ രൂപതാ അസംബ്ലിക്ക് സവിശേഷ മായ പ്രാധാന്യവുമുണ്ട്. അതുപോലെതന്നെ നമ്മുടെ സ്നേഹ നിധിയായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് തന്റെ മേലധ്യക്ഷശുശ്രൂഷകളുടെ 50 വർഷങ്ങൾ പൂർത്തിയാക്കിയ വർഷമാണല്ലോ ഇത്. നമ്മുടെ അസംബ്ലിയുടെ സുഗമമായ നട ത്തിപ്പിനുവേണ്ടി ഒരു കമ്മിറ്റിയെ രൂപതാക്കച്ചേരി ചുമതല പ്പെടുത്തിയിരുന്നു. രൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, ഫാ. ജോസഫ് കരികുളം, ഫാ. ജോസഫ് കുറ്റിയാങ്കൽ (ചാൻസി ലർ), ബഹു. സിസ്റ്റർ റോജിറ്റ് CMC, ഡോ. റ്റി.റ്റി. മൈക്കിൾ തെക്കേക്കുരുവിനാൽ എന്നിവരാണ് കമ്മിറ്റിയംഗങ്ങൾ. നിരവധി തവണ ഇവർ രൂപതാകേന്ദ്രത്തിൽ സമ്മേളിച്ച് ഇതിലേക്ക് ആവശ്യമായ പ്രബോധനരേഖകൾ തയ്യാറാക്കി. 'ക്രിസ്തീയദൗത്യവും ജീവിതവും പ്രാദേശികസഭയിലും സമൂഹത്തിലും' എന്നതാണ് മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയുടെ വിഷയം. കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ (Lineamenta) എല്ലാ ഇടവകകളിലും സന്ന്യാസ ഭവനങ്ങളിലും രൂപതയുടെ ഇതര സ്ഥാപനങ്ങളിലും സംഘടന കളിലും 2023 ജൂലൈ മാസം പഠനത്തിനും ചർച്ചയ്ക്കുമായി നൽകി. വിവിധ തലങ്ങളിലെ പഠനത്തിന്റെയും ചർച്ചയുടെയും ഫലമായി ഉരുത്തിരിഞ്ഞ വിലയിരുത്തലുകളും പ്രായോഗിക നിർദ്ദേശങ്ങളുമടങ്ങിയ റിപ്പോർട്ട് രൂപതാകേന്ദ്രത്തിൽ ബന്ധ പ്പെട്ടവർ യഥാസമയം ഏൽപ്പിച്ചു. നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും പഠനറിപ്പോർട്ട് രൂപതാകേന്ദ്രത്തിൽ ബഹു. അച്ചന്മാർ യഥാസമയം ഏൽപ്പിച്ചു എന്നത് അഭിമാനത്തോടെ ഓർക്കുന്നു.

ലഭിച്ച റിപ്പോർട്ടുകൾ ബന്ധപ്പെട്ട കോർ കമ്മിറ്റി സസൂക്ഷ്മം ക്രോഡീകരിച്ച് തയ്യാറാക്കിയതാണ് അസംബ്ലിയിൽ ചർച്ച ചെയ്യുന്ന വിഷയാവതരണരേഖ (Instrumentum Laboris). ക്രിയാത്മകമായ ചർച്ചകൾ നടത്തി ക്രിസ്തീയദൗത്യം സഭ യിലും സമൂഹത്തിലും ഏറ്റവും ഫലപ്രദമായ രീതിയിൽ നിർ വഹിക്കുന്നതിനുള്ള കർമ്മപദ്ധതികൾക്കു രൂപംകൊടുക്കുക എന്നതാണ് അസംബ്ലിയിൽ പങ്കെടുക്കുന്നവരുടെ ദൈവിക മായ നിയോഗം. അസംബ്ലിയിലെ ചർച്ചകളുടെ വെളിച്ചത്തിൽ പുതിയ കർമ്മ പദ്ധതി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതും 2024 ജനുവരി മുതൽ രൂപതയിൽ നടപ്പാക്കുന്നതുമാണ്.

പരിശുദ്ധ ഫ്രാൻസിസ് പിതാവ് റോമിൽ വിളിച്ചുകൂട്ടിയ മെത്രാന്മാരുടെ പതിനാറാമത് ഓർഡിനറി ജനറൽ അസംബ്ലി ഒക്ടോബർ മാസം 24-ന് അവസാനിച്ചതേയുള്ളൂ. ഈ സിന ഡിലേക്കുള്ള ഒരുക്കത്തിനായി കഴിഞ്ഞവർഷം നമ്മുടെ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് 225 അംഗങ്ങളെ ചേർത്ത് ഒരു രൂപതാസിനഡ് കൂടിയിരുന്നു. വർഷങ്ങൾക്കുമുൻപ് ഫ്രാൻസിസ് പിതാവ് ആവശ്യപ്പെട്ട കാര്യമാണ് 'സഭയിൽ എല്ലാവരെയും ശ്രവിക്കണം; ആരും ഒഴിവാക്കപ്പെടരുത്' എന്നത്. ദൈവജനമൊന്നാകെ ഒരുമിച്ചു നടക്കണമെന്നതാണ് പരിശുദ്ധ പിതാവിന്റെ കാഴ്ചപ്പാട്. പരിശുദ്ധ ത്രിത്വത്തിലും വിശുദ്ധ കുർബാനയിലും അധിഷ്ഠിതമായ സ്നേഹമാണ് അടിസ്ഥാന കാര്യമെന്ന് പരിശുദ്ധ പിതാവ് ഈ സിനഡിൽ ഊന്നിപ്പറയുന്നു. കഴിഞ്ഞവർഷം പരിശുദ്ധ ഫ്രാൻസിസ് പിതാവ് പറഞ്ഞിരുന്നു; സിനഡുകളുടെ (അസംബ്ലികളുടെ) ലക്ഷ്യം പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കയല്ല; മറിച്ച്, "സ്വപ്നങ്ങൾ മെനഞ്ഞെടുക്കുക, പ്രവചനങ്ങളും കാഴ്ച പ്പാടുകളും രൂപീകരിക്കുക, പ്രത്യാശ വളരാൻ അനുവദിക്കുക, പരസ്പരവിശ്വാസം ഉറപ്പുവരുത്തുക, മുറിവുകൾ സൗഖ്യ മാക്കുക, ബന്ധങ്ങൾ ആഴപ്പെടുത്തുക, പരസ്പരം പഠിക്കുക,

എല്ലാവരുടെയും മനസ്സും ഹൃദയവും ബലപ്പെടുത്താൻവേണ്ട ശക്തിസ്രോതസ്സുകൾ നൽകുക, നമ്മുടെ കരങ്ങളെ ബലപ്പെടുത്തുക" എന്നതാണ്. ഒറ്റവാക്യത്തിൽ, സമഗ്രസ്വഭാവമുള്ള ദൈവശാസ്ത്രപരവും അജപാലനപരവുമായ കാര്യങ്ങളാണ് പരിശുദ്ധ പിതാവ് കൂട്ടിച്ചേർത്തു വച്ചിരിക്കുന്നത്. തർക്കിക്കുകയല്ല, പരസ്പരം കേൾക്കുകയാണ്, ശ്രവിക്കുകയാണു വേണ്ടത് എന്നാണ് പരിശുദ്ധ പിതാവ് പഠിപ്പിക്കുന്ന അടിസ്ഥാന വേദപാഠം. വിശ്വാസികളുടെ പൊതു അഭിപ്രായം അറിയണം എന്ന് പരിശുദ്ധ പിതാവ് നിരന്തരമായി ആവശ്യപ്പെടുന്നു. കർദിനാൾ ന്യൂമാൻ പറഞ്ഞുവച്ചിരുന്ന ഫ്റോണേമ (Phronema) - സാധാരണ വിശ്വാസികളുടെ മനസ്സ് അറിയുക (mind set of the ordinary people) എന്ന കാര്യംതന്നെയാണിത്. മക്കളെ കേൾക്കുമ്പോൾ അമ്മയായ സഭ സന്തോഷിക്കുകയാണ് (gaudet mater ecclesia). റോമിലെ അന്തർദേശീയ ദൈവശാസ്ത്രകമ്മീഷൻ സിനഡുകളെക്കുറിച്ചു പറഞ്ഞിരിക്കുന്ന കാര്യം ഏറെ ശ്രദ്ധേയമത്രേ: സഭാപാരമ്പര്യത്തിൽ പുരാതനവും ആദരണീയവും ദൈവികവെളിപാടിന്റെ ഏറെ ആഴമുള്ള വിഷയങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു പദമാണ് സിനഡ് അഥവാ അസംബ്ലി. ദൈവജനം ഒന്നായി നടന്നിരുന്ന പാതയെ ഇതു സൂചിപ്പിക്കുന്നു. വഴിയും സത്യവും ജീവനുമായി സ്വയം വെളിപ്പെടുത്തിയ കർത്താവായ ഈശോയെ ഇത് സൂചിപ്പിക്കുന്നു. മാർഗ്ഗത്തിൽ ചരിക്കുന്നവർ എന്നു തന്നെയാണ് ഇതിന്റെ അർത്ഥം.

എപ്പാർക്കിയൽ അസംബ്ലി എന്ന ആശയം നമ്മുടെ പുരാതന പള്ളിയോഗത്തോട് ഏറെ ബന്ധപ്പെട്ടിരിക്കുന്ന കാര്യമാണ്. ഇന്ത്യയിലെ നസ്രാണികൾക്കു പള്ളിയോഗം എന്ന പദം ഏറ്റവും പ്രിയപ്പെട്ടതാണ്. പള്ളിയോഗം പള്ളിയുടെ അല്ലെങ്കിൽ സഭയുടെ യോഗമാണ്, ഒന്നിച്ചുചേരലാണ്, കൂടിവരവാണ്. യോഗം കൂടുകയാണ് എന്നാണല്ലോ പറയുന്നത്.

ഐക്യത്തിലേക്കു പ്രവേശിക്കുകയാണ് എന്നാണർത്ഥം. പണ്ഡിതരായ ചില വ്യക്തികൾ പള്ളിയോഗത്തെ 'ക്രിസ്ത്യൻ റിപ്പബ്ലിക്' എന്നാണു വിശേഷിപ്പിച്ചത്. ക്രിസ്ത്യൻ എന്ന വിശേഷണം ഈ യോഗത്തെ വ്യതിരിക്തമാക്കുന്നു. ഈ റിപ്പബ്ലിക്കിന്റെ അടിസ്ഥാനസ്വഭാവം ഈശോയുടെ സ്വഭാവം തന്നെയായിരിക്കണം. ഈശോയെ മാറ്റിനിർത്തിയുള്ള ഒരു ജനാധിപത്യസംവിധാനമല്ല ഇത്. ഈശോയുടെ ഹിതം ജനകീയമായി അംഗീകരിക്കപ്പെടുകയും നടപ്പാക്കുകയും ചെയ്യുകയാണ് ഈ യോഗത്തിന്റെ ധർമ്മം. സഭ കാതോലികവും സർവ്വത്രികവുമാകുന്നത് ഈശോയുടെ കാതോലിക സാർവ്വത്രികമാനത്തിൽനിന്നാണ്. ദേശത്തുപട്ടക്കാരനായ ഇടവകവികാരി (കത്തനാർ) തന്റെ ശുശ്രൂഷയ്ക്കായി ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കുടുംബങ്ങളിലെ തലവനുമായിട്ട് ആലോചിച്ച് പള്ളിയുടെ ഭരണശുശ്രൂഷകൾ ചെയ്യുന്ന ക്രമത്തിനാണ് പള്ളിയോഗം എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. ഈ ക്രിസ്ത്യൻ റിപ്പബ്ലിക് ലോകത്തിന്റെ ജനാധിപത്യവുമായി വലിയ വ്യത്യാസമുണ്ട്. ദൈവികജനാധിപത്യമാണിത്. കൂട്ടായ്മയാണ് ഇതിന്റെ അളവുകോൽ. ദൈവത്തിന്റെ ത്രിത്വാത്മകസ്വഭാവവും ഐക്യവും പ്രകടിപ്പിക്കുന്ന സംവിധാനമാണിത്. സഭയിലെ കൂട്ടായ്മയുടെ കാരണം പരി. ത്രിത്വം എന്ന കൂട്ടായ്മയാണ്.

പള്ളിയോഗം രൂപപ്പെടുന്ന കാലത്ത് മൻറങ്ങളും ക്ഷേത്രഭരണസംവിധാനങ്ങളും കൽദായസഭയുടെ ഭരണസംവിധാനങ്ങളുമൊക്കെ സ്വാധീനിച്ചിട്ടുണ്ടാവാം. എന്നാൽ, ഈ ഭരണസംവിധാനത്തിന്റെ അടിസ്ഥാനം പഴയനിയമ ദൈവജനത്തിന്റെയും പുതിയനിയമസഭയുടെയും ഭരണക്രമംതന്നെയാണ്. ഒരുപക്ഷേ, നമ്മുടെ നാട്ടിലെ ചില ഭരണക്രമങ്ങളെ, പ്രത്യേകിച്ച് മൻറങ്ങളെ അനുകരിച്ചാവാം പള്ളിയോഗവും മൂന്നുതലത്തിൽ സംഘടിപ്പിക്കപ്പെട്ടത്. അതായത്, ഇടവകയോഗം, പ്രാദേശികയോഗം, മഹായോഗം എന്നീ തലങ്ങളിൽ;

ഇന്നത്തെ എപ്പാർക്കിയൽ അസംബ്ലി പ്രാദേശികയോഗത്തിന്റെ സ്ഥാനത്താണെന്നു പറയാം. മഹായോഗം മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയെ പ്രതിനിധാനം ചെയ്യുന്നു. എപ്പാർക്കിയൽ അസംബ്ലി (പ്രാദേശികയോഗം) നമ്മെ ചില പ്രധാന കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നുണ്ട്.

1) ഇത് ഇടവകകൾ തമ്മിലുള്ള ഐക്യത്തെ പ്രകാശിപ്പിക്കുന്നു.
2) ഗൗരവതരമായ വിഷയങ്ങളിലും ഒരു വിശ്വാസിക്കു സമൂഹത്തെ പ്രതിനിധാനം ചെയ്യാൻ സാധിക്കുന്നു.
3) ഇത് മുമ്പു സൂചിപ്പിച്ച ക്രിസ്ത്യൻ റിപ്പബ്ലിക്കിന്റെ ഏറ്റവും സുന്ദരമായ പ്രകാശനമാണ്.

പള്ളിയോഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കണമെങ്കിൽ അവർ നിർവഹിച്ചുകൊണ്ടിരിക്കുന്ന ഉത്തരവാദിത്വങ്ങളും അവകാശങ്ങളും നാം മനസ്സിലാക്കണം.

1) പള്ളിയുടെ ഭൗതികവസ്തുക്കളുടെ ഭരണം നിർവഹിച്ചിരുന്നതു പ്രധാനമായും പള്ളിയോഗമാണ്. തീർച്ചയായും വികാരിയായിരിക്കുന്ന കത്തനാരുടെ മേൽനോട്ടത്തിലാണ്. പള്ളിയോഗത്തിന്റെ ഉത്തരവാദിത്വത്തിലാണ് പള്ളിയുടെ നിർമ്മാണങ്ങളും പുനരുദ്ധാരണപ്രവർത്തനങ്ങളും ഒക്കെ നടത്തിയിരുന്നത്. ഈ ശൈലിയാണല്ലോ പ്രതിനിധിയോഗത്തിലൂടെ നമ്മൾ തുടർന്നുകൊണ്ടു പോകുന്നത്.
2) പള്ളിയോഗത്തിന്റെ അംഗീകാരം ഒരു വ്യക്തിക്ക് പുരോഹിതപട്ടങ്ങൾ (ശംശാന, കശ്ശീശാ പട്ടങ്ങൾ) നൽകുന്നതിന് അനിവാര്യമായിരുന്നു. പള്ളിയോഗത്തിന്റെ ദേശക്കുറി അവരുടെ അംഗീകാരത്തിന്റെ അടയാളമായിരുന്നു. ഇത് വൈദികരും വിശ്വാസികളും തമ്മിലുള്ള ബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്നു. ഇപ്പോഴും തിരുപ്പട്ടസ്വീകരണത്തിനുമുൻപ് സ്വന്തം ഇടവകയിൽ ഇക്കാര്യം അറിയിക്കുന്ന

ക്രമം നാം തുടർന്നുകൊണ്ടാണിരിക്കുന്നത്. സ്വജാതീയ മെത്രാന്മാരെ തിരഞ്ഞെടുക്കുന്ന കാര്യത്തിലും സഭയിലെ മഹായോഗത്തിൽ നിർണായകമായ പങ്ക് ഉണ്ടായിരുന്നു.

3) വൈദികരുടെ സംരക്ഷണച്ചുമതല യോഗത്തിന്റെ ഉത്തര വാദിത്വമായിരുന്നു.

4) പ്രധാന തിരുനാളിനോടനുബന്ധിച്ചുള്ള സ്നേഹവിരുന്ന് ക്രമീകരിച്ചിരുന്നതും പള്ളിയോഗത്തിന്റെ ഉത്തരവാദിത്വമാ യിരുന്നു. നമ്മുടെ ഒട്ടുമിക്ക ഇടവകകളിലും വിസീത്താ അവസരങ്ങളിലും വാർഷിക ധ്യാനാവസരങ്ങളിലും വിശ്വാ സോത്സവനാളുകളിലും സ്നേഹവിരുന്നുകൾ ഒരുക്കുന്നതു കാണുന്നതിലുള്ള സന്തോഷവും നിങ്ങളെ അറിയിക്കുന്നു.

5) മാർത്തോമ്മായുടെ നിയമത്തിന്റെ യഥാർത്ഥ സംരക്ഷണച്ചു മതല പള്ളിയോഗത്തിന്റേതായിരുന്നു.

നമ്മുടെ സഭയുടെ ശ്ലൈഹികപാരമ്പര്യവും ആരാധന ക്രമവും സുറിയാനിഭാഷയും ഇതിൽനിന്ന് ഉരുത്തിരിഞ്ഞ മറ്റ് അനേകം പ്രാദേശികപാരമ്പര്യങ്ങളും സംരക്ഷിക്കു ന്നതിൽ പ്രാദേശികപള്ളിയോഗങ്ങൾ നല്ല ശ്രദ്ധ കൊടു ത്തിരുന്നു. സുറിയാനിഭാഷയുടെ ഗ്രാമറും ഡിക്ഷ്ണറിയും നിഘണ്ടുവും ടെസ്റ്റ് ബുക്കുകളും ഒക്കെ രചിച്ചവരിൽ ഏറ്റവും മുമ്പിൽ നിന്നിരുന്നത് നമ്മുടെ രൂപതയിൽ നിന്നുള്ള പണ്ഡിതന്മാരായ കത്തനാരുമാരായിരുന്നു. അന്ത്രയോസ് മൽപ്പാൻ, കുടക്കച്ചിറ അന്തോണിച്ചൻ, ബഹു. തോമസ് അരയത്തിനാൽ, ഫാ. എമ്മാനുവേൽ തെള്ളിയിൽ തുടങ്ങിയവർ. ഇവരുടെയെല്ലാം പ്രചോദനം പാറേമാക്കൽ തോമാക്കത്തനാരിൽനിന്നും നിധീരിക്കൽ മാണിക്കത്തനാരിൽനിന്നുമായിരുന്നു. സുറിയാനിഭാഷ പണ്ഡിതന്മാരായ ഒരുപറ്റം കത്തനാർമാർ പാലായുടെ വലിയ സമ്പത്തായിരുന്നു.

6) സഭയെ സംബന്ധിച്ച പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും യോഗങ്ങൾ കൂടിയിരുന്നുവെന്നത് ചരിത്രവസ്തുതയാണ്. സഭയുടെ ഐക്യം സംരക്ഷിക്കുന്നതിനും സമാധാനം നിലനിർത്തുന്നതിനും പള്ളിയോഗം പ്രത്യേകം താത്പര്യം കാണിച്ചിരുന്നു. പരസ്യപാപികളായിട്ടുള്ളവരെ തിരുത്തുന്നതിനും ശിക്ഷണനടപടികൾ സ്വീകരിക്കുന്നതിനും സാമൂഹികതിന്മകൾക്കെതിരേ പോരാടുന്നതിനും പള്ളിയോഗങ്ങൾ തയ്യാറായിരുന്നു. നമ്മുടെ എല്ലാ ഫോറോനകളിലും ഈ അടുത്തനാളിൽ നമ്മൾ രൂപീകരിച്ച ജാഗ്രതാസമിതികൾ സാമൂഹികതിന്മകൾക്കെതിരേ പോരാടാനുള്ള ശക്തമായ ക്രമീകരണങ്ങളാണല്ലോ.

7) ഉപവിപ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നതിൽ യോഗം നിർണായകപങ്കുവഹിച്ചിരുന്നു. നിർധനരായ പെൺകുട്ടികളുടെ വിവാഹക്കാര്യത്തിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. നമ്മുടെ ഹോം പാലാ പ്രോജക്ട് വഴിയും പാലാ കാരിത്താസ് വഴിയും കുടുംബസഹായനിധിവഴിയും ഇടവകകളും രൂപതാകേന്ദ്രവും ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. രൂപതയുടെ സാമൂഹികക്ഷേമ ഡിപ്പാർട്ട്മെന്റ് വഴി (social service) ഒട്ടനവധി കാരുണ്യപ്രവർത്തനങ്ങൾ നിർവഹിക്കാൻ നമുക്കു കഴിയുന്നുണ്ട്.

മുകളിൽ പറഞ്ഞ പള്ളിയോഗത്തിന്റെ പ്രവർത്തനങ്ങൾ മാർത്തോമ്മാക്രിസ്ത്യാനികളെ സഹോദരീസഹോദരന്മാരുടെ ഒരു സമൂഹമാക്കി. വർത്തമാനപ്പുസ്തകത്തിലെ 'ജ്യേഷ്ഠാനുജന്മാർ' എന്ന പ്രയോഗം ഈ വസ്തുതയ്ക്കു സാക്ഷ്യം വഹിക്കുന്നു. സഭ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഒരു കൂട്ടായ്മയാണ്. സ്നേഹമില്ലാത്ത നിയമത്താൽ ഭരിക്കപ്പെടുന്ന

ഒരു സമൂഹമല്ല. മാമ്മോദീസായിലൂടെ വീണ്ടും ജനിക്കുന്ന വിശ്വാസികൾ തമ്മിൽ ബഹുമാനത്തിന്റെ കാര്യത്തിലും പ്രവർത്തനങ്ങളുടെ കാര്യത്തിലും ഒരു സമാനതയുണ്ട്. ഓരോരുത്തരും തങ്ങളുടെ കൃപയ്ക്കനുസരിച്ച് പള്ളിയെ പടുത്തുയർത്തുന്നു.

ആറാം നൂറ്റാണ്ടിൽ Issidore of Seville (560-636) എഴുതിയ പ്രാർത്ഥന നമ്മുടെ എപ്പാർക്കിയൽ അസംബ്ലിയുടെ പശ്ചാത്തലത്തിൽ ഏറെ ഉപകാരപ്പെടും. 'പരിശുദ്ധ റൂഹായേ അങ്ങയുടെ മുമ്പിൽ ഞങ്ങൾ നിൽക്കുന്നു. അങ്ങുമാത്രം ഞങ്ങളെ നയിക്കാനായി ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്ങ് ഭരണം നടത്തണമേ. ഞങ്ങൾ നടക്കേണ്ട വഴിയും അതു പിന്തുടരേണ്ട വിധവും ഞങ്ങളെ പഠിപ്പിക്കണമേ. പാപികളും ദുർബലരുമായി ഞങ്ങൾ ക്രമരാഹിത്യം പ്രചരിപ്പിക്കാൻ ഇടയാകാതിരിക്കട്ടെ. അങ്ങിൽ ഞങ്ങൾ ഐക്യം കണ്ടെത്തട്ടെ. നിത്യജീവന്റെ പാതയിൽ ഒരുമിച്ചു സഞ്ചരിക്കാനും സത്യത്തിന്റെയും ശരിയുടെയും മാർഗത്തിൽനിന്നു മാറിപ്പോകാതിരിക്കാനും ഞങ്ങൾക്ക് ഇടയാകട്ടെ.'

നമ്മുടെ എപ്പാർക്കിയൽ അസംബ്ലിയിലെ ചർച്ചകളും തത്ഫലമായി രൂപംകൊള്ളുന്ന കർമ്മപദ്ധതിയും കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ടു ക്രിസ്തീയ ദൗത്യം സഭയിലും സമൂഹത്തിലും ഏറ്റവും ഫലപ്രദമായി നിർവഹിക്കുന്നതിന് നമ്മെ ഓരോരുത്തരെയും പ്രാപ്തരാക്കുമെന്നും അതുവഴി, പ്രാദേശികസഭയായ നമ്മുടെ രൂപത കൂടുതലായി ആത്മീയവളർച്ച നേടുമെന്നും വിശ്വാസത്തിൽ ആഴപ്പെടുമെന്നും പ്രത്യാശിക്കുന്നു. കാർഷികമേഖലയോടു ബന്ധപ്പെട്ട പ്രതിസന്ധികൾ, തൊഴിലില്ലായ്മ, മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹികതിന്മകൾ എന്നിങ്ങനെ അനേകം പ്രതിസന്ധികൾ നമുക്കുണ്ട്. ഈ അസംബ്ലിയുടെ വിജയത്തിനായി രൂപതാംഗങ്ങൾ എല്ലാവരും പ്രത്യേകമായി പ്രാർത്ഥിക്കണം.

മർത്ത് മറിയത്തോടും മാർ യൗസേപ്പിനോടും വിശുദ്ധ അൽഫോൻസാമ്മയോടും നമുക്ക് മാധ്യസ്ഥ്യം പ്രാർത്ഥിക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം,

മെത്രാസനമന്ദിരം
പാലാ, 01.11.2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

---

NB: ഈ ഇടയലേഖനം നവംബർ 12 ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന അർപ്പണമുള്ള സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

**ശ്രദ്ധിക്കാൻ**

1. എപ്പാർക്കിയൽ അസംബ്ലിയിൽ സംബന്ധിക്കുന്നവർക്ക് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ താമസസൗകര്യം ക്രമീകരിക്കുന്നതാണ്. നവംബർ 21-ാം തീയതി ചൊവ്വ രാവിലെ 9.30 ന് എല്ലാവരും പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചേരേണ്ടതാണ്.

2. അസംബ്ലിയിൽ സംബന്ധിക്കുന്ന വൈദികർ യാമപ്രാർത്ഥനപുസ്തകം, തിരുവസ്ത്രങ്ങൾ (കൊത്തീന, സുനാറ, ഊറാറ) കരുതേണ്ടതാണ്.

**സർക്കുലർ - 322**

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

ഷംഷാബാദ് രൂപതയിൽപ്പെടുന്ന ഗുജറാത്തിലെ സെന്റ് തോമസ് സബർമതി മിഷനെപ്പറ്റി 26-11-2022 ലെ 308-ാം സർക്കുലറിലൂടെ ഞാൻ ഒരു വിവരണം നൽകിയിരുന്നല്ലോ. 9 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഈ മിഷനിൽ കഴിഞ്ഞ ഡിസംബർ 4-11 വരെ ഞാൻ നേരിട്ടു സന്ദർശിക്കുകയുണ്ടായി. നമ്മുടെ അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ മിഷനിൽ പള്ളികളും വൈദികർക്കുള്ള താമസസൗകര്യങ്ങളും ക്രമീകരിക്കുവാൻ നമുക്കു വലിയ ഉത്തരവാദിത്വമുണ്ട്. "മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശന"ദിനമായ നവംബർ 21 കഴിഞ്ഞുവരുന്ന ഞായറാഴ്ച സബർമതിദിനമായും അന്നത്തെ സംഭാവനകൾ സബർമതിമിഷനുവേണ്ടിയുമാണ് എന്നു ഞാൻ എഴുതിയിരുന്നത് ഈ ഉത്തരവാദിത്വനിർവ്വഹണത്തിന്റെ ഭാഗമായാണ്.

സബർമതി മിഷന്റെ പ്രധാനകേന്ദ്രങ്ങളിൽ സ്ഥലം വാങ്ങുക സാമ്പത്തികമായി അസാധ്യമായതിനാൽ മിഷൻ കേന്ദ്രത്തിന്റെ പ്രധാന ആവശ്യങ്ങൾക്കുതകുന്ന സ്ഥലം ഉൾപ്രദേശത്തു കണ്ടെത്തുവാൻ ശ്രമം നടത്തിവരികയായിരുന്നു. അങ്ങനെ 6 1/2 ഏക്കർ സ്ഥലം കണ്ടെത്താനായതിൽ ദൈവത്തിനു നന്ദി പറയാം. സെന്റൊന്നിന് ഒരു ലക്ഷം രൂപ ചെലവാകുന്ന ഈ സ്ഥലത്തിന്റെ ഏതാനും സെന്റുകൾ വീതം സ്പോൺസർ ചെയ്തുകിട്ടുവാൻ അഭിവന്ദ്യ കൊല്ലംപറമ്പിൽ പിതാവ് നമ്മുടെ 30 ഇടവകകേന്ദ്രങ്ങൾ സന്ദർശിക്കുകയുണ്ടായി. പ്രസ്തുത ഇടവകകളും അവിടങ്ങളിലെ ചില കുടുംബങ്ങളും അവരുടെ പരിമിതികൾക്കിടയിലും ഏതാനും സെന്റ് സ്ഥലത്തിന്റെ വില സ്പോൺസർ ചെയ്യാമെന്നു സന്തോ

ഷത്തോടെ സമ്മതിക്കുകമാത്രമല്ല, അവരിൽ ചിലർ സ്പോൺസർഷിപ്പിന്റെ ആദ്യ ഗഡുക്കൾ ഏൽപ്പിച്ചുകഴിഞ്ഞു എന്നതും വലിയ അഭിമാനം നൽകുന്നുണ്ട്.

ഈ വർഷത്തെ സബർമതിമിഷൻദിനം നവംബർ 26 ഞായറാഴ്ചയാണല്ലോ. അന്നത്തെ സബർമതിദിനസംഭാവന ശേഖരണത്തോടൊപ്പം സ്പോൺസർഷിപ്പിനായി അഭിവന്ദ്യ പിതാവ് നേരിട്ടു സമീപിക്കാത്ത ഇടവകകൾ, പ്രത്യേകിച്ച് 100 കുടുംബങ്ങളിൽ കൂടുതലുള്ള ഇടവകകൾ ഏതാനും സെന്റ് സ്ഥലം സ്പോൺസർ ചെയ്യുകയും സാധിക്കുന്ന കുടുംബങ്ങളെക്കൊണ്ടു സ്പോൺസർ ചെയ്യിപ്പിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കട്ടെ. സംഭാവനയും സ്പോൺസർഷിപ്പും ഡിസംബർ 15-ാം തിയതിക്കകം 'Thoma Marg Religious Trust' എന്ന വിലാസത്തിൽ ചെക്ക് എഴുതി നമ്മുടെ രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

മെത്രാസനമന്ദിരം
പാലാ, 01.11.2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

NB: ഈ സർക്കുലർ നവംബർ 05 കുർബാനമദ്ധ്യേ സന്ദേശമായിട്ടു നൽകുകയോ അല്ലെങ്കിൽ വായിക്കുകയോ ചെയ്യേണ്ടതാണ്.

ഇടയലേഖനം- 75

# മഹത്തായ വിശുദ്ധ കുർബാനയെക്കുറിച്ച്

## ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീ സന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്. നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന് കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

കേരളസഭാനവീകരണസംരംഭത്തിന്റെ ഭാഗമായി നമ്മുടെ രൂപത മുഴുവനിലും വി. കുർബാനയെക്കുറിച്ചുള്ള പ്രബോധനം നടത്തുകയാണ്. GEM 2023- Grand Eucharistic Mission എന്നാണ് ഇത് അറിയപ്പെടുന്നത്. സെപ്റ്റംബർ 16 മുതൽ 22 വരെയുള്ള തീയതികളിലാണ് ഈ പ്രബോധനപരമ്പര രൂപതയിലാകമാനം നടത്തുക. ഇതു സംബന്ധിച്ചുള്ള ക്രമീകരണങ്ങൾ സർക്കുലറിലൂടെ വിശദമായി നൽകിയിട്ടുള്ളതാണ്. ബഹു. വൈദികരും ദൈവജനം ഒന്നാകെയും വി. കുർബാനയുടെ ആഘോഷത്തെക്കുറിച്ചുള്ള ക്ലാസുകളിലും തിരുക്കർമ്മങ്ങളിലും പങ്കുചേരണമെന്ന് ഒരിക്കൽക്കൂടി ഓർമിപ്പിക്കുന്നു. ഈ അവസരത്തിൽ വി. കുർബാനയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചുമുള്ള ഏതാനും ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുകയാണ്.

ആദിമസഭയുടെ പിതാക്കന്മാരുടെ രചനകളെല്ലാം വി. കുർബാനയെ കേന്ദ്രീകരിച്ചാണ്. ലിറ്റർജി-ദൈവാരാധന-

ആദിമസഭയുടെ ജീവന്റെ ഭാഗമായിട്ടാണ് എല്ലാവരും കരുതിപ്പോന്നത്. മധ്യകാലഘട്ടത്തിലെ ദൈവശാസ്ത്രജ്ഞരുടെയും പ്രധാന പഠനവിഷയം വി. കുർബാനതന്നെയായിരുന്നു. വി. കുർബാനയിലാണു രക്ഷാകരസംഭവങ്ങളെല്ലാം കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നതെന്ന് അവർ സഭയെ നിരന്തരം പഠിപ്പിച്ചുകൊണ്ടിരുന്നു. ആധുനികകാലത്ത് രണ്ടാം വത്തിക്കാൻ സൂനഹദോസ്, പ്രത്യേകിച്ച് അതിന്റെ ആദ്യത്തേതും സർവ്വ പ്രധാനവുമായ ലിറ്റർജി– ദൈവാരാധന–എന്ന പ്രമാണ രേഖയിലൂടെ ലിറ്റർജിയും സഭയും ആത്മീയതയും തമ്മിലുള്ള അവിഭാജ്യത ഊന്നിപ്പറയുന്നുണ്ട്. ഉറവിടങ്ങളിൽ അധിഷ്ഠിതമായ ലിറ്റർജിക്കൽ നവീകരണങ്ങൾക്ക് ഈ കൗൺസിൽ കാരണമായി. പിന്നീടുവന്ന പരിശുദ്ധ പിതാക്കന്മാർ ലിറ്റർജിയെക്കുറിച്ചും പ്രത്യേകിച്ച് വി. കുർബാനയെക്കുറിച്ചും ഏറെ ശ്രദ്ധേയമായ പ്രബോധനങ്ങൾ നൽകി. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പായുടെ 'സഭയും വി. കുർബാനയും' (Ecclesia de Eucharistia, 2003) എന്ന ചാക്രികലേഖനവും 'നാഥാ കൂടെ വസിച്ചാലും' (Mane Nobiscum Domine, 2004), 'ഞായറാഴ്ച ആചരണം' (Dies Domini, 1998) എന്നീ പ്രബോധനങ്ങളുമാണ്. 1996-ൽ റോമിലെ പൗരസ്ത്യ സഭകളുടെ കാര്യാലയം പുറപ്പെടുവിച്ച ഉദ്ബോധനം (Intsruction) എന്ന രേഖ പൗരസ്ത്യകാനൻസംഹിതയിലെ ആരാധനക്രമനിയമങ്ങളും വ്യക്തിസഭകൾ സംബന്ധിച്ചുള്ള ഇതര പ്രബോധനങ്ങളും പൗരസ്ത്യസഭകൾ വിശ്വസ്തതയോടെ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തരുന്നു. പിന്നീടുണ്ടായ പ്രബോധനങ്ങൾ പരി. ബെനഡിക്ട് പിതാവിന്റെ 'സ്നേഹത്തിന്റെ കൂദാശ' (Sacramentum Caritatis, 2007), ഇപ്പോഴത്തെ പരി. ഫ്രാൻസിസ് പാപ്പായുടെ 'ഞാൻ അത്യധികം ആഗ്രഹിച്ചു' (Desiderio Desideravi, 2022) എന്നിവയാണ്. കൗൺസിലിനുശേഷമുള്ള ഈ പ്രമാണരേഖകളും ലിറ്റർജിയുടെ, പരി. കുർബാനയുടെ ആഘോഷത്തിന്റെ

മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്കു കാരണമായിട്ടുണ്ട്. തിരുവചനങ്ങളിലും സഭാപിതാക്കന്മാരിലും കൗൺസിൽ പ്രമാണരേഖകളിലും അധിഷ്ഠിതമായ ആഴമായ പഠനങ്ങളാണ് ഇവയെല്ലാം. പ്രാർത്ഥനയുടെ പരിപൂർണ്ണരൂപമാണ് വി. കുർബാന എന്ന് വി. പൗലോസ് മാർപാപ്പ ആവർത്തിച്ചു പറയുമായിരുന്നു.

വി. കുർബാനയിൽ പങ്കെടുക്കാൻ കിട്ടുന്ന ഒരവസരവും നഷ്ടപ്പെടുത്തരുത്. കുർബാനയിൽ സമസ്തരഹസ്യങ്ങളുമുണ്ട്. കുർബാനയിലാണ് എല്ലാവരും ഒന്നിക്കേണ്ടത്. ഒന്നിൽ കൊണ്ടുവരിക, ഒന്നിൽ ചേർക്കപ്പെടുക എന്നൊക്കെ ആദിമ സഭയുടെ പിതാക്കന്മാർ പറഞ്ഞുകൊണ്ടിരുന്നത് ഈ വി. കുർബാനയെക്കുറിച്ചാണ്. പെസഹായിൽ ഓർത്തെടുക്കുന്ന കാര്യങ്ങളെല്ലാം വി. കുർബാനയിൽ ദൈവാരാധനയുടെ അടിസ്ഥാനശിലകളായി മാറുന്നു. ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്ന ഈശോയുടെ വാക്കുകൾ അതുപോലെ തുടരുകയാണ്. ഭൂത-ഭാവി-വർത്തമാനകാലങ്ങളെ എല്ലാം ഒന്നിപ്പിക്കുന്നത് വി. കുർബാനയാണ്. വി. കുർബാനയാണ് കർത്താവിനെക്കുറിച്ചുള്ള ഓർമ്മ. വി. കുർബാനയുടെ ആരാധനയിലാണ് സ്വർഗ്ഗത്തെക്കുറിച്ചുള്ള പ്രത്യാശയിൽ ജീവിക്കാൻ സാധിക്കുന്നത്. വി. കുർബാനയുടെ വിസ്മയത്തിന്റെ തുടർച്ചയാണ് വി. കുർബാനയുടെ ആരാധനയിലും കാണുക.

ഞായറാഴ്ച കർത്താവിന്റെ ദിവസമാണ്. ലത്തീൻ ഭാഷയിൽ ഡോമിനൂസ് (Dominus) എന്നു പറഞ്ഞാൽ ഉത്ഥിതനായ ഈശോ എന്നത്രേ. ഉത്ഥിതനായ ഈശോയുടെ ദിവസത്തിന് ദോമേനിക്കാ (Domenica) എന്നും പറയുന്നു. ഞായറാഴ്ച ആചരണം-വി. കുർബാനയുടെ ആഘോഷമാണ് സഭാജീവിതത്തിലെ സർവ്വപ്രധാനമായ കാര്യം. ഞായറാഴ്ച ആചരണം കൂടാതെ ഞങ്ങൾക്കു ജീവിക്കാൻ സാധ്യമല്ല എന്ന് ആദിമസഭയിലെ വിശ്വാസികൾ വിളിച്ചുപറഞ്ഞതിന്റെ കാരണവും മറ്റൊന്നല്ല. അന്ത്യോഖ്യായിലെ വി. ഇഗ്നേഷ്യ

സിന്റെ വാക്കുകൾ ഏറെ ശ്രദ്ധേയമത്രേ: 'ഞങ്ങൾ കർത്താവിന്റെ ദിവസത്തിന്റെ നിലയ്ക്കാത്ത ജാഗ്രതയിലാണു ജീവിക്കുന്നത്'. അദ്ദേഹത്തിന്റെതന്നെ വാക്കുകളാണ് വി. കുർബാന സഭയെ നിർമ്മിക്കുന്നു, സഭ വി. കുർബാനയെയും എന്നതും.

ക്രൈസ്തവപ്രത്യാശയുടെ മാഹാത്മ്യമറിഞ്ഞവർ സാബത്തിന്റെ പഴയ മനുഷ്യനല്ല, കർത്താവിന്റെ ദിവസത്തിന്റെ മാഹാത്മ്യത്തിൽ ജീവിക്കുന്നവനത്രേ. സാബത്തിൽ കഴിയുന്നവർ ഒരു പ്രത്യേകതരം ചട്ടക്കൂടിന്റെ തടവറക്കാരാണ്. ഞായറാഴ്ചയിലെ ക്രൈസ്തവർ ഭാവിയിലും പ്രത്യാശയിലും ശരണം വയ്ക്കുന്നവരാണ്. എങ്കിലും ക്രൈസ്തവികത രണ്ടിനെയും ഒന്നിപ്പിക്കുന്നു. ആദ്യത്തേതു സൃഷ്ടിയും രണ്ടാമത്തേത് ഉത്ഥാനവും. സൃഷ്ടിയും പുനഃസൃഷ്ടിയുമാണത്. രണ്ടിന്റെയും ഉള്ളടക്കം പരസ്പരബഹിഷ്കാരമല്ല, പരസ്പരവിഭക്തവുമല്ല, പരസ്പരപൂരകങ്ങളാണ്. സാബത്തിന്റെ ആത്മീയമാനം കണ്ടെത്തുന്ന ഏവനും ഞായറാഴ്ചയിലേക്കു പ്രവേശിച്ചു കഴിഞ്ഞു. പരി. ബെനഡിക്ട് പിതാവിന്റെ വാക്കുകളിൽ: "സാബത്തിന്റെ ആത്മീയാർത്ഥം ഞായറാഴ്ചയുടെ ആത്മീയാർത്ഥവുമായി ചേർന്നുപോകുന്നില്ല എന്നു വിചാരിക്കുന്നവർ പഴയനിയമത്തെയും പുതിയനിയമത്തെയും തെറ്റിദ്ധരിച്ചിരിക്കുകയാണ്. പഴയനിയമത്തെ ആത്മീയവീക്ഷണത്തിൽ നോക്കിക്കാണേണ്ടത് പുതിയനിയമത്തിന്റെ അന്തഃസത്തയുടെ ഭാഗമാണ്." ഈ വീക്ഷണത്തിലൂടെമാത്രമേ സൃഷ്ടിയുടെ ആഴങ്ങളിലേക്ക് നമുക്ക് ഇറങ്ങിച്ചെല്ലാനാവൂ. പഴയനിയമത്തിലെ സൃഷ്ടിയുടെ വിവരണം അവഗണിച്ചാൽ, അതായത്, സാബത്ത് നിഷേധിച്ചാൽ ക്രൈസ്തവികതയുടെ അടിസ്ഥാനസ്വഭാവം തന്നെ മാറിപ്പോകും.

വി. കുർബാനയുടെ പ്രാധാന്യവും ഞായറാഴ്ചയുടെ പ്രാധാന്യവും പരസ്പരബന്ധമില്ലാത്ത രണ്ടു കാര്യങ്ങളായി കാണരുത്. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ ഹൃദയത്തിൽ സൂക്ഷിക്കണം. 'ഞായറാഴ്ച എന്നുള്ള വലിയ

സത്യം, WEEKEND (വാരാവസാനം) എന്നുള്ള സ്വാർത്ഥലോകത്തിന്റെ കാഴ്ചപ്പാടിൽ മുങ്ങിപ്പോകാതെ, നഷ്ടപ്പെട്ടുപോകാതെ, നാം ശ്രദ്ധിക്കണം.' ഞായറാഴ്ചയെ ഒരു അവധിദിവസമായി ക്കണ്ട് തരംതാഴ്ത്തരുത്. ഞായറാഴ്ച കർത്താവിന്റെ ദിവസമാണ്, സഭയുടെ ദിവസമാണ്, കുർബാനയുടെ ദിവസമാണ്, മനുഷ്യന്റെ ദിവസമാണ്. സഭ ഒരു ആരാധനാസമൂഹമാണെന്നും, സഭയുടെ ഏറ്റവും ഉത്കൃഷ്ടമായ പ്രവൃത്തി ലിറ്റർജിയാണെന്നും, സഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയും ശക്തിസ്രോതസ്സാണ് വിശുദ്ധ കുർബാന എന്നും നാം ആഴത്തിൽ അനുഭവിച്ചറിയുന്നത് ഞായറാഴ്ച കുർബാനയിലാണ്. വിശുദ്ധ കുർബാനയുടെ ഈ മഹത്ത്വമാണ് നമ്മുടെ രൂപത ഗ്രാൻഡ് കുർബാന മിഷനിലൂടെ മനസ്സിലാക്കേണ്ടതും. സഭ അവളുടെ ജീവൻ സ്വീകരിക്കുന്ന സ്രോതസ്സ് വിശുദ്ധ കുർബാനയാണ്. സഭയുടെ ഐക്യത്തിന്റെ കൗദാശികമായ അടയാളമാണ് വി. കുർബാന. ഓരോ വി. കുർബാനയർപ്പണവും എമ്മാവൂസ് അനുഭവത്തിലേക്കു നമ്മെ ക്ഷണിക്കുന്നു. 'നാഥാ, കൂടെ വസിച്ചാലും' എന്ന ശ്ലൈഹികപ്രബോധനത്തിലൂടെ പരിശുദ്ധ ജോൺപോൾ രണ്ടാമൻ പിതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നതും അതത്രേ. ഈശോയെ അനുഭവിക്കാനുള്ള ആത്യന്തികമായ വഴി വിശുദ്ധ കുർബാനയാണ്. അതിന്റെ ആദ്യപടിയാണ് വചനശ്രവണം. പഴയനിയമവാഗ്ദാനം തന്നിൽ എപ്രകാരം പൂർത്തിയായി എന്ന് ഈശോതന്നെ വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ എമ്മാവൂസ് ശിഷ്യന്മാരുടെ ഹൃദയം ജ്വലിച്ചു. നമ്മുടെ ഗ്രാൻഡ് മിഷന്റെ വളരെ പ്രധാനപ്പെട്ട ഒരു ഭാഗം വചനവ്യാഖ്യാനവും പ്രബോധനവുമാണ്. എന്നാൽ, ഈശോയുടെ ഹൃദയവും, പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യവും ഈശോയുടെ യഥാർത്ഥ സാന്നിധ്യത്തിന്റെ മഹത്ത്വവും നാം തിരിച്ചറിയുന്നത് അവന്റെ സ്ലീവായെ വ്യക്തമാക്കുന്ന അവന്റെ കുർബാനയിലാണ്. കുർബാനയിൽ പങ്കെടുത്തുകഴിയുമ്പോൾ നമുക്കു വഴിതെറ്റിപ്പോകില്ല. സ്വർഗീയജറുസലേമിനെ നോക്കി യാത്ര ചെയ്യാൻ

നമുക്കു തിരിച്ചറിവു ലഭിക്കും. കുർബാനയിലാണു നമ്മുടെ കണ്ണുകൾ തുറക്കപ്പെടുന്നത്. എമ്മാവൂസിൽ സംഭവിച്ചത് അതാണ്. നമ്മുടെ കണ്ണുതുറന്നു എന്നു കണ്ടുകഴിയുമ്പോൾ ഈശോ അപ്രത്യക്ഷനാകും. ഈ ഹൃദയജ്വലനവും കണ്ണു തുറപ്പിക്കൽപ്രക്രിയയും സഭയുടെ ദൗത്യമായിട്ടു മാറുകയാണ്. തന്മൂലം കുർബാനയാകുന്ന ഈശോ നമ്മുടെ ദൗത്യമായി, ചുമതലയായി, ഉത്തരവാദിത്തമായി മാറുകയാണ്.

വി. കുർബാനയെക്കുറിച്ചുള്ള മാർ ആഗസ്തിനോസിന്റെ ചിന്തകൾ നമുക്ക് ആത്മീയ ഉൾക്കാഴ്ച നൽകുന്നതാണ്: "ഞാൻ നിന്നെ ആദ്യം കണ്ടപ്പോൾ (വി. കുർബാനയിൽ) എനിക്കു സ്നേഹവും ഭയവും തോന്നി. കൂടാതെ, ഞാൻ വിറയ്ക്കുകയും കത്തിജ്ജ്വലിക്കുകയും ചെയ്തു. ഞാൻ വിറച്ചത് ഞാനും നീയും തമ്മിലുള്ള അകലംമൂലമാണ്. ഞാൻ കത്തിജ്ജ്വലിച്ചത് ഞാനും നീയും തമ്മിലുള്ള അടുപ്പം കൊണ്ടാണ്." നമ്മുടെ ഗ്രാൻഡ് മിഷനിലൂടെ രൂപത മുഴുവനും വി. കുർബാനയോടുള്ള അടുപ്പംവഴി കത്തിജ്ജ്വലിക്കണം. പൗരസ്ത്യസഭാപിതാക്കന്മാരായ മാർ അപ്രേം, നിനിവേയിലെ മാർ ഐസക്ക്, മാർ തെയഡോർ തുടങ്ങിയവരെല്ലാം വി. കുർബാനയെ കാണുന്നത് രക്ഷാകരപദ്ധതികളെല്ലാം ഉറഞ്ഞുകൂടിയിരിക്കുന്ന അഗ്നിയായും ഔഷധമായും സഭാശരീരത്തിന്റെ ആത്മാവായും തീക്കട്ടയായും തീക്കനൽപ്പാറയായും സഭയിൽനിന്നു മാറ്റിനിർത്തപ്പെടാൻ പറ്റാത്ത യഥാർത്ഥ സാന്നിധ്യവുമായിട്ടാണ്. സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങുകയും ഭൂമി സ്വർഗ്ഗത്തിലേക്ക് ഉയരുകയും ചെയ്യുന്ന രക്ഷാകരപ്രവർത്തനങ്ങളാണു ലിറ്റർജി.

സ്നേഹത്തിന്റെ കൂദാശ എന്ന പ്രബോധനത്തിൽ പരി. ബെനഡിക്ട് പിതാവ് ഇപ്രകാരം പഠിപ്പിക്കുന്നു: "സഭാജീവിത കേന്ദ്രമായ വി. കുർബാന ഉറച്ചു വിശ്വസിക്കപ്പെടേണ്ടതും ഭക്തിയോടെ ആഘോഷിക്കപ്പെടേണ്ടതും ഊഷ്മളതയോടെ ജീവിക്കപ്പെടേണ്ടതുമായ ദിവ്യരഹസ്യമാണ്.' ക്രൈസ്തവ

ലിറ്റർജിക്കൽ ആഘോഷത്തിന്റെ സൗന്ദര്യത്തെക്കുറിച്ചു പരി. ഫ്രാൻസിസ് പിതാവ് പലപ്പോഴും നമ്മെ പഠിപ്പിക്കുന്നുണ്ട്: "സഭാചരിത്രത്തിന്റെയും ക്രൈസ്തവജീവിതത്തിന്റെയും ഊഷരഭൂമിയെ നനയ്ക്കാൻ ലിറ്റർജിക്കുമാത്രമേ കഴിയൂ." വരണ്ട ഭൂമിയെ നനയ്ക്കാനും ഉന്മേഷം കുറഞ്ഞവരെ ചൂടു പിടിപ്പിക്കാനും വി. കുർബാനയ്ക്കുമാത്രമേ കഴിയൂ എന്ന പാപ്പായുടെ പ്രബോധനം ഈ ഗ്രാൻഡ് മിഷനിൽ ഉടനീളം നാം ഹൃദയത്തിൽ സൂക്ഷിക്കണം. ലിറ്റർജിക്കൽ ഫോർമേഷൻ (പരിശീലനം) സഭയ്ക്ക് അത്യന്താപേക്ഷിതമാണെന്ന് പാപ്പാ പഠിപ്പിക്കുന്നു. ലിറ്റർജിയെക്കുറിച്ചും ലിറ്റർജി ഉപയോഗിച്ചു മുള്ള പരിശീലനമാണു വേണ്ടതെന്നും ലിറ്റർജിക്കൽ പരിശീലനം ഒരിക്കലും അവസാനിപ്പിക്കരുതെന്നും പാപ്പ പഠിപ്പിക്കുന്നു. നമ്മുടെ ഗ്രാൻഡ് മിഷൻ രൂപതയ്ക്ക് ആകമാനമുള്ള ഒരു ലിറ്റർജിക്കൽ പരിശീലനമാണ്. സഭയിലെ ഓരോ വ്യക്തിക്കും ഈ പരിശീലനം വേണമെന്നു പാപ്പാ പഠിപ്പിക്കുമ്പോൾ പാപ്പാ പ്രത്യേകം എടുത്തുപറയുന്നത്, എല്ലാവരും ലിറ്റർജിയിലെ പ്രതീകങ്ങളെക്കുറിച്ചു പഠിക്കണമെന്നാണ്. ആധുനിക ലോകം ലിറ്റർജിക്കൽ പ്രതീകങ്ങളിൽനിന്ന് അകന്നുപോയി. പ്രതീകങ്ങൾ എന്തിനുവേണ്ടി ഉപയോഗിച്ചോ, എന്തിനെ പ്രതിനിധാനം ചെയ്യുന്നുവോ, അതു മനസ്സിലാകുന്നില്ലെങ്കിൽ ലിറ്റർജിയുടെ ആഘോഷം ഉപരിപ്ലവംമാത്രമായിരിക്കും എന്നും പാപ്പാ പഠിപ്പിക്കുന്നു. മനുഷ്യർ ഒരിക്കൽക്കൂടി ലിറ്റർജിക്കൽ പ്രതീകങ്ങളിലേക്കു തിരിച്ചുവന്നേ പറ്റൂ എന്ന് പാപ്പാ പറയുമ്പോൾ ഹൃദയംനൊന്തുള്ള ഒരു കരച്ചിലാണ് (heartfelt cry) നടത്തുന്നത്. ഈ സമഗ്രപഠനം നടത്തുമ്പോൾ എല്ലാ തർക്കങ്ങളും ഈ മേഖലയിൽനിന്ന് അപ്രത്യക്ഷമാകുമെന്നും, ഓരോ വിശ്വാസിയും ഈശോയുടെ മരണോത്ഥാനമാകുന്ന വി. കുർബാന എന്ന ദൈവസ്നേഹത്തിന്റെ തീക്കനലിലേക്ക് ആകർഷിക്കപ്പെടുമെന്നും പരി. ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നു.

വി. ജോൺ ക്രിസോസ്തോം വി. കുർബാനയുടെ പ്രായോഗികതലത്തിലേക്കു നമ്മെ എത്തിക്കുന്നുണ്ട്: "അൾ ത്താരയിലെ കുർബാന കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ടത് സഹോദരൻ എന്ന കൂദാശയാണ്. വി. കുർബാനയിൽ പങ്കെ ടുത്തതിനുശേഷം മടങ്ങിവരുന്ന വിശ്വാസിയെ കാണുമ്പോൾ, എത്ര വലിയ ചുഴലിക്കാറ്റിനെയുംകാൾ വേഗത്തിൽ സാത്താൻ പായും, അലറിക്കൊണ്ടു നടക്കുന്ന ഒരു സിംഹത്തിന്റെ വായിൽ നിന്നു പുറപ്പെടുന്ന അഗ്നിസമാനമായ പ്രകാശം കണ്ടാൽ എന്നപോലെ.'' ബ്ലെയ്സ് പാസ്കൽ എന്ന ദാർശനികന്റെ വാക്കുകൾ നമുക്കു മറക്കാതിരിക്കാം: "എനിക്ക് വി. കുർബാന നൽകാൻ നിങ്ങൾക്കു കഴിയുന്നില്ലെങ്കിൽ ഒരു പാവപ്പെട്ടവനെ എന്റെ മുറിയിലേക്കു കടത്തിവിടുക. എന്തെ ന്നാൽ, കർത്താവിന്റെ ശിരസ്സുമായിട്ട് എനിക്കു ബന്ധപ്പെടാൻ കഴിയുന്നില്ലെങ്കിൽ അവന്റെ സഭയിലെ അംഗങ്ങളുമായിട്ടെ ങ്കിലും എനിക്കു ബന്ധപ്പെടാൻ കഴിയുമല്ലോ." നമ്മുടെ രൂപത യിലുള്ള പാവപ്പെട്ടവരെക്കുറിച്ചുള്ള കരുതൽ കൂടിവന്നതിൽ ഏറെ സന്തോഷമുണ്ട്. നമ്മൾ എല്ലാവരും ഒന്നിച്ച് ചെയ്തു കൊണ്ടിരിക്കുന്ന Home Pala പദ്ധതി ഇതിന്റെ ഏറ്റവും നല്ല തെളിവാണ്.

വി. കുർബാനയുടെ ആരാധന സഭയുടെ നിലയ്ക്കാത്ത ശക്തിയാണ്. ഒരു മണിക്കൂർ ഉണർവോടുകൂടി ഇരുന്നു പ്രാർ ത്ഥിക്കുവാൻ നിങ്ങൾക്കു കഴിയുന്നില്ലേ എന്ന ഈശോയുടെ വാക്കുകൾ അമർത്ത്യതയുടെ സ്വഭാവം സൂക്ഷിക്കുന്നു. സ്വർഗ്ഗ ത്തിലെയും ഭൂമിയിലെയും സകല സ്നേഹത്തെയും അതിശയി ക്കുന്ന സ്നേഹമാണ് വി. കുർബാന. ദൈവം സർവ്വശക്ത നെങ്കിലും വി. കുർബാനയെക്കാൾ കൂടുതൽ ഒന്നും നൽകാൻ ശക്തനല്ല. വി. കുർബാനയിലൂടെ ഈശോ തന്നെത്തന്നെ നമുക്കു നല്കുന്നു. ദൈവത്തിന്റെ പരിപൂർണ്ണ സ്നേഹമാണ് വി. കുർബാന. ദൈവത്തിന്റെ കാരുണ്യമാകുന്ന വി. കുർബാ നയിൽ ഈശോയെ ആരാധിക്കാത്തവർ പാപം ചെയ്യു

ന്നുവെന്ന വി. ആഗസ്തിനോസിന്റെ വാക്കുകൾ വളരെ കരുത്തുള്ളതാണ്. ഇതെന്റെ ശരീരം എന്നതിന്റെ അർത്ഥം ഇത് ഞാൻതന്നെയാണ് എന്നത്രേ. വി. കുർബാനയുടെ ആരാധനയെക്കുറിച്ച് പരി. ബെനഡിക്ട് പിതാവ് പറയുന്നു; "ബഹളങ്ങളുടെ ലോകത്ത് നിശ്ശബ്ദതയിലെ വി. കുർബാനയുടെ ആരാധന, ശോഭയും ശാന്തിയും നൽകുന്നു." വി. കുർബാനയോടുള്ള ഭക്തിയാണ് ഭക്തികളുടെ രാജ്ഞി. അദ്ദേഹം തുടർന്നു പറയുന്നു: 'വി. കുർബാനയിലെ ഈശോയെ സന്ദർശിക്കുന്നതാകട്ടെ ജീവിതത്തിലെ എല്ലാ ദിനങ്ങളുടെയും സൗഹൃദത്തിന്റെ നാന്ദിയാണ്'. വി. കുർബാനയെപ്പറ്റി ചിന്തിക്കുന്ന നമ്മുടെ ചിന്തകളെ ദിവ്യകാരുണ്യ ഈശോ രൂപപ്പെടുത്തും എന്ന വി. ഇരണേവൂസിന്റെ വാക്കുകൾ നമുക്കു ശക്തിപകരട്ടെ.

പരിശുദ്ധ പരമ ദിവ്യകാരുണ്യ ഈശോയ്ക്ക് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,



**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 07.09.2023

---

NB: ഈ ഇടയലേഖനം സെപ്തംബർ 10 ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും, വിശുദ്ധ കുർബാന അർപ്പണമുള്ള കുരിശുപള്ളികളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കാൻ നല്കപ്പെട്ടത്.

സർക്കുലർ 321

## നീതി നിഷേധിക്കപ്പെട്ട ദളിത്ക്രൈസ്തവർ

മിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

മഹത്തായ ഒരു ഭരണഘടന നിലനിൽക്കുന്ന ഈ രാജ്യത്ത് ദലിത് ക്രൈസ്തവരുടെ ഭരണഘടനാനീതി നിഷേധിക്കപ്പെട്ടിട്ട് എഴുപത്തിമൂന്നു വർഷം കഴിഞ്ഞിരിക്കുന്നു. പട്ടികജാതിയിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച ഇൻഡ്യയിലെ ദലിത് ക്രൈസ്തവരുടെ സാമാന്യനീതിയാണ് ഇത്രകാലമായി നിഷേധിക്കപ്പെട്ടിരിക്കുന്നത്. ഭരണഘടനയുടെ 15 മുതൽ 25 വരെയുള്ള വകുപ്പുകൾ മതസ്വാതന്ത്ര്യത്തിന്റെ വിശാലമായ ലോകമാണ് ഇൻഡ്യൻ ജനതയ്ക്കു തുറന്നുനൽകുന്നത്. ഏതു മതവും വിശ്വാസവും സ്വീകരിക്കുവാനും അതിന്റെ അനുക്രമമായി ജീവിക്കുവാനും സ്വാതന്ത്ര്യം നൽകുന്ന ഭരണഘടനയാണു നമ്മുടേത്.

കേന്ദ്ര സംസ്ഥാനസർക്കാരുകൾ പിന്നാക്കവിഭാഗങ്ങളെ സംബന്ധിച്ചു പഠിക്കാൻ നിയമിച്ച എല്ലാ കമ്മീഷൻ റിപ്പോർട്ടുകളിലും പട്ടികജാതിയിൽനിന്നു ക്രിസ്തുമതം സ്വീകരിച്ചിട്ടുള്ള അംഗങ്ങളും ഹിന്ദുക്കളായ പട്ടികജാതിക്കാരെപ്പോലെ പിന്നാക്കമാണെന്നും അതിനാൽ, ദലിത് ക്രൈസ്തവർക്കും പട്ടികജാതി സംവരണം നൽകണമെന്നും റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എങ്കിലും നാളിതുവരെ യാതൊരു നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. മാറിമാറിവരുന്ന എല്ലാ ഗവൺമെന്റുകളും ദളിത് ക്രൈസ്തവരുടെ ആവശ്യങ്ങളെ നിരാകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

ദളിത് കത്തോലിക്കരുടെ അവകാശാനുകൂല്യങ്ങളോടു കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്ന നിഷേധാത്മകമായ നിലപാടുകൾക്കെതിരേ നടത്തുന്ന സമരപോ

രാട്ടങ്ങളുടെ ഭാഗമായി, 2023 നവംബർ 1 ബുധനാഴ്ച കേരള പ്പിറവിദിനത്തിൽ ദളിത് കത്തോലിക്കാ മഹാജനസഭ (DCMS) പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ പാലാ കുരിശു പള്ളിക്കവലയിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 3.00 വരെ ഉപവാസധർണ്ണ നടത്തുന്നു. നമ്മുടെ രൂപതയിൽ ദളിത് ക്രൈസ്തവകുടുംബം ഒന്നുപോലും ഇല്ലാത്ത ഇടവകകൾ ചുരുക്കമാണ്. സമൂഹത്തിൽ ഒറ്റപ്പെട്ടുപോയവരെയും ചിതറി ക്കിടക്കുന്നവരെയും ഒന്നിച്ചു ചേർക്കാൻ ഈശോയുടെ ശിഷ്യരെന്ന നിലയിൽ നമുക്കോരോരുത്തർക്കും കടമയുണ്ട്, ദളിത് ക്രൈസ്തവരുടെ നീതിനിഷേധത്തിന് എതിരായുള്ള ഈ ഉപവാസധർണ്ണ വിജയമാക്കി മാറ്റാൻ എല്ലാ ഇടവക കളിൽനിന്നും ദളിത് ക്രൈസ്തവരായ സഹോദരങ്ങളെയും സാധിക്കുന്നപോലെ മറ്റുള്ളവരെയും പങ്കെടുപ്പിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ നേതൃത്വവും മുൻകൈയും എടുക്കണമെന്നും ഞാൻ ഓർമിപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

+ Jos. Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 28.10.2023

NB 1. ഈ സർക്കുലർ ഒക്ടോബർ 29, ഞായറാഴ്ച എല്ലാ ദൈവാലയ ങ്ങളിലും വിശുദ്ധ കുർബാന മധ്യേ വായിക്കാൻ നല്കപ്പെട്ടത്.

2. ധർണ്ണയുടെ പ്രധാനഭാഗം രാവിലെ 10.00 മുതൽ 1.00 വരെ ആയ തിനാൽ ആ സമയത്തെ ജനപങ്കാളിത്തമാണ് ഉറപ്പുവരുത്തേണ്ടത്.

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്


# സഭാനവീകരണവർഷ
# ദിവ്യകാരുണ്യ അനുഭവധ്യാനം

കേരളസഭാനവീകരണത്തിന്റെ ഈ ദിവ്യകാരുണ്യവർഷത്തിൽ ഈശോയുടെ സീമാതീതമായ സ്നേഹത്തിന്റെ ആവിഷ്കാരമായ പരിശുദ്ധ കുർബാനയോട് അനുഭവവേദ്യമായ ഒരു ബന്ധം സ്ഥാപിക്കുവാൻ രൂപത മുഴുവൻ ഒരുങ്ങുകയാണല്ലോ. ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ വാക്കുകളിൽ, "പരി. കുർബാന ആഴത്തിൽ വിശ്വസിക്കേണ്ടതും ഭക്തിയോടുകൂടി പരികർമ്മം ചെയ്യേണ്ടതും തീക്ഷ്ണതയോടുകൂടി ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതുമായ പരിശുദ്ധ രഹസ്യമാണ്. പരി. കുർബാന അർപ്പണംവഴി ഓരോരുത്തരും ദൈവത്തിലേക്ക് അടുക്കുന്നു. ദൈവത്തോട് അടുക്കുന്നവർ സഹോദരരുമായി സ്നേഹത്തിലും ഐക്യത്തിലുമായിരിക്കും." അങ്ങനെ സഭയെ വിശ്വാസത്തിലും സ്നേഹത്തിലും പടുത്തുയർത്തുവാനും സമുദായബോധവും കൂട്ടായ്മയും വളർത്തുവാനും ഈ പരിശുദ്ധ കുർബാനവർഷം കാരണമായിത്തീരും.

നമ്മുടെ രൂപതയിലെ സഭാനവീകരണപ്രവർത്തനങ്ങൾ Grand Eucharistic Mission നോടുകൂടി നാം തുടക്കംകുറിച്ചു. ഇത് രൂപത മുഴുവനും ഒരു നവ്യാനുഭവം സമ്മാനിച്ചുവെന്നത് നിസ്തർക്കമായ കാര്യമാണ്. എല്ലാ ഇടവകകളും വലിയ താത്പര്യത്തോടും സ്നേഹത്തോടുംകൂടെ GEM നെ സ്വീകരിച്ചു. പരിശുദ്ധ കുർബാനയെ കൂടുതൽ അടുത്തറിയുവാനുള്ള ഒരു ദാഹം ദൈവജനത്തിനുണ്ടായിയെന്ന് അവർതന്നെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഇത്തരുണത്തിൽ, ഞാൻ കഴിഞ്ഞ സർക്കുലറിലെ കർമ്മപദ്ധതിയിൽ സൂചിപ്പിച്ചിരുന്ന ദിവ്യകാരുണ്യാനുഭവ വാർഷികധ്യാനം കഴിയുന്നിടത്തോളം

ഈ വരുന്ന വലിയനോമ്പിലും തുടർന്നും നമ്മുടെ എല്ലാ ഇടവകകളിലും നടത്തുന്നതു നന്നായിരിക്കും. മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ഈ ധ്യാനത്തിലൂടെ പരിശുദ്ധ കുർബാനയെപ്പറ്റി കൂടുതൽ പഠിപ്പിക്കാനും പഠിക്കാനും ഇടവരുമല്ലോ. അതിനായി നമ്മുടെ രൂപതയിലെതന്നെ ബഹു. വൈദികരുടെ നേതൃത്വത്തിൽ ഏതാനും ധ്യാനടീമുകളെ നിർദേശിക്കുകയാണ്. നമ്മുടെ എല്ലാ ഇടവകകളെയും ദൈവജനത്തെയും യഥാർത്ഥചൈതന്യത്തിലേക്ക് തിരികെക്കൊണ്ടുവരുവാനും ഈ കാലഘട്ടത്തിന്റെ പ്രത്യേക സാഹചര്യത്തിൽ നമ്മുടെ സമുദായത്തിന്റെ നിലനിൽപ്പും ഭദ്രതയും ഉറപ്പാക്കാൻ ദൈവജനത്തെ ഉദ്ബോധിപ്പിക്കാനുമുതകുന്ന തരത്തിലാണ് ഈ ധ്യാനത്തിന്റെ പ്രഭാഷണങ്ങൾ ക്രമീകരിക്കുന്നത്. പ്ലാറ്റിനം ജൂബിലിയിലേക്കു പ്രവേശിക്കാനൊരുങ്ങുന്ന നമ്മുടെ രൂപതയ്ക്കു ലഭിച്ച ഉണർവ് കൂടുതൽ ശക്തമായി എല്ലാ രൂപതകളിലേക്കും എത്തക്കാൻ ഇതു തീർച്ചയായും കാരണമാകും. ബഹു. അച്ചന്മാർ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,



മെത്രാസനമന്ദിരം
പാലാ, 01.11.2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

# GRAND EUCHARISTIC RETREAT TEAMS

1. Rev. Fr. Joseph Alencheril & Rev. Fr. Joseph Karikulam
2. Rev. Fr. Kurian Anithanam & Rev. Fr. Thomas Vadakkel
3. Rev. Fr. Mathew Kadalikkattil & Rev. Fr. Joseph Vilakkunnel
4. Rev. Fr. Joseph Kaduppil & Rev. Fr. Sebastian Alappattukottayil
5. Rev. Fr. John Kannathanam & Rev. Fr. Thomas Puthuparampil
6. Rev. Fr. George Karamvely & Rev. Fr. James Panachickalkarottu
7. Rev. Fr. Thomas Mannoor & Rev. Fr. Mathew Kumbulunkal
8. Rev. Fr. Dominic Vechoor & Rev. Fr. Cherian (Biju) Kunnackattu
9. Rev. Fr. Berchmans Kunnumpurath & Rev. Fr. Mathew Pullukalayil
10. Rev. Fr. Vincent Moongamackal & Rev. Fr. Sebastian Kuttianickal
11. Rev. Fr. Joseph Kuttiankal & Rev. Fr. Kuriakose Vadakkethakidiyel
12. Rev. Fr. Kurian Mattam & Rev. Fr. George Pullukalayil
13. Rev. Fr. George Varghese Njarakkunnel & Rev. Fr. Joseph Mylapparampil
14. Rev. Fr. Thomas Vazhacharikkal & Rev. Fr. Joseph Mookkenthottathil
15. Rev. Fr. Mathew Punnathanathukunnel & Rev. Fr. Devasiachan Vattappalam
16. Rev. Rev. Fr. Sebastian Thonikkuzhy & Fr. Jacob Vellamaruthunkal
17. Rev. Fr. George Parekunnel & Rev. Fr. Thomas Thayil



# മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 37 –ാം ചരമവാർഷികം

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് നമ്മെ വിട്ടുപിരിഞ്ഞിട്ട് **2023 നവംബർ 21–ാം തീയതി 37 വർഷം** പൂർത്തിയാവുകയാണ്. നവംബർ 21–ാം തീയതി ചൊവ്വാഴ്ച രാവിലെ 6.45 ന് പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ കുർബാനയും കബറിടത്തിങ്കൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

## അറിയിപ്പ്

ബഹുമാനപ്പെട്ട അച്ചന്മാരേ,

ADCP എക്സിക്യൂട്ടീവ് മീറ്റിംഗ് നവംബർ 13-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് നടത്തപ്പെടുന്നു. കഴിഞ്ഞ മീറ്റിങ്ങിനുശേഷമുള്ള മെഡിക്കൽ ബില്ലുകൾ നവംബർ 10-ാം തീയതിക്കുമുമ്പായി ഓഫീസിൽ എത്തിക്കാൻ താത്പര്യപ്പെടുന്നു.

സ്നേഹപൂർവ്വം,

**ഫാ. ബർക്കുമാൻസ് കുന്നുംപുറം**

സെക്രട്ടറി, ADCP

## വൈദികസമ്മേളനം &
## ADCP ജനറൽ ബോഡി മീറ്റിംഗ്

നമ്മുടെ രൂപതയിലെ വൈദികരുടെ സമ്മേളനം (പ്രസ്ബിത്തേരിയം) ഡിസംബർ 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്നു. തുടർന്ന് ADCP ജനറൽ ബോഡിമീറ്റിങ്ങും ഉണ്ടായിരിക്കും.

# COLLECTION LIST 2023

| Sl. No. | Parishes | JESUS FRATERNITY | JUSTICE SUNDAY | MASS MEDIA | SABHADHINAM | SMYM |
|---|---|---|---|---|---|---|
| 1 | ADIVARAM | - | - | - | 325.00 | - |
| 2 | ADUKKAM | - | - | - | - | - |
| 3 | AIMCOMBU | 1,200.00 | 1,200.00 | 1,200.00 | 1,500.00 | 1,500.00 |
| 4 | ALPHONSAGIRI | 500.00 | 500.00 | 500.00 | 500.00 | 500.00 |
| 5 | ALPHONSAPURAM | 500.00 | 500.00 | 500.00 | 500.00 | 500.00 |
| 6 | AMPARANIRAPPEL | 3,500.00 | 4,000.00 | 3,200.00 | 3,000.00 | 2,500.00 |
| 7 | ANTHIALAM | - | - | - | - | - |
| 8 | ANTHINADU | 1,000.00 | 1,100.00 | 1,050.00 | 2,000.00 | 1,050.00 |
| 9 | ARAKULAM NEW | - | 2,400.00 | - | 6,330.00 | 2,100.00 |
| 10 | ARAKULAM OLD | - | - | - | - | - |
| 11 | ARUNAPURAM | 2,000.00 | 2,000.00 | 2,000.00 | 2,000.00 | 2,000.00 |
| 12 | ARUNOOTTIMANGALAM | - | - | - | - | |
| 13 | ARUVITHURA | 19,750.00 | 19,300.00 | 18,250.00 | 10,680.00 | 19,270.00 |
| 14 | AYYAMPARA | - | - | - | 897.00 | 1,485.00 |
| 15 | BHARANANGANAM FORANE | - | 5,000.00 | 5,000.00 | 5,620.00 | 3,450.00 |
| 16 | CHAKKAMPUZHA | 3,000.00 | 3,000.00 | 9,780.00 | 4,192.00 | 10,454.00 |
| 17 | CHEMMALAMATTAM | 5200.00 | 6000.00 | 5100.00 | 16,000.00 | 4,000.00 |
| 18 | CHEMPILAVU | 400.00 | 400.00 | 400.00 | 500.00 | 300.00 |
| 19 | CHENNAD | 1,860.00 | 1,640.00 | 1,600.00 | 3,433.00 | - |

| | | | | | | |
|---|---|---|---|---|---|---|
| 20 | CHERPUMKAL FORANE | 17,000.00 | 16,000.00 | 19,000.00 | 11,414.00 | 10,000.00 |
| 21 | CHETTUTHODU | - | - | - | 3,000.00 | 640.00 |
| 22 | CHITTAR | - | 1,300.00 | - | 1,500.00 | 1,200.00 |
| 23 | CHOLATHADAM | - | - | - | - | - |
| 24 | CHOONDACHERY | - | 750.00 | - | 1,000.00 | 750.00 |
| 25 | EDADU | - | - | - | - | - |
| 26 | EDAMARUKU | 2,100.00 | 2,425.00 | 2,250.00 | 2,600.00 | 2,375.00 |
| 27 | EDAPPADY | - | - | - | - | - |
| 28 | ELAMTHOTTAM | 5,000.00 | 5,000.00 | 3,000.00 | 5,000.00 | 8,000.00 |
| 29 | ELANJI FORANE | - | - | - | - | - |
| 30 | ELAPPALLY | - | - | - | - | - |
| 31 | ERAVIMANGALAM | - | - | - | - | - |
| 32 | EZHACHERRY | 1,200.00 | 1,100.00 | 1,000.00 | 1,500.00 | 500.00 |
| 33 | FATHIMAPURAM | 1,000.00 | 1,500.00 | 750.00 | 1,500.00 | 750.00 |
| 34 | GAGULTHA | 500.00 | 500.00 | 500.00 | 1,000.00 | 500.00 |
| 35 | GEOVALLY | - | 650.00 | - | 3,000.00 | 550.00 |
| 36 | IDAMATTAM | - | - | - | - | - |
| 37 | JAIGIRI | - | - | - | 2,000.00 | 500.00 |
| 38 | JOSE MOUNT | - | - | - | 750.00 | 570.00 |
| 39 | JOSEGIRI | - | - | - | 1,100.00 | 1,000.00 |
| 40 | KADANAD | 4,100.00 | 5,000.00 | 3,850.00 | 4,800.00 | 4,200.00 |
| 41 | KADAPLAMATTAM | 3,000.00 | 3,000.00 | 3,000.00 | 3,000.00 | 1,500.00 |

| | | | | | | |
|---|---|---|---|---|---|---|
| 42 | KADUTHURUTHY | - | - | - | - | - |
| 43 | KAIPPALLY | 500.00 | 500.00 | 500.00 | 1,000.00 | 500.00 |
| 44 | KAKKOOR | - | - | - | - | - |
| 45 | KAKKOMBU | 800.00 | 1,000.00 | 800.00 | - | - |
| 46 | KALATHOOKADAVU | - | - | - | - | - |
| 47 | KALATHOOR | - | - | - | - | - |
| 48 | KALIKAVU | 5,000.00 | 13,368.00 | 6,000.00 | 7,037.00 | 5,000.00 |
| 49 | KANJIRAMATTAM | 1,500.00 | 2,000.00 | 1,500.00 | 3,000.00 | 2,000.00 |
| 50 | KANJIRATHANAM | 3,500.00 | 6,500.00 | 3,100.00 | 3,000.00 | 3,212.00 |
| 51 | KARIMPANY | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 1,000.00 |
| 52 | KAROOR | - | - | - | 3,350.00 | 2,600.00 |
| 53 | KATTAMPAK | - | - | - | 1,000.00 | 550.00 |
| 54 | KAVALY | 500.00 | 500.00 | 500.00 | 700.00 | 500.00 |
| 55 | KAVEEKUNNU | - | - | - | 1,000.00 | 1,000.00 |
| 56 | KAVUMKANDAM | 2,000.00 | 2,000.00 | 2,000.00 | 2,000.00 | 1,500.00 |
| 57 | KAYYOOR | - | - | - | 2,000.00 | 500.00 |
| 58 | KEEZHOOR | - | - | - | 2,500.00 | 1,000.00 |
| 59 | KIZHAPARAYAR | 1,200.00 | 1,500.00 | 1,100.00 | 3,105.00 | 1,275.00 |
| 60 | KIZHATHADIYOOR | 13,880.00 | 13,485.00 | 14,265.00 | 8,040.00 | 12,910.00 |
| 61 | KONDAD | 300.00 | 400.00 | 300.00 | 850.00 | 300.00 |
| 62 | KOODALLOOR | - | - | - | 5,000.00 | 3,000.00 |
| 63 | KOOTHATTUKULAM | 4,300.00 | 5,000.00 | 2,000.00 | 5,000.00 | 5,000.00 |
| 64 | KOOTTIKAL | - | - | - | 3,100.00 | 2,000.00 |

| | | | | | | |
|---|---|---|---|---|---|---|
| 65 | KOTHANALLOOR | 10,500.00 | 12,500.00 | 9,000.00 | 10,000.00 | 12,000.00 |
| 66 | KOZHUVANAL | - | - | - | 12,100.00 | - |
| 67 | KUDAKKACHIRA | - | - | - | - | - |
| 68 | KUDAYATHOOR | 1,150.00 | 1,300.00 | 1,100.00 | 1,250.00 | 1,100.00 |
| 69 | KULAMAVU | - | - | - | - | - |
| 70 | KUNNONNI | 3,000.00 | 3,000.00 | 3,000.00 | 3,000.00 | 3,000.00 |
| 71 | KURAVILANGAD | 10,500.00 | 16,000.00 | 11,000.00 | 53,990.00 | 10,000.00 |
| 72 | KURICHITHANAM | 6,400.00 | 8,670.00 | 6,500.00 | 7,910.00 | 11,430.00 |
| 73 | KURINJI | - | - | - | - | - |
| 74 | KURUMANNU | 850.00 | 1500.00 | 1000.00 | 2000.00 | 1200.00 |
| 75 | KURUVINAL | - | - | - | 1,000.00 | 1,000.00 |
| 76 | LALAM NEW PALAI | 15,807.00 | 15,173.00 | 13,387.00 | 5,580.00 | 15,014.00 |
| 77 | LALAM OLD PALAI | 10,152.00 | 10,155.00 | 10,100.00 | 13,000.00 | 10,700.00 |
| 78 | LOURDES MOUNT | - | - | - | - | - |
| 79 | MALAPURAM | 2,100.00 | 2,200.00 | 2,000.00 | 2,000.00 | 2,500.00 |
| 80 | MALAYINCHIPARA | 1,100.00 | 1,200.00 | 1,000.00 | 2,400.00 | 1,000.00 |
| 81 | MALLIKASSERY | 1,900.00 | 1,800.00 | 1,750.00 | 2,000.00 | 2,000.00 |
| 82 | MANALUMKAL | 1,500.00 | 1,500.00 | 1,500.00 | 2,500.00 | 1,000.00 |
| 83 | MANATHOOR | 1,000.00 | 2,000.00 | 1,000.00 | 9,000.00 | 1,000.00 |
| 84 | MANGALAGIRI | - | - | - | - | - |
| 85 | MANGALARAM | - | - | - | - | - |
| 86 | MANIAMKULAM | - | - | - | - | - |
| 87 | MANIAMKUNNU | - | - | - | 1,100.00 | - |

| | | | | | | |
|---|---|---|---|---|---|---|
| 88 | MANJAMATTAM | 1,260.00 | 1,210.00 | 1,140.00 | 1,410.00 | 1,135.00 |
| 89 | MANNACKANAD | 1,200.00 | 1,200.00 | 1,200.00 | 5,000.00 | 1,500.00 |
| 90 | MANNAR | 2,000.00 | 11,880.00 | 2,000.00 | 5,697.00 | 2,000.00 |
| 91 | MANNARAPPARA | 6,148.00 | 6,250.00 | 6,000.00 | 12,000.00 | 5,000.00 |
| 92 | MANVETTAM | - | - | - | - | - |
| 93 | MARANGATTUPALLY | 2,000.00 | 4,500.00 | 1,000.00 | 8,500.00 | 3,750.00 |
| 94 | MARANGOLY | 4366.00 | 3289.00 | 3405.00 | 5,500.00 | 6,829.00 |
| 95 | MARYLAND | - | - | - | - | - |
| 96 | MATTAKKARA | - | - | - | 2,000.00 | 1,500.00 |
| 97 | MAVADY | - | - | - | - | - |
| 98 | MEENACHIL | 2,090.00 | 1,960.00 | 1,840.00 | 2,130.00 | 2,450.00 |
| 99 | MELUKAVUMATTAM | - | - | - | - | - |
| 100 | MEVIDA | - | - | - | - | - |
| 101 | MONIPPALLY | 3,200.00 | 3,000.00 | 3,500.00 | 4,000.00 | 3,000.00 |
| 102 | MOOLAMATTAM | - | 6,540.00 | - | 7,950.00 | 7,410.00 |
| 103 | MOONNANI | - | - | - | - | - |
| 104 | MOONNILAVU | - | - | - | - | - |
| 105 | MOOZHOOR | - | - | - | 4,000.00 | 3,000.00 |
| 106 | MULAKULAM | - | - | - | - | - |
| 107 | MUNDANKAL | 4,000.00 | 7,000.00 | 5,000.00 | 8,000.00 | 8,500.00 |
| 108 | MUTHOLAPURAM | 4,000.00 | 3,500.00 | 4,000.00 | 6,000.00 | 2,000.00 |
| 109 | MUTHOLY | - | - | - | 2,296.00 | 4,864.00 |
| 110 | MUTTUCHIRA FORANE | 3,000.00 | 15,403.00 | 3,000.00 | 28,973.00 | 3,850.00 |

| | | | | | | |
|---|---|---|---|---|---|---|
| 111 | NAMBIAKULAM | 3,000.00 | 3,500.00 | 3,000.00 | 2,700.00 | - |
| 112 | NARIANGANAM | - | - | - | - | - |
| 113 | NEELOOR | - | 2,000.00 | 2,000.00 | 2,000.00 | 2,000.00 |
| 114 | NEERANTHANAM | - | - | - | 5,650.00 | 2,250.00 |
| 115 | NELLAPPARA | - | - | - | 500.00 | 500.00 |
| 116 | NELLIANI | 1,400.00 | 1,700.00 | 1,200.00 | 1,220.00 | 2,400.00 |
| 117 | PADUVA | 11,251.00 | 11,376.00 | 10,940.00 | 10,482.00 | 8,236.00 |
| 118 | PAIKA | - | - | - | - | - |
| 119 | PAINGULAM | - | - | - | 1,500.00 | - |
| 120 | PALAI CATHEDRAL | 25,000.00 | 35,000.00 | 25,000.00 | 27,000.00 | 30,000.00 |
| 121 | PALAKAD | 500.00 | 500.00 | 500.00 | 2,500.00 | 500.00 |
| 122 | PALAKATTUMALA | 1,180.00 | 1,185.00 | 1,125.00 | 1,450.00 | 1,200.00 |
| 123 | PALAYAM | 900.00 | 850.00 | 1,100.00 | 1,400.00 | 900.00 |
| 124 | PARATHANAM | - | - | - | - | - |
| 125 | PAYYANITHOTTAM | - | - | - | 1,000.00 | 1,000.00 |
| 126 | PERIAPURAM | - | - | - | - | - |
| 127 | PERINGULAM | 1,500.00 | 1,500.00 | 1,500.00 | 3,000.00 | 2,000.00 |
| 128 | PERUMTHURUTH | 500.00 | 500.00 | 500.00 | 1,000.00 | 500.00 |
| 129 | PIRAVOM | 500.00 | 500.00 | 500.00 | 1,000.00 | 500.00 |
| 130 | PIUSMOUNT | 1,100.00 | - | 950.00 | 1,250.00 | 1,000.00 |
| 131 | PIZHAKU(URUMPUKAVU) | 1,000.00 | 1,000.00 | 1,000.00 | 2,500.00 | 1,000.00 |
| 132 | PLASSANAL | 2,222.00 | 4,444.00 | 1,111.00 | 19,009.00 | 2,222.00 |
| 133 | POONJAR | 3,000.00 | 5,000.00 | 2,000.00 | - | 3,000.00 |

| | | | | | | |
|---|---|---|---|---|---|---|
| 134 | POOVAKULAM | 560.00 | 800.00 | 630.00 | 700.00 | 420.00 |
| 135 | POOVARANY | - | - | - | 2,000.00 | 2,000.00 |
| 136 | POOVATHODU | - | - | - | 1,050.00 | 700.00 |
| 137 | POOZHIKOL | - | - | - | - | - |
| 138 | PRAVITHANAM | - | - | - | - | - |
| 139 | RAMAPURAM | - | - | - | 10,000.00 | 10,000.00 |
| 140 | RATNAGIRI | 15,000.00 | 17,500.00 | 8,500.00 | 10,500.00 | 9,500.00 |
| 141 | SANTHIGIRI | - | - | - | - | - |
| 142 | SANTHIPURAM | - | - | - | 2,000.00 | 1,000.00 |
| 143 | SIBIGIRI | - | - | - | - | - |
| 144 | SLIVAPURAM | 1,100.00 | 1,250.00 | 1,100.00 | 1,100.00 | 1,000.00 |
| 145 | TEEKOY | - | - | - | 10,363.00 | - |
| 146 | THAKADI | 250.00 | 250.00 | 250.00 | 250.00 | 250.00 |
| 147 | THIDANAD | - | 2,600.00 | 2,650.00 | 4,000.00 | - |
| 148 | THIRUMARADY | - | - | - | - | - |
| 149 | THODANAL | 2,544.00 | 2,672.00 | 1,862.00 | 2,435.00 | 2,674.00 |
| 150 | THUDANGANAD FORANE | - | - | - | - | - |
| 151 | THURUTHIPALLY | - | - | - | 2,100.00 | 1,800.00 |
| 152 | UDAYAGIRI | 2,000.00 | 2,000.00 | 2,000.00 | 1,917.00 | 2,000.00 |
| 153 | ULLANAD | - | - | - | 6,200.00 | 2,500.00 |
| 154 | URULIKUNNAM | 1,100.00 | 1,050.00 | 2,000.00 | 1,300.00 | 1,200.00 |
| 155 | VADAKARA | 1,500.00 | 1,500.00 | 1,500.00 | 2,500.00 | 1,500.00 |
| 156 | VAGAMON | - | - | - | 750.00 | 560.00 |

| | | | | | | |
|---|---|---|---|---|---|---|
| 157 | VAKAKKAD | - | - | - | 2,000.00 | 2,500.00 |
| 158 | VAKKAD | 400.00 | 600.00 | 400.00 | 600.00 | 400.00 |
| 159 | VALACHIRA | - | - | - | 3,360.00 | 2,500.00 |
| 160 | VALAVOOR | - | 1,860.00 | 1,480.00 | 2,760.00 | - |
| 161 | VARIANIKKAD | 725.00 | - | 750.00 | 740.00 | 705.00 |
| 162 | VAYALA | - | 1,600.00 | - | 2,400.00 | 2,150.00 |
| 163 | VEDAGIRI | 1,200.00 | 1,300.00 | 1,200.00 | 3,000.00 | 1,400.00 |
| 164 | VELANILAM | - | - | - | - | - |
| 165 | VELLIAMATTAM | - | - | - | - | - |
| 166 | VELLIKULAM | 750.00 | 600.00 | 800.00 | 800.00 | - |
| 167 | VEZHANGANAM | 350.00 | - | 300.00 | 500.00 | 250.00 |
| 168 | VILAKUMADAM | - | - | - | 5,000.00 | 4,000.00 |
| 169 | VIMALAGIRI | - | - | - | 500.00 | 600.00 |
| 170 | XAVIERPURAM | - | - | - | 2,290.00 | 512.00 |
| 171 | YENTHAYAR | 4,000.00 | 5,000.00 | 3,000.00 | 3,000.00 | 4,000.00 |
| | **INSTITUTIONS** | | | | | |
| 172 | KALLORKULAM CHAPEL | | | | | 670.00 |
| 173 | VALAKATTU KUNNU CHAPEL | | | | | 1,000.00 |

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1 | മേരി സെബാസ്റ്റ്യൻ കടപ്ലാമറ്റം | 20,000.00 | |
| 2 | ലൈല കെ. രാജൻ പൂഞ്ഞാർ | 10,000.00 | |
| 3 | മാത്യു ഇലഞ്ഞി | 20,000.00 | |
| 4 | സുനിത കൈപ്പള്ളി | 30,000.00 | |
| 5 | ആലീസ് കുന്നോന്നി | 15,000.00 | |
| 6 | എം.ജെ. ജോസ് പ്രവിത്താനം | 50,000.00 | |
| 7 | മറിയാമ്മ വർക്കി പാലയ്ക്കാട്ടുമല | 15,000.00 | |
| 8 | സുനിത തിടനാട് | | 816,000.00 |
| 9 | അരുൺ മീനച്ചിൽ | | 400,000.00 |
| 10 | ജിനോ മീനച്ചിൽ | | 600,000.00 |
| 11 | ക്ലാര മീനച്ചിൽ | | 450,000.00 |
| 12 | തോമസ് മീനച്ചിൽ | | 800,000.00 |
| 13 | ജോസഫ് മറ്റത്തിപ്പാറ C/O CMC | | 500,000.00 |
| 14 | ജാൻസി ഇഗ്നേഷ്യസ് പാലാ C/O CMC | | 8,000.00 |
| 15 | മേരി ഷിനി രാമപുരം C/O CMC | | 20,000.00 |
| 16 | ഷോണി സെബാസ്റ്റ്യൻ പാലാ C/O CMC | | 25,000.00 |
| 17 | ജോൺ കെ.എം. മുത്തോലി C/O CMC | | 50,000.00 |
| 18 | സാബു അരുണാപുരം | | 950,000.00 |

## സ്ഥലം നൽകിയത്

| | | | |
|---|---|---|---|
| 1 | അപ്പച്ചൻ അമ്പഴത്തിനാൽ കൊഴുവനാൽ | 82 Cent | |

## സാമ്പത്തികസഹായം നൽകിയവർ

| | | | |
|---|---|---|---|
| 1 | ജോജോ നമ്പുടാകത്ത് തിടനാട് | 816,000.00 | |
| 2 | വട്ടക്കാട്ട് ഫാമിലി | 800,000.00 | |
| 3 | കാനാട്ട് ഫാമിലി | 450,000.00 | |
| 4 | പീരുമണ്ണിൽ ഫാമിലി | 600,000.00 | |
| 5 | മനോജ് & ഫാമിലി | 400,000.00 | |
| 6 | കല്ലുകുന്നേൽ ഫാമിലി & Benefactors | 1,500,000.00 | |
| 7 | വട്ടമല ഫാമിലി | 1,100,000.00 | |
| 8 | മാളിയേക്കൽ ഫാമിലി | 846,800.00 | |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ എല്ലാ ചൊവ്വാഴ്ചകളിലും സ്റ്റാഫ് നഴ്സസിനായി വാക്ക് - ഇൻ - ഇന്റർവ്യൂ**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ നടത്തിവരുന്നു. ജി. എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനുമുള്ളവർക്കു പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ലോകഹൃദയാരോഗ്യദിന ബോധവത്കരണപരിപാടി നടത്തി**

ലോകഹൃദയാരോഗ്യദിനത്തിന്റെ ഭാഗമായി പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഹൃദയാരോഗ്യത്തിന്റെ സന്ദേശവുമായി ബോധവത്കരണപരിപാടി നടത്തി. ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിങ് കോളജ്, റോയൽ എൻഫീൽഡ് എന്നിവയുമായി സഹകരിച്ചായിരുന്നു പരിപാടി. പൊതുജനങ്ങളിൽ രോഗപ്രതിരോധത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും, ആരോഗ്യമുള്ള ശരീരം കാത്തുസൂക്ഷിക്കാനും ലക്ഷ്യമിട്ടായിരുന്നു പരിപാടി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. പാലാ ഡി.വൈ.എസ്.പി. എ.ജെ. തോമസ് ഉദ്ഘാടനം ചെയ്തു. പാലാ സെന്റ് തോമസ് കോളജ്, പാലാ അൽഫോൻസ കോളജ്, കൊട്ടാരമറ്റം ബസ് സ്റ്റാൻഡ്, ടൗൺ ബസ് സ്റ്റാൻഡ്, ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിങ് കോളജ് എന്നിവിടങ്ങളിലും ബോധവത്കരണപരിപാടികൾ അരങ്ങേറി. പുൾ അപ്പ് ചലഞ്ച്, ഫ്ളാഷ് മോബ്, ബുള്ളറ്റ് റാലി എന്നിവയോടെ നടത്തിയ പരിപാടി വിദ്യാർഥികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തിൽ ജനശ്രദ്ധ ആകർഷിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ മുട്ടുമാറ്റിവയ്ക്കൽ സൗജന്യ ശസ്ത്രക്രിയപദ്ധതിക്ക് തുടക്കമായി.**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന മുട്ടുമാറ്റിവയ്ക്കൽ സൗജന്യശസ്ത്രക്രിയാപദ്ധതിയായ 'ചുവടി'ന്റെ ഔദ്യോഗികപ്രഖ്യാപനം നടത്തി. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ ചന്ദ്രയാൻ 3 ദൗത്യത്തിൽ നിർണായകപങ്കുവഹിച്ച ശാസ്ത്രജ്ഞരായ ടി.ആർ. ഹരിദാസ്, ആനന്ദവല്ലി എസ്. ദമ്പതികൾ ചേർന്നു പ്രഖ്യാപനം നിർവഹിച്ചു. മാർ സ്ലീവാ മെഡിസിറ്റി അഞ്ചാം വർഷത്തിലേക്കു പ്രവേശിക്കുന്നതിന്റെയും 2000 മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ പൂർത്തിയാക്കിയതിന്റെയും ഭാഗമായി തിരഞ്ഞെടുക്കപ്പെടുന്ന പത്തുപേർക്ക് തികച്ചും സൗജന്യമായും ഇരുന്നൂറുപേർക്ക് സൗജന്യനിരക്കിലും ശസ്ത്രക്രിയകൾ ചെയ്തുനൽകുന്ന പദ്ധതിയാണ് ചുവട്. പേട്രൺസ് കെയർ ഫണ്ടിൽനിന്നുള്ള തുക ഉപയോഗിച്ചാണു പദ്ധതി നടപ്പാക്കുന്നത്. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ഓർത്തോപീഡിക്സ് വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ. ഒ.ടി. ജോർജ്, ഡോ. രാജീവ് പി.ബി. എന്നിവർ പ്രസംഗിച്ചു.

**ഐ.എസ്.ആർ.ഒ. ശാസ്ത്രജ്ഞർക്ക് മാർ സ്ലീവാ മെഡിസിറ്റിയുടെ ആദരവ്**

ചന്ദ്രയാൻ 3 ദൗത്യത്തിനുപിന്നിൽ പ്രവർത്തിച്ച ഐ.എസ്.ആർ.ഒ. ശാസ്ത്രജ്ഞരും കുമ്മണ്ണൂർ സ്വദേശികളുമായ ടി.ആർ. ഹരിദാസ് – ആനന്ദവല്ലി ദമ്പതികൾക്ക് പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ സ്വീകരണം നൽകി. ഇരുവരെയും പൊന്നാടയും മൊമെന്റോയും നൽകി പാലാരൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആദരിച്ചു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ 74 കാരനു ടിവാർ ശസ്ത്രക്രിയ നടത്തി**

ഹൃദയധമനിയിൽ വീക്കം കണ്ടെത്തിയ 74 വയസ്സുള്ള രോഗി, പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ ടിവാർ (തൊറാസിക് എൻഡോവാസ്കുലർ അയോർട്ടിക് റിപ്പയർ) ശസ്ത്രക്രിയയിലൂടെ

സുഖം പ്രാപിച്ചു. ഇടുക്കി സ്വദേശിക്കാണു ശസ്ത്രക്രിയ നടത്തിയത്. ഒരു വർഷംമുമ്പ് വയറ്റിൽ വേദനയെത്തുടർന്നു നടത്തിയ പരിശോധനയിൽ രോഗിയുടെ ഹൃദയത്തിൽനിന്നുള്ള പ്രധാന രക്തധമനിയിൽ വീക്കം കണ്ടെത്തി. തുടർന്നു നടത്തിയ ശസ്ത്രക്രിയയിലൂടെ രോഗം മാറി. അടുത്തിടെ രോഗിയുടെ മലത്തിലൂടെ രക്തംപോകുന്നതു കണ്ടതിനെത്തുടർന്നു വീണ്ടും ചികിത്സ തേടുകയായിരുന്നു. ആൻജിയോഗ്രാം പരിശോധനയിൽ രക്തധമനിയിൽ വീണ്ടും വീക്കം കണ്ടെത്തി. പ്രായമുള്ള രോഗിയായതിനാൽ ആധുനികരീതിയിലുള്ള ടിവാർ ശസ്ത്രക്രിയയാണു നിർദേശിച്ചത്. ഇടുപ്പുഭാഗത്തു ചെറിയ സുഷിരമിട്ടശേഷം സ്റ്റെൻഡ് കടത്തി വിട്ട് രക്തധമനിയിലെ വീക്കം പരിഹരിക്കുന്ന ചികിത്സയാണിത്. വലിയ മുറിവില്ല എന്നതും പെട്ടെന്നുതന്നെ ഡിസ്ചാർജായി മടങ്ങാം എന്നതും ഈ ചികിത്സയുടെ പ്രത്യേകതയാണ്. കാർഡിയാക് തൊറാസിക് ആൻഡ് വാസ്കുലർ സർജറിവിഭാഗത്തിലെ സീനിയർ കൺസൽട്ടന്റ് ഡോ. കൃഷ്ണൻ സി, കാർഡിയാക് അനസ്തേഷ്യവിഭാഗം സീനിയർ കൺസൽട്ടൻറ് ഡോ. നിതീഷ് പി.എൻ. എന്നിവരുടെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ.

**ചെങ്ങളം സെന്റ് ആന്റണീസ് തീർത്ഥാടനദൈവാലയത്തിൽ സൗജന്യമെഡിക്കൽ ക്യാമ്പ് നടത്തി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചെങ്ങളം സെന്റ് ആന്റണീസ് തീർത്ഥാടനദൈവാലയത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. മാർ സ്ലീവാ മെഡിസിറ്റിയിലെ വിവിധ വിഭാഗങ്ങളിലെ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി. പി.ഡി.എസ്. ചെങ്ങളം ഫെഡറേഷൻ, മഹാത്മാ എസ്.എച്ച്.ജി ഇല്ലിക്കോൺ എന്നിവയുമായി സഹകരിച്ചായിരുന്നു പരിപാടി.

**ബോധവത്കരണക്ലാസ് നടത്തി**

പാലാ മഹാത്മാഗാന്ധി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ മാനസികാരോഗ്യസംരക്ഷണം എന്ന വിഷയത്തിൽ പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ബോധവത്കരണക്ലാസ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ഏയ്ഞ്ചൽ തോമസ് ക്ലാസ് നയിച്ചു. ദേശീയ ന്യൂട്രീഷൻ മാസാചരണം നടത്തി

**പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ദേശീയന്യുട്രീഷൻ മാസം ആചരിച്ചു**

പൊതുജനങ്ങൾക്കായി വിവിധ പോഷകാഹാരങ്ങളെക്കുറിച്ച് അറിവുപകർന്ന് ബോധവത്കരണപരിപാടിയും പ്രദർശനവും നടത്തി.

**ഡോ. തരുൺ ലോറൻസ് ചുമതലയേറ്റു**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ നെഫ്രോളജിവിഭാഗം കൺസൾട്ടന്റായി ഡോ. തരുൺ ലോറൻസ് എം.ബി.ബി.എസ്, എം.ഡി., ഡി.എം. (നെഫ്രോളജി) ചുമതലയേറ്റു.

**ഡോ. ജോസ് കുന്നേൽ പോൾ ചുമതലയേറ്റു**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ന്യൂറോളജി വിഭാഗം കൺസൾട്ടന്റായി ഡോ. ജോസ് കുന്നേൽ പോൾ എം.ബി.ബി.എസ്., എം.ഡി., ഡി.എം. (ന്യൂറോളജി), ഡി.എൻ.ബി (ന്യൂറോളജി) ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപത മെത്രാൻ)
ബിഷപ് മാർ തോമസ് തറയിൽ (ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത)
ബിഷപ് മാർ സെബാസ്റ്റ്യൻ കല്ലുപുരയ്ക്കൽ (പാട്ന മെത്രാൻ)
ബിഷപ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ (പാലക്കാട് രൂപത മെത്രാൻ)

കപ്പുച്ചിൻ സഭയിലെ മേജർ സുപ്പീരിയേഴ്സിന്റെ കോൺഫറൻസ് അംഗങ്ങളായ ബഹു. വൈദികർ വി. അൽഫോൻസ ഷ്റൈൻ ചാപ്പലിൽ ഒക്ടോബർ 12 ന് രാവിലെ 6.45 ന് സമൂഹബലി അർപ്പിച്ചു പ്രാർത്ഥിച്ചു. കോട്ടയം OFM Cap. പ്രൊവിൻഷ്യൽ വെരി റവ. ഫാ. ജോർജ് ആന്റണി ആശാരിചേരിൽ മുഖ്യകാർമ്മികനായിരുന്നു. OFM Cap. ജനറാൾ റോബർട്ട് ഉജൈജൻ OFM, OFM Cap. ന്റെ ജനറൽ കൗൺസിലേഴ്സ് അംഗങ്ങൾ, കൂടാതെ തൊണ്ണൂറോളം OFM Cap. വൈദികരും വി. കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു.

കാരിത്താസ് ഇന്ത്യയുടെ ഇന്റർനാഷണൽ മീറ്റിംഗിൽ സംബന്ധിക്കാനെത്തിയ 175 വൈദികർ ഒക്ടോബർ 13 ന് വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിക്കുകയും ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. മാർ സെബാസ്റ്റ്യൻ കല്ലുപുരയ്ക്കൽ (ചെയർമാൻ, കാരിത്താസ് ഇന്ത്യ), റവ. ഡോ. പോൾ മുഞ്ഞേലി (എക്സിക്യൂട്ടീവ് ഡയറക്ടർ, കാരിത്താസ് ഇന്ത്യ) എന്നിവർ സഹകാർമ്മികരായിരുന്നു.

**ഡീക്കൻ മിനിസ്ട്രി**

ആറുമാസക്കാലമായി വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന സി.എം.ഐ. സഭാംഗമായ ഡീക്കൻ സനൂപ് കാഞ്ഞിരക്കാട്ടു തൊട്ടിയിലും അഡോർണോ സഭാംഗമായ ഡീക്കൻ അജോ കളത്തിലും തീർത്ഥാടനകേന്ദ്രത്തിലെ തങ്ങളുടെ ശുശ്രൂഷകൾ പൂർത്തീകരിച്ചശേഷം പൗരോഹിത്യസ്വീകരണത്തിന്റെ ഒരുക്കങ്ങൾക്കായി തങ്ങളുടെ ആശ്രമങ്ങളിലേക്കു തിരികെപ്പോയി. ഡീക്കന്മാർ ചെയ്ത എല്ലാ ശുശ്രൂഷകളും നന്ദിയോടെ ഓർക്കുന്നു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കുവേണ്ടി 2023 ഒക്ടോബർ 1 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് പരിശുദ്ധ കുമ്പസാരവും വി. കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

2023 ഒക്ടോബർ 28 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ രാത്രിയാരാധന നടത്തപ്പെട്ടു. വി. കുർബാനയോടെ ആരംഭിച്ച ആരാധന 29 ഞായറാഴ്ച രാവിലെ 5 മണിക്ക് വി കുർബാനയോടെ സമാപിച്ചു.

**ജപമാലപ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചുമണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസിസമൂഹത്തിന്റെ കൂട്ടായ്മയിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയംചുറ്റി നടത്തിവരുന്ന ജപമാലപ്രദക്ഷിണത്തിന് ഒക്ടോബർമാസം നേതൃത്വം നൽകിയ ഇടവകകൾ: കയ്യൂർ (07/10/2023), മേരിലാന്റ് (14/10/2023), മേലുകാവുമറ്റം (21/10/2023), ജിയോവാലി (28/10/2023 ).

നവംബർ മാസം ജപമാലപ്രദക്ഷിണത്തിനു നേതൃത്വം നൽകുന്ന ഇടവകകൾ: കുടക്കച്ചിറ (04/11/2023), ചക്കാമ്പുഴ (11/11/2023), പാലക്കാട്ടുമല (18/11/2023), മുത്തോലി (25/11/2023).

**റീജൻസി ബ്രദേഴ്സ്**

വിശുദ്ധ അൽഫോൻസാതീർത്ഥാടനകേന്ദ്രത്തിൽ കഴിഞ്ഞ ആറുമാസക്കാലമായി റീജൻസി ചെയ്തുകൊണ്ടിരുന്ന മണലുങ്കൽ ഇടവകാംഗമായ ബ്രദർ റ്റിബിൻ മണിയങ്ങാട്ട് വിശ്വാസപരിശീലനകേന്ദ്രത്തിലേക്കു റീജൻസിക്കായി സ്ഥലംമാറിപ്പോവുകയും പകരം രാമപുരം ഇടവകാംഗമായ ബ്രദർ ഡിറ്റോ ഇടമനശ്ശേരിൽ എത്തിച്ചേരുകയും ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

### 1. CTP കോഴ്സ് 2023-2024

2023-2024 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ഒക്ടോബർ മാസത്തിലെ ക്ലാസ്സുകൾ 23, 24 തീയതികളിലായി നടത്തപ്പെട്ടു. പ്രസ്തുത ദിവസങ്ങളിൽ Church History എന്ന വിഷയത്തെ അധികരിച്ച് ഡോ. ജെയിംസ് പുലിയുറുമ്പിൽ ക്ലാസ്സുകൾ നയിച്ചു. നവംബർ മാസത്തിലെ ക്ലാസ്സ്: നവംബർ 11 ശനി Moral Theology ഡോ. ഡൊമിനിക് വെച്ചൂർ.

### 2. പാലാ രൂപതാകലോത്സവം 2023-2024

ഈ വർഷത്തെ രൂപതാതല വിശ്വാസ-പ്രേഷിതപരിശീലനകലോത്സവം 2023 ഒക്ടോബർ 14-ാം തീയതി ശനിയാഴ്ച രാവിലെ 8.45 മുതൽ ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ചു നടത്തപ്പെട്ടു. 18 വേദികളിലായി നടന്ന വിവിധ മത്സരങ്ങളിൽ മൂവായിരത്തി ഇരുന്നൂറോളം മത്സരാർത്ഥികൾ പങ്കെടുത്തു. ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കിയ സൺഡേ സ്കൂളുകൾ:

| | A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|---|
| Ist | പറത്താനം | കാഞ്ഞിരത്താനം | രാമപുരം |
| IInd | ഗാഗുൽത്താ | മൂലമറ്റം | ചേർപ്പുങ്കൽ |
| IIIrd | അറുനൂറ്റിമംഗലം & കുന്നോന്നി | മേലുകാവുമറ്റം | തീക്കോയി |

**ഏറ്റവും കൂടുതൽ പോയിന്റ് നേടിയ മേഖലകൾ**

| | |
|---|---|
| Ist | കുറവിലങ്ങാട് |
| IInd | അരുവിത്തുറ |
| IIIrd | പാലാ |

### 3. സംസ്ഥാനകലോത്സവം 2023-2024

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനകലോത്സവം 2023 നവംബർ 11-ാം തീയതി ശനിയാഴ്ച കോതമംഗലം രൂപതയിലെ മൂവാറ്റുപുഴ നിർമ്മല ഹൈസ്കൂളിൽവച്ചു നടത്തപ്പെടും. രൂപതാതലമത്സരത്തിൽ വിജയികളായവർ സംസ്ഥാനകലോത്സവത്തിൽ പങ്കെടുക്കും.

### 4. ഒന്നാം ടേം പരീക്ഷ

2023-2024 വിശ്വാസപരിശീലനവർഷത്തിലെ ഒന്നാം ടേം പരീക്ഷ 2023 ഒക്ടോബർ 22 ഞായറാഴ്ച നടത്തപ്പെട്ടു. പരീക്ഷയ്ക്കുള്ള ചോദ്യപ്പേപ്പറുകൾ ഒക്ടോബർ 21 ശനിയാഴ്ച വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു വിതരണം ചെയ്തു.

### 5. Mission Quest

സീറോ മലബാർ സഭയിലെ മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കുമായി സീറോ മലബാർ മിഷൻ ഓഫീസും സീറോ മലബാർ മതബോധന കമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച Mission Quest എന്ന പേരിലുള്ള

ഓൺലൈൻ ക്വിസ് മത്സരത്തിന്റെ രൂപതാതലമത്സരം 2023 ഒക്ടോബർ 29 ശനിയാഴ്ച രാത്രി 8 മണിക്കു നടത്തപ്പെട്ടു.

**6. പാലാരൂപത പ്രതിഭാസംഗമം**

ഈ വർഷം 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായി 2023 ഡിസംബർമാസത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് പ്രതിഭാസംഗമം നടത്തുന്നു. സഭാതല പ്രതിഭാസംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിക്കാനുള്ളവരെ തിരഞ്ഞെടുക്കാനായി രൂപതാതലത്തിലുള്ള പ്രതിഭാസംഗമം 2023 നവംബർ 4 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെടും.

**7. 20, 40, 50 വർഷം സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ ആദരിക്കൽ**

വിശ്വാസപരിശീലനരംഗത്ത് 20, 40, 50 വർഷങ്ങൾ സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ രൂപത വിശ്വാസപരിശീലനകേന്ദ്രം ആദരിക്കുന്നു. ഈ വർഷം മേല്പറഞ്ഞ കാലയളവ് പൂർത്തിയാക്കുന്ന വിശ്വാസപരിശീലകരുടെ പേരും ഫോട്ടോയും രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു ലഭിക്കുന്ന നിശ്ചിതഫോറത്തോടൊപ്പം വികാരിയച്ചന്റെ അംഗീകാരത്തോടെ 2023 ഡിസംബർ 15-നുമുമ്പായി രൂപത വിശ്വാസപരിശീലന ഓഫീസിൽ നൽകേണ്ടതാണ്.

**8. വിശ്വാസപരിശീലകപുരസ്കാരം**

ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ വിശ്വാസപരിശീലകപുരസ്കാരത്തിനായി നാമനിർദ്ദേശം ക്ഷണിക്കുന്നു. യോഗ്യരായവരുടെ പേരും ഫോട്ടോയും രൂപതവിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു ലഭിക്കുന്ന നിശ്ചിത ഫോറത്തോടൊപ്പം വികാരിയച്ചന്റെ അംഗീകാരത്തോടെ 2023 ഡിസംബർ 15-നുമുമ്പായി രൂപതവിശ്വാസപരിശീലന ഓഫീസിൽ നൽകേണ്ടതാണ്. മുമ്പ് ഈ അവാർഡ് ലഭിക്കാത്ത, CTP യും ചുരുങ്ങിയത് പത്തു വർഷത്തെ സർവ്വീസുമുള്ള അധ്യാപകരെമാത്രമേ അവാർഡിനായി പരിഗണിക്കുകയുള്ളൂ.

**9. തിരുബാലസഖ്യം – എന്റെ ഡയറി**

തിരുബാലസഖ്യം സംഘടനയുടെ ആഭിമുഖ്യത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി 'എന്റെ ഡയറി' മത്സരം നടത്തുന്നു. വിശുദ്ധരുടെ ജീവചരിത്രം വായിച്ചു കുട്ടികൾ തയ്യാറാക്കുന്ന ഡയറിക്കുറിപ്പുകളാണ് മത്സരത്തിനായി പരിഗണിക്കുന്നത്. ഒരു ഇടവകയിൽനിന്ന് ഒരു കുട്ടിക്കാണ് രൂപതാതലമത്സരത്തിൽ പങ്കെടുക്കാവുന്നത്. ഡയറികൾ 2023 ഡിസംബർ 10-നു മുമ്പായി വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**10. Question Board Meeting**

സ്കൂൾ മതബോധനസന്മാർഗപരിശീലനക്ലാസ്സുകളിലെ രണ്ടാം ടേം പരീക്ഷകൾക്കുള്ള ചോദ്യപ്പേപ്പർ തയ്യാറാക്കുന്നതിനായി രൂപീകരിച്ച Question Board അംഗങ്ങളുടെ മീറ്റിംഗ് 2023 ഒക്ടോബർ 10-ാം തീയതി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. പ്ലാറ്റിനം ജൂബിലി**

LAR Congregation ന്റെ പ്ലാറ്റിനം ജൂബിലിയുടെ മൈലാരം മഠത്തിലെ ആഘോഷങ്ങളുടെ ഉദ്ഘാടനം ഫാ. മാത്യു പുതിയിടത്ത് ഒക്ടോബർ 3 ന് നിർവഹിച്ചു. വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പാലാ മിഷനിലെ വൈദികർ പങ്കെടുത്തു.

**2. യൂത്ത് മഹാസഭ**

അദിലാബാദ് രൂപതയിലെ യുവജനങ്ങൾക്കായി ഒക്ടോബർ 16 മുതൽ 18 വരെ നടത്തപ്പെട്ട മഹാസഭയിൽ പാലാ മിഷനിൽനിന്ന് യുവജനങ്ങൾ പങ്കെടുത്തു.

**3. സിൽവർ ജൂബിലി**

അദിലാബാദ് രൂപതയുടെ സിൽവർ ജൂബിലിയുടെ ഉദ്ഘാടനം ഒക്ടോബർ 18 ന് അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പിതാവ് നിർവഹിച്ചു. പാലാ മിഷനിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും വൈദികരും പങ്കെടുത്തു.

**4. മിഷൻസന്ദർശനം**

ഒക്ടോബർ 11 ന് ഷംഷാബാദ് രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ സഹായമെത്രാന്മാരായ മാർ ജോസഫ് കൊല്ലംപറമ്പിൽ, മാർ തോമസ് പാടിയത്ത്, രൂപതാചാൻസിലർ ഫാ. മെജോ കോരെത്ത്, ഷംഷാബാദ് ഇടവക വികാരി ഫാ. ജോൺ കല്ലൂർ എന്നിവർ പാലാ മിഷനിലെ നെന്നൽ മിഷൻ സെന്റർ സന്ദർശിച്ചു.

അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് ഒക്ടോബർ 11 മുതൽ 13 വരെ പാലാ മിഷനിലെ എല്ലാ സെന്ററുകളും അദിലാബാദ് രൂപതയുടെ എഫാത്ത ധ്യാനകേന്ദ്രവും മൈനർ സെമിനാരിയും ബെല്ലമ്പള്ളിയിലെ സിഎംഐ ഹൈദരാബാദ് പ്രൊവിൻഷ്യൽ ഹൗസും സന്ദർശിച്ചു.

ഒക്ടോബർ 23 ന് മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി റെക്ടർ ഫാ. സെബാസ്റ്റ്യൻ പാലമൂട്ടിൽ പ്രൊഫസർമാരായ ഫാ. ജോസഫ് കൊച്ചുപറമ്പിൽ, ഫാ. കുര്യൻ മുക്കാംകുഴയിൽ എന്നിവർ പാലാ മിഷനിലെ നെന്നൽ മിഷൻ സ്റ്റേഷൻ സന്ദർശിച്ചു.

**5. Live in Mission Programme**

അദിലാബാദ് രൂപതയിൽ നടത്തപ്പെടുന്ന ഈ പ്രോഗ്രാമിൽ പങ്കെടുക്കുന്ന മംഗലപ്പുഴ സെമിനാരിയിലെ 42 ഡീക്കന്മാരും മാറ്റ് അല്മായരുമായി എഴുപതോളം പേർ ഒക്ടോബർ 25 ന് പാലാ മിഷനിലെ കൊത്തഗൂഡം, നെന്നൽ, കോനേംപെട്ട, മന്നഗുഡം വില്ലേജുകൾ സന്ദർശിച്ചു.

**6. ജപമാലമാസാചരണം**

പാലാ മിഷനിലെ കൊത്തഗുഡം, നെന്നൽ, മന്നഗുഡം, കോനംപെട്ട, ഗൊല്ലപ്പള്ളി, വെങ്കിട്ടപുരം സെന്ററുകളിൽ പത്തു ദിവസത്തെ ആഘോഷമായ ജപമാല നടത്തി. സമാപനദിവസം വില്ലേജിലൂടെ ജപമാലറാലിയും പാച്ചോർ നേർച്ചയും

നടത്തി. വെങ്കിട്ടപുരത്തു സമാപനദിനത്തിൽ ഒക്ടോബർ 28ന് അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പിതാവ് വി. കുർബാന അർപ്പിച്ചു സന്ദേശം നൽകി.

**7. അഭിനന്ദനങ്ങളും നന്ദിയും**

പാലാ മിഷനെ ഈ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. വി. കൊച്ചുത്രേസ്യായുടെ തിരുനാൾ**

ഒക്ടോബർ 1 ഞായറാഴ്ച ബറൂച്ച് ഇടവകയിൽ വി. കൊച്ചുത്രേസ്യാ യൂണിറ്റിന്റെ നേതൃത്വത്തിൽ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആചരിച്ചു.

**2. ചെറുപുഷ്പ മിഷൻലീഗ് റീജണൽ ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് ഗുജറാത്ത് റീജണൽ പ്രവർത്തനവർഷോദ്ഘാടനം വി. കൊച്ചുത്രേസ്യായുടെ തിരുനാൾദിനമായ ഒക്ടോബർ 1 ന് അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് നിർവഹിച്ചു.

**3. ജപമാലമാസാചരണം**

റീജണിലെ എല്ലാ ഇടവകകളിലും ജപമാലമാസാചരണത്തിന്റെ ഭാഗമായി ഭവനങ്ങളിലും ദൈവാലയങ്ങളിലും ജപമാലയർപ്പിക്കപ്പെട്ടു.

**4. ജപമാലപ്രദക്ഷിണം**

ജപമാലമാസസമാപനത്തിന്റെ ഭാഗമായി ബാറൂച്ച്, മനേജാ ഇടവകകളിൽ ആഘോഷപൂർവ്വമായ ജപമാലപ്രദക്ഷിണം നടത്തപ്പെട്ടു.

**5. യുവജനങ്ങളുടെയും കുട്ടികളുടെയും വർഷോദ്ഘാടനം**

ഷംഷാബാദ് രൂപത 2023 ഒക്ടോബർ മുതൽ 2024 ഒക്ടോബർവരെ യുവജനങ്ങളുടെയും കുട്ടികളുടെയും വർഷം ആചരിക്കുകയാണ്. അതിന്റെ ഗുജറാത്ത് റീജണൽ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് ബാപ്പുനഗർ ഇടവകയിൽവച്ചു നിർവ്വഹിച്ചു. വികാരി ഫാ. മാത്യു കോലത്ത് ചടങ്ങിൽ സന്നിഹിതനായിരുന്നു.

**6. വൈദികഭവനം വെഞ്ചരിപ്പ്**

ആനന്ദ് ഇടവകയിലെ വികാരിയച്ചനു താമസിക്കുന്നതിനായി പുതുതായി വാടകയ്ക്കെടുത്ത ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം ഒക്ടോബർ 5-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവ് നിർവ്വഹിച്ചു.

**7. എപ്പിസ്കോപ്പൽ ഓർഡിനേഷൻ ഒന്നാം വാർഷികം**

അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ ഒന്നാം വാർഷികം ആഘോഷിച്ചു. ഗുജറാത്ത് റീജണിലെ വൈദികർ ഒന്നുചേർന്ന് അഭിവന്ദ്യപിതാവിന് ആശംസകളർപ്പിച്ചു.

**8. മിഷൻഞായർ**

റീജണിലെ എല്ലാ ഇടവകകളിലും ഒക്ടോബർമാസം 22-ാം തീയതി ഞായറാഴ്ച മിഷൻ ഞായറായി ആചരിച്ചു.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**രൂപത വിശ്വാസ - പ്രേഷിതപരിശീലനകലോത്സവം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ വിശ്വാസ പ്രേഷിതപരിശീലനകലോത്സവം 2023 ഒക്ടോബർമാസം പതിനാലാം തീയതി ചേർപ്പുങ്കൽ ഹോളിക്രോസ് H.S.S ൽ വച്ചു നടത്തപ്പെട്ടു.

**C.M.L. സംസ്ഥാനകലോത്സവം**

CML സംസ്ഥാനകലോത്സവം 2023 നവംബർ 11 ശനിയാഴ്ച മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽവച്ചു നടത്തപ്പെടുന്നതാണ്. രൂപതാതല കലോത്സവത്തിൽ പ്രസംഗം, ലളിതഗാനം, ബൈബിൾവായന, നാടോടിനൃത്തം, മിഷൻ ക്വിസ് എന്നീ മത്സരയിനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവരും കഥാപ്രസംഗത്തിന് ഒന്നാം സ്ഥാനം നേടിയവരും ബൈബിൾ ദൃശ്യാവതരണം, സമൂഹഗാനം, പരിചമുട്ടുകളി, മാർഗംകളി, മിഷൻ ആന്തം എന്നീ ഗ്രൂപ്പിനങ്ങളിൽ ഒന്നാം സ്ഥാനം നേടിയവരുമാണ് സംസ്ഥാനതലമത്സരത്തിൽ പങ്കെടുക്കുന്നത്.

**സംസ്ഥാനതല അംഗീകാരങ്ങൾ**

2022-2023 പ്രവർത്തനവർഷത്തിലെ മികച്ച ശാഖകളെയും മേഖലകളെയും രൂപതകളെയും C.M.L. സംസ്ഥാനസമിതി പ്രഖ്യാപിച്ചു. മികച്ച രൂപതകളുടെ ഗണത്തിൽ പാലാ രൂപതയും മികച്ച മേഖലകളുടെ ഗണത്തിൽ കുറവിലങ്ങാട് മേഖലയും മികച്ച ശാഖകളുടെ ഗണത്തിൽ കൂടല്ലൂർ ശാഖയും ഗോൾഡൻ സ്റ്റാർ പുരസ്കാരത്തിന് അർഹമായി.

**മികച്ച മേഖലകളും ശാഖകളും**

2022-2023 പ്രവർത്തനവർഷത്തിൽ മികച്ച മേഖലകളും ശാഖകളുമായി താഴെ പറയുന്ന മേഖലകളും ശാഖകളും തിരഞ്ഞെടുക്കപ്പെട്ടു.

**മികച്ച മേഖലകൾ**

Ist കുറവിലങ്ങാട്
IInd അരുവിത്തുറ
IIIrd പ്രവിത്താനം

**മികച്ച ശാഖകൾ**

Ist കൂടല്ലൂർ
IInd കാവുംകണ്ടം
IIIrd മുണ്ടാങ്കൽ

**കൈയെഴുത്തു മാസിക പ്രസിദ്ധീകരണമത്സരം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ കൈയെഴുത്തു മാസിക പ്രസിദ്ധീകരണമത്സരം നടത്തപ്പെടുന്നു. ശാഖകളെ A, B, C വിഭാഗം തിരിച്ച്, മേഖലകളിൽ മത്സരം നടത്തിയശേഷം ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം ലഭിക്കുന്ന മാസിക രൂപതാമത്സരത്തിനായി 2023 ഡിസംബർ 31 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ശാഖയിൽനിന്ന് ഒരു ടീമിനെ വീതം പങ്കെടുപ്പിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ശാഖകളുടെ നേതൃത്വത്തിൽ ചെയ്യുമല്ലോ.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

വിഷയം : 'വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്

* കുറഞ്ഞത് 85 പേജ്, A4 പേപ്പർ.
* ശാഖയിൽനിന്ന് 10 കുട്ടികളുടെ ഒരു ടീമിനു പങ്കെടുക്കാവുന്നതാണ്.
* സമയം 3 മണിക്കൂർ
* ആവശ്യമായ സാമഗ്രികൾ അവരവർതന്നെ കരുതണം.
* മാസിക പൂർണ്ണമായും മത്സരസ്ഥലത്തുവച്ചുതന്നെ തയ്യാറാക്കണം.
* പേപ്പറുകളിൽ മുൻകൂട്ടി യാതൊരുവിധ വരകളോ എഴുത്തോ പാടില്ല.
* ബൈബിൾ ഉപയോഗിക്കാം.
* പുസ്തകങ്ങൾ, ചിത്രങ്ങൾ മുതലായവ റഫറൻസിനായി ഉപയോഗിക്കാൻ പാടില്ല.
*ബൈൻഡിംഗ് നിർബന്ധമല്ല. അടുക്കി ക്രമീകരിച്ചുതന്നാൽ മതിയാവും.

**പോസ്റ്റർ മത്സരം**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത പോസ്റ്റർമത്സരം സംഘടിപ്പിക്കുന്നു. 'വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് പോസ്റ്റർ തയ്യാറാക്കേണ്ടത്. A, B, C വിഭാഗം തിരിച്ച്, മേഖലകളിൽ മത്സരം നടത്തിയശേഷം ഓരോ വിഭാഗത്തിലും ഒന്നാംസ്ഥാനം ലഭിക്കുന്ന പോസ്റ്റർ, രൂപതാമത്സരത്തിനായി 2023 ഡിസംബർ 31-നുമുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

* ഒരു ശാഖയിൽ നിന്നും 2 പേരടങ്ങിയ ഒരു ടീമിന് പങ്കെടുക്കാവുന്നതാണ്.
* സമയം ഒന്നര മണിക്കൂർ
* പോസ്റ്റർ തയ്യാറാക്കുന്നതിനുള്ള ഒരു ചാർട്ട് പേപ്പർ നൽകുന്നതാണ്.
* റഫറൻസിനായി ബൈബിൾ മാത്രം ഉപയോഗിക്കാവുന്നതാണ് .

**ജീവദർശൻ കോഴ്സ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ വിശ്വാസ പരിശീലകർക്കായി സംഘടിപ്പിക്കുന്ന ജീവദർശൻ കോഴ്സിന്റെ അവസാന ക്ലാസ്സ് ഒക്ടോബർ 23 തിങ്കളാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ച് നടത്തപ്പെട്ടു. റവ. ഡോ. ജോസഫ് കരികുളം പരി. ത്രിത്വം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സെടുത്തു.

## മേഖല വാർത്തകൾ

### അരുവിത്തുറ മേഖല

**1. മേഖലാകലോത്സവം**

അരുവിത്തുറ മേഖല കലോത്സവം ഒക്ടോബർ 2 തിങ്കളാഴ്ച അരുവിത്തുറ സെന്റ് ജോർജ് കോളജിൽവച്ച് നടത്തപ്പെട്ടു. 41 ഇനങ്ങളിലായി വിവിധ യൂണിറ്റുകളിൽനിന്നുള്ള കുട്ടികളും അധ്യാപകരും ആവേശപൂർവം പങ്കെടുത്തു. A കാറ്റഗറിയിൽ അരുവിത്തുറ, B കാറ്റഗറിയിൽ മൂന്നിലവ്, C കാറ്റഗറിയിൽ വാരിയനിക്കാട് തുടങ്ങിയ ശാഖകൾ കൂടുതൽ പോയിന്റുകൾ നേടി.

**2. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ചെറുപുഷ്പ മിഷൻ ലീഗ് അരുവിത്തുറ മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 12 വ്യാഴാഴ്ച പ്രസിഡന്റ് ടോം ഒട്ടലാങ്കലിന്റെ അധ്യക്ഷതയിൽ ചേർന്നു. മേഖല ഡയറക്ടർ ഫാ. ജോയൽ പണ്ടാരപ്പറമ്പിൽ സന്നിഹിതനായിരുന്നു.

### ഭരണങ്ങാനം മേഖല

**മേഖലാകലോത്സവം**

ഈ വർഷത്തെ കലോത്സവം  സെപ്റ്റംബർ 28 ന് ഭരണങ്ങാനം എസ്.എച്ച് ഗേൾസ് സ്കൂളിൽ വച്ച് നടത്തപ്പെട്ടു. മേഖലയ്ക്കു കീഴിലുള്ള 11 ശാഖകളിൽ നിന്നുള്ള കുട്ടികൾ കലോത്സവത്തിൽ പങ്കെടുത്തു.

### പൂഞ്ഞാർ മേഖല

**മേഖല എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പൂഞ്ഞാർ മേഖലയുടെ സെപ്റ്റംബർ മാസത്തെ എക്സിക്യൂട്ടീവ് യോഗം 1/10/2023 ഞായറാഴ്ച ചേർന്നു.

**മേഖലാകലോത്സവം**

പൂഞ്ഞാർ മേഖലയുടെ മേഖലാ കലോത്സവം 2023 ഒക്ടോബർ രണ്ടാം തീയതി നടത്തി.

### രാമപുരം മേഖല

**തീർത്ഥാടനം**

ചെറുപുഷ്പമിഷൻലീഗ് രാമപുരം മേഖലയുടെ ആഭിമുഖ്യത്തിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് കബറിടത്തിലേക്ക് തീർത്ഥാടനം നടത്തപ്പെട്ടു. മേഖലയിലെ വിവിധ ശാഖകളിൽനിന്നും ആയിരത്തോളം കുഞ്ഞുമിഷനറിമാർ തീർത്ഥാടനത്തിൽ പങ്കെടുത്തു. മേഖല രക്ഷാധികാരി ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ തീർത്ഥാടനം ഫ്ളാഗ് ഓഫ് ചെയ്തു. വൈസ് പോസ്റ്റുലേറ്റർ ഫാ. തോമസ് വെട്ടുകാട്ടിൽ സമാപനസന്ദേശം നൽകി.

### മൂലമറ്റം മേഖല

**മാലിപ്പറമ്പിലച്ചൻ അനുസ്മരണവും  മിഷൻ അനുഭവം പങ്കുവയ്ക്കലും**

മൂലമറ്റം : ചെറുപുഷ്പ മിഷൻലീഗ് മൂലമറ്റം മേഖലാസമിതിയുടെയും മൂലമറ്റം ശാഖാസമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ മാലിപ്പറമ്പിലച്ചൻ

അനുസ്മരണവും മിഷൻ അനുഭവം പങ്കുവയ്ക്കലും സെപ്റ്റംബർ പത്താം തീയതി ഞായറാഴ്ച നടത്തി. മേഖലാ ഡയറക്ടർ ഫാദർ തോമസ് താന്നിമലയിൽ സ്വാഗതമാശംസിച്ചു. ബ്രസീലിൽ 30 വർഷമായി മിഷൻ പ്രവർത്തനം നടത്തുന്ന ഫാദർ ജോസ് തെക്കേൽ മിഷൻ അനുഭവം പങ്കുവയ്ക്കുകയും മിഷൻ പ്രവർത്തനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുകയും ചെയ്തു. ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്രസക്തിയും തന്റെ ബാല്യകാലത്തെ മിഷൻ അനുഭവങ്ങളും അദ്ദേഹം പങ്കുവച്ചു. ചെറുപുഷ്പമിഷൻലീഗ് മൂലമറ്റം മേഖലാ പ്രസിഡന്റ് മാർട്ടിൻ മുണ്ടത്താനം, വൈസ് ഡയറക്ടർ സിസ്റ്റർ ടെസ്സി എസ്.എച്ച്., രൂപത എക്സിക്യൂട്ടീവ് അംഗം അമൽ കുഴിക്കാട്ടുകുന്നേൽ, വൈസ് പ്രസിഡന്റ് അഞ്ജലി അനിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഒക്ടോബർ 6-ാം തീയതി വെള്ളിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2.30 മുതൽ 3.30 വരെ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ആറുമാസക്കാലം കെ.സി.എസ്.എൽ. റീജന്റ് ബ്രദറായി സേവനം ചെയ്ത ബ്രദർ റിജു തുളുവനാനിക്കലിനു യാത്രയയപ്പു നൽകി. പ്രസിഡന്റ് ജിജോ മാത്യു സ്വാഗതം ആശംസിച്ചു. ഡയറക്ടറച്ചനും മറ്റ് എക്സിക്യൂട്ടീവംഗങ്ങളും, സ്റ്റുഡന്റ്സ് ചെയർമാനും ബ്രദറിന് ആശംസകൾ അറിയിച്ചു.

**സ്വാഗതം ചെയ്തു**

കെ.സി.എസ്.എൽ.ന്റെ പുതിയ റീജന്റ് ബ്രദറായി ചാർജ്ജെടുത്ത ബ്രദർ മാത്യു കിഴക്കേമുഴയമാക്കിലിനെ ഡയറക്ടർ ഫാ. ജോർജ് പുല്ലുകാലായിൽ കെ.സി.എസ്.എൽ. കുടുംബത്തിലേക്കു സ്വാഗതം ചെയ്തു.

**സ്റ്റേറ്റ് സാഹിത്യോത്സവം**

ഒക്ടോബർ 14 ശനിയാഴ്ച സ്റ്റേറ്റ് സാഹിത്യരചനാമത്സരങ്ങൾ മുട്ടം ഷന്താൾ സ്കൂളിൽവച്ചു നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്ന് 87 കുട്ടികൾ വിവിധതരം മത്സരങ്ങളിൽ പങ്കെടുത്തു. പാലാ രൂപതയാണ് ആതിഥേയത്വം വഹിച്ചത്.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഒക്ടോബർ 21 ശനിയാഴ്ച ഓൺലൈനായി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഒക്ടോബർ 24 ന് നടത്തേണ്ട കലോത്സവത്തെക്കുറിച്ച് ചർച്ചചെയ്തു തീരുമാനങ്ങൾ എടുത്തു.

**രൂപതാകലോത്സവം**

2023-24 വർഷത്തെ പാലാ രൂപത കലോത്സവം ഒക്ടോബർ 24 ചൊവ്വാഴ്ച രാവിലെ 10 മണിമുതൽ 5 മണിവരെ പാലാ അൽഫോൻസാ കോള

ജിൽവച്ചു നടത്തപ്പെട്ടു. 14 സ്റ്റേജുകളിലായി നടന്ന മത്സരങ്ങളിൽ ആയിരത്തിൽപ്പരം കുട്ടികൾ വിവിധയിനം മത്സരങ്ങളിൽ പങ്കെടുത്തു. എച്ച്.എസ്.എസ് വിഭാഗത്തിൽ രാമപുരം സെന്റ് അഗസ്റ്റിൻസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. എച്ച്. എസ്. വിഭാഗത്തിലും യു.പി. വിഭാഗത്തിലും എൽ.എഫ്.എച്ച്.എസ്. ചെമ്മലമറ്റം ഓവറോൾ കരസ്ഥമാക്കി.

**ബൈബിൾ പകർത്തിയെഴുത്ത്**

കെ.സി.എസ്.എൽ. ന്റെ ആഭിമുഖ്യത്തിൽ ബൈബിൾ പകർത്തിയെഴുത്ത് ഒക്ടോബർ 27 വെള്ളിയാഴ്ച നടത്തപ്പെട്ടു. ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലെ കുട്ടികളാണ് ബൈബിൾ പകർത്തിയെഴുതിയത്. രാവിലെ 9 മണിമുതൽ 10 മണിവരെയാണ് പകർത്തിയെഴുത്തു നടത്തിയത്. രണ്ടായിരത്തിലധികം കുട്ടികൾ പങ്കെടുത്തു. ഒരു മണിക്കൂറിനുള്ളിൽ സമ്പൂർണ്ണ ബൈബിൾ വിവിധ സ്കൂളുകളിലായി പകർത്തിയെഴുതാൻ സാധിച്ചു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. മാർ സെബാസ്റ്റ്യൻ വയലിൽ മെമ്മോറിയൽ വോളിബോൾ ടൂർണ്ണമെന്റ് നടത്തപ്പെട്ടു**

എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെ നേതൃത്വത്തിൽ മാർ സെബാസ്റ്റ്യൻ വയലിൽ മെമ്മോറിയൽ വോളിബോൾ ടൂർണ്ണമെന്റ് നടത്തപ്പെട്ടു. കുറവിലങ്ങാട് യൂണിറ്റിന്റെയും കാഞ്ഞിരമറ്റം യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ട കലാഷ് 2K23 ബഹുമാനപ്പെട്ട പാലാ എം.എൽ.എ. മാണി സി. കാപ്പൻ ഉദ്ഘാടനം ചെയ്തു. അരുവിത്തറ യൂണിറ്റ് ഒന്നാം സ്ഥാനവും, ഉള്ളനാട് യൂണിറ്റ് രണ്ടാം സ്ഥാനവും, കുറവിലങ്ങാട് യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**2. സഹൃദയ സുവർണോത്സവ് ഫൊറോനാതലവിജയികളെ പ്രഖ്യാപിച്ചു**

കുറവിലങ്ങാട് ഫൊറോന ഒന്നാം സ്ഥാനവും അരുവിത്തുറ ഫൊറോന രണ്ടാം സ്ഥാനവും തുടങ്ങനാട് ഫൊറോന മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഓരോ യൂണിറ്റിനും കിട്ടിയ പോയിന്റുകൾ കാറ്റഗറി അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

കാറ്റഗറി ഡി : കുറവിലങ്ങാട് – 459, അരുവിത്തുറ – 202, മുട്ടുചിറ – 182, രാമപുരം – 105, ഭരണങ്ങാനം – 135, പാലാ കത്തീഡ്രൽ – 16.

കാറ്റഗറി സി : പൂഞ്ഞാർ – 236, ചെമ്മലമറ്റം – 189, രത്നഗിരി – 113, മാൻവെട്ടം – 122, പ്രവിത്താനം – 119, കടുത്തുരുത്തി – 130, കോതനല്ലൂർ – 92, കൂടല്ലൂർ – 49, ഇലഞ്ഞി – 46, ളാലം ഓൾഡ് – 13.

കാറ്റഗറി – ബി : കടപ്ലാമറ്റം – 221, മണ്ണയ്ക്കനാട് – 209, പൂവരണി – 197, കാഞ്ഞിരമറ്റം – 189, തുടങ്ങനാട് – 157, കാക്കൂർ – 156, കളത്തൂർ – 116, കുടയ

ത്തൂർ - 69, ഏന്തയാർ-67, ഉള്ളനാട്-51, മുത്തോലപുരം - 36, അറുനൂറ്റിമംഗലം - 35, വിളക്കുമാടം - 30, തുരുത്തിപ്പള്ളി - 11, കാഞ്ഞിരമറ്റം - 5.

കാറ്റഗറി - എ : ഗാഗുൽത്താ - 417, വാരിയാനിക്കാട് - 290, വാലാച്ചിറ - 159, പാലക്കാട്ടുമല - 88, കാട്ടാമ്പാക്ക് - 83, കാവുംകണ്ടം - 83, കുറുമണ്ണ് - 45, അമ്പാറനിരപ്പേൽ - 44, നരിയങ്ങാനം - 38, വേലനിലം - 36, കീഴൂർ - 34, കാവാലി - 33, പറത്താനം - 20, കൂട്ടിക്കൽ - 13, ചൂണ്ടച്ചേരി - 10, ഇടമറുക് - 9, കുന്നോന്നി - 4, പൂവത്തോട് - 4, മലയിഞ്ചിപ്പാറ - 2, സ്ലീവാപുരം - 2, കുടക്കച്ചിറ - 1, മംഗളഗിരി - 1, പെരുംതുരുത്ത് - 1.

**3. യുവജനദിനാഘോഷം നടത്തപ്പെട്ടു**

എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെ യുവജനദിനാഘോഷം കോതനല്ലൂർ ഫൊറോനയിലെ കളത്തൂർ യൂണിറ്റിൽവച്ചു നടത്തപ്പെട്ടു. പതാക ഉയർത്തലിനും ആഘോഷമായ വിശുദ്ധ കുർബാനയ്ക്കുംശേഷം കളത്തൂർ സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് ഒരു വർഷത്തെ രൂപതാ, ഫൊറോന, യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തി ചർച്ചകൾ നടന്നു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ രൂപത പ്രസിഡന്റ് ശ്രീ തോമസ് ബാബു അധ്യക്ഷത വഹിച്ചു. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ആമുഖ പ്രഭാഷണവും, കെ.സി.വൈ.എം. മുൻ സംസ്ഥാന ഡയറക്ടറും പാലാ രൂപത മുൻ എസ്.എം.വൈ.എം. ഡയറക്ടറുമായിരുന്ന റവ. ഡോ. ജോസ് കോട്ടയിൽ ഉദ്ഘാടനവും നിർവഹിച്ചു. കളത്തൂർ യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി ഞരളക്കാട്ട് ആശംസകൾ നേർന്നു. രൂപത ജനറൽ സെക്രട്ടറി ശ്രീ ടോണി കവിയിൽ സ്വാഗതം ആശംസിച്ചു. ഫാ. എബിൻ CRM, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, ജോയിന്റ് ആനിമേറ്റർ സി. മേരിലിറ്റ് FCC, ഡെപ്യൂട്ടി പ്രസിഡന്റ് ഡോൺ ജോസഫ്, സെക്രട്ടറി ആൽഫി ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി മെർലിൻ സാബു, കെ.സി.വൈ.എം. സ്റ്റേറ്റ് സിൻഡിക്കേറ്റംഗം ജിയോ റോയി, ട്രഷറർ എബി നൈജിൽ, സിൻഡിക്കേറ്റ് കൗൺസിലർമാരായ മഞ്ജു, ജിസ്, സച്ചിൻ, റെമിൻ, അഭിജിത്ത്, റീജന്റ് ബ്രദർ ജോർജ് പൊട്ടനാനിയിൽ ഫൊറോന വൈസ് പ്രസിഡന്റ് നവ്യ, ജനറൽ സെക്രട്ടറി അനറ്റ്, കളത്തൂർ എ യൂണിറ്റ് പ്രസിഡന്റ് റിച്ചു തുടങ്ങിയവർ യുവജനദിനാഘോഷത്തിനു നേതൃത്വം നൽകി.

വിവിധ യൂണിറ്റുകളിൽനിന്നുള്ള യുവജനങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. രൂപതാകലോത്സവത്തിൽ കുറവിലങ്ങാട്, അരുവിത്തുറ, തുടങ്ങനാട് ഫൊറോനകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. എ,ബി,സി, ഡി കാറ്റഗറികളിൽ വിജയികളായ യൂണിറ്റുകൾക്കു ട്രോഫികൾ നൽകപ്പെട്ടു.

**4. അനുശോചനം**

മുൻ റീജന്റായിരുന്ന ഡീക്കൻ മാത്യു പനങ്ങാട്ടിന്റെ പിതാവിന് രൂപതാകുടുംബം ആദരാഞ്ജലികൾ അർപ്പിച്ചു. രൂപത ഡയറക്ടർ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**5.** ഞായറാഴ്ചയിലെ കായികമേളയ്ക്കെതിരേ രൂപതാസമിതി പ്രതിഷേധിച്ചു.

**6. യാത്രയയപ്പ്**

കഴിഞ്ഞ ആറുമാസക്കാലമായി എസ്.എം.വൈ.എം. ഓഫീസിൽ റീജന്റ് ബ്രദറായി സേവനം ചെയ്ത ബ്രദർ ജോർജ് ഇടയോടിയിലിന് യാത്രയയപ്പ് നൽകി.

**7. സ്വീകരണം**

എസ്.എം.വൈ.എം. ഓഫീസിലേക്കു സേവനമനുഷ്ഠിക്കാൻ എത്തിയ ബ്രദർ ജോർജ് പൊട്ടനാനിയിലിനു സ്വാഗതം നൽകി.

**8.** അരുവിത്തുറ ഫൊറോന വിസിറ്റ് നടത്തപ്പെട്ടു.

**9.** കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ കോട്ടയം മേഖല സ്പോർട്സ് മീറ്റിൽ പങ്കെടുത്തു. സേവിയർപുരം ഫുട്ബോളിൽ ഒന്നാം നേടുകയും സംസ്ഥാനതല മത്സരത്തിലേക്കു തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ക്രിക്കറ്റ് മത്സരത്തിൽ മുളക്കുളം യൂണിറ്റ് രണ്ടാം സ്ഥാനം കരസ്ഥമാക്കി. ബാഡ്മിന്റൺ ടൂർണമെന്റിൽ കളത്തൂർ യൂണിറ്റിന് രണ്ടാം സ്ഥാനം ലഭിച്ചു.

**10.** ഇസ്രായേലിലെ ഇന്ത്യക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ നടപടിയെടുക്കണമെന്നാവശ്യപ്പെട്ടു. ക്രൈസ്തവപീഡനത്തിനെതിരേ രാജ്യത്തെ ജനങ്ങൾക്ക് ഐക്യദാർഢ്യം നേർന്നു. എസ്.എം.വൈ.എം. പാലാ രൂപതാ പ്രമേയം പാസ്സാക്കി.

**11.** കൂട്ടിക്കൽ ഫൊറോനയുടെ നേതൃത്വത്തിൽ നടത്തിയ യുവജനക്യാമ്പിൽ രൂപതാ ജനറൽ സെക്രട്ടറിയും വൈസ് പ്രസിഡന്റും പങ്കെടുത്തു.

**12.** മുട്ടുചിറ യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ നൈറ്റ് യുവജനക്യാമ്പിൽ രൂപതാഡയറക്ടറും പ്രസിഡന്റും പങ്കെടുത്തു. ഫാ. ഡെൻസൺ കുറ്റാരപ്പള്ളിൽ ക്ലാസുകൾ നയിച്ചു.

**13. ELECTION AND REPORT**

എസ്.എം.വൈ.എം. ഈ വർഷത്തെ പ്രവർത്തനങ്ങളുടെ അവസാന മാസങ്ങളിലേക്ക് എത്തിയിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലം അച്ചൻ നൽകിയ എല്ലാ സഹായങ്ങൾക്കും പിന്തുണയ്ക്കും ഒത്തിരി സ്നേഹത്തോടെ നന്ദി പറയുന്നു. നമ്മുടെ രൂപതയിൽ യുവജനപ്രസ്ഥാനം ആരംഭിച്ചിട്ട് 50 വർഷം പൂർത്തിയാവുകയാണ്. അതിന്റെ ജൂബിലിയാഘോഷങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ജൂബിലിത്തിരികൾ വാങ്ങി 16 ഫൊറോനകളും ഭംഗിയായി കാര്യങ്ങൾ നടത്തി മുമ്പോട്ടുപോകുന്നു.

കഴിഞ്ഞവർഷം 140 ഇടവകകളിലാണ് എസ്.എം.വൈ.എം. ഉണ്ടായിരുന്നത്. അതിൽ നൂറ് ഇടവകകളിൽ മാത്രമേ പ്രവർത്തനങ്ങൾ നന്നായി നടന്നിട്ടുള്ളൂ. 2024 രൂപതയിൽ യുവജനവർഷമായി നമ്മൾ ആചരിക്കുകയാണല്ലോ. നമ്മുടെ യുവജനങ്ങൾ സഭയോടും രൂപതയോടും ഇടവകയോടും കൂടുതൽ ചേർന്നു നിൽക്കുവാനും ആത്മീയവും ബൗദ്ധികവുമായി വളരുന്നതിനുവേണ്ട കാര്യങ്ങൾ ചെയ്യുവാനും നമുക്ക് അടുത്തവർഷം പ്രത്യേകമായി ശ്രദ്ധിക്കാം. അതിനു സഹായകമായി എല്ലാ ഇടവകകളിലും യുവജനപ്രസ്ഥാനം സജീവമാക്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുകയാണ്. ഇടവകകൾ എ, ബി യൂണിറ്റുകളായി (എ യൂണിറ്റ് യുവാക്കൾക്കും ബി യൂണിറ്റ് യുവതികൾക്കും) ഭാരവാഹികളെ

തിരഞ്ഞെടുത്തു പ്രസ്ഥാനം ആരംഭിക്കുമല്ലോ. എ, ബി യൂണിറ്റുകളായി തുടങ്ങാൻ സാധിക്കാത്ത ഇടവകകളിൽ ഒറ്റ യൂണിറ്റായി തുടങ്ങാവുന്നതാണ്.

നവംബർ മാസത്തിൽ യൂണിറ്റ് തിരഞ്ഞെടുപ്പുകളും ഡിസംബർ 15 നുമുമ്പ് ഫൊറോന തിരഞ്ഞെടുപ്പുകളും നടത്തണം. ജനുവരിമാസം രണ്ടാം തീയതിയാണ് രൂപത ഇലക്ഷൻ. സഭയോടും ഇടവകയോടും രൂപതയോടും ചേർന്ന് നന്നായി പ്രവർത്തിക്കാൻ സാധിക്കുന്ന യുവജനങ്ങളെ ബഹുമാനപ്പെട്ട അച്ചന്മാർ സെലക്ട് ചെയ്ത് യൂണിറ്റിൽനിന്നും ഫൊറോനയിൽനിന്നും രൂപതയിലേക്കു വിടുമല്ലോ. അതോടൊപ്പം 2023 വർഷത്തെ പ്രവർത്തനറിപ്പോർട്ട് നവംബർ മാസം മുപ്പതിനു മുമ്പ് ഫൊറോനയിലും ഫൊറോനസമിതി ഡിസംബർ മാസം 15 നുമുമ്പ് രൂപത യിലും എത്തിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് സർക്കുലർ അയയ്ക്കുന്നതാണ്.

**14. നിയമാവലി രൂപീകരിണം**

അഭിവന്ദ്യ പിതാവിന്റെ അനുവാദത്തോടെ എസ്.എം.വൈ.എം.പാലാ രൂപതയുടെ നിയമാവലി തയ്യാറായിട്ടുണ്ട്. എല്ലാ യൂണിറ്റുകളും ഒരു കോപ്പി വാങ്ങിക്കേണ്ടതാണ്. വില 30 രൂപ. (Private use only).

**15.** ഫൊറോനാസമിതിയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ഓരോ യൂണിറ്റും മൂന്നു പേജിൽ കുറയാതെ വ്യക്തമായി എഴുതി കവറിലാക്കി ഒട്ടിച്ച നവംബർ 20 നു മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഇത് യൂണിറ്റുകൾക്കു മാർക്ക് നൽകാൻ പരിഗണിക്കുന്നതാണ്.

**16.**എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിലുള്ള വടംവലി മാമാങ്കം നവംബർ പന്ത്രണ്ടാം തീയതി വാരിയാനിക്കാട് ഇടവകയിൽ വച്ച് നടത്തപ്പെടുന്നു.

**17. യൂണിറ്റ്, ഫൊറോന റിപ്പോർട്ട് സമർപ്പണം**

2023 പ്രവർത്തനവർഷത്തെ കർമ്മപരിപാടികളുടെ അടിസ്ഥാനത്തിൽ രൂപതയിലെ ഏറ്റവും മികച്ച A, B യൂണിറ്റുകൾക്കും മികച്ച ഫൊറോനയ്ക്കും എവറോളിംഗ് ട്രോഫി നൽകുന്നതാണ്.

**നിബന്ധനകൾ**

1. മികച്ച എസ്.എം.വൈ.എം. യൂണിറ്റുകൾ തിരഞ്ഞെടുക്കുന്നതിന് ഡയറക്ടറിയിൽ കൊടുത്തിരിക്കുന്ന രീതിയിൽ (ഡയറക്ടറി 2023, പേജ് 137–140) അപേക്ഷാഫോറം പൂർണ്ണമായി പൂരിപ്പിച്ച് ഡയറക്ടറുടെയും പ്രസിഡന്റിന്റെയും ജനറൽ സെക്രട്ടറിയുടെയും ഒപ്പോടെ ഓരോ കോപ്പി നവംബർ 30 ന് ഫൊറോനഡയറക്ടറുടെ പക്കലും നവംബർ 30 ന് രൂപത ഓഫീസിലും നിർബ ന്ധമായും സമർപ്പിക്കേണ്ടതാണ്.
2. മികച്ച എസ്.എം.വൈ.എം. ഫൊറോനയെ തിരഞ്ഞെടുക്കുന്നതിന് ഡയറ ക്ടറിയിൽ കൊടുത്തിരിക്കുന്ന രീതിയിൽ അപേക്ഷാഫോറം (ഡയറക്ടറി 2023, പേജ് 141–142) പൂർണ്ണമായി പൂരിപ്പിച്ച് ഡയറക്ടറുടെയും പ്രസിഡന്റിന്റെയും ജനറൽ സെക്രട്ടറിയുടെയും ഒപ്പോടെ ഡിസംബർ 12 ന് രൂപതയിൽ സമർപ്പി ക്കേണ്ടതാണ്. ഫൊറോനാസമിതിയുടെ ആധ്യാത്മികം, ബൗദ്ധികം, സാമൂ ഹികം എന്നീ തലങ്ങളിലുള്ള പ്രോഗ്രാമുകൾ, ബെസ്റ്റ് ഫൊറോന തിരഞ്ഞെ

ടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പേജ് 142 മാനദണ്ഡം 8. ജൂബിലിപ്രവർത്തനങ്ങൾ ഉപകാരപ്പെടുന്ന പ്രോഗ്രാമുകൾ എന്ന തലക്കെട്ടിനുതാഴെ എഴുതേണ്ടതാണ്.

3. ഫൊറോനാസമിതി ഫൊറോനയിലെ മികച്ച A, B യൂണിറ്റുകളെ തിരഞ്ഞെടുത്ത് ഡിസംബർ 12-നുമുമ്പ് രൂപതാകേന്ദ്രത്തിൽ, യൂണിറ്റുകളിൽനിന്നു ലഭിച്ച അപേക്ഷകൾ, വിശദമായ റിപ്പോർട്ട് (യൂണിറ്റുകൾ നൽകിയിട്ടുണ്ടെങ്കിൽ) സഹിതം രേഖാമൂലം നൽകേണ്ടതാണ്.

4. A, B, C, D കാറ്റഗറിൽനിന്ന് വെവ്വേറെ മികച്ച രണ്ട് A യൂണിറ്റുകളുടെയും മികച്ച രണ്ട് B യൂണിറ്റുകളുടെയും റിപ്പോർട്ടുകളാണ് ഫൊറോനസമിതി രൂപതയിൽ സമർപ്പിക്കേണ്ടത്.

5. ഫൊറോന ജഡ്ജിങ് കമ്മിറ്റിയിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങളെ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

6. 17 ഫൊറോനകളിലെയും A, B വിഭാഗങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളിൽനിന്നാണ് ജഡ്ജിങ് കമ്മിറ്റി രൂപതയിലെ മികച്ച യൂണിറ്റുകളെ തിരഞ്ഞെടുക്കുന്നത്.

7. രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ചയിക്കുന്ന ജഡ്ജിങ് കമ്മിറ്റി യൂണിറ്റുകളിൽ അറിയിപ്പോടെയും അല്ലാതെ നേരിട്ടും വിലയിരുത്തൽ നടത്തി രൂപതയിലെ മികച്ച A, B യൂണിറ്റുകളെ തിരഞ്ഞെടുക്കും. ജഡ്ജിങ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

8. വിശദമായ റിപ്പോർട്ടുകൾ സമർപ്പിക്കുന്നവർ PDF/പ്രിന്റഡ് കോപ്പിയായി നൽകാവുന്നതാണ്. വിശദമായ റിപ്പോർട്ടുകൾ ഫൊറോനാസമിതിയിൽ സമർപ്പിച്ചാൽ മതിയായിരിക്കും.

9. എസ്.എം.വൈ.എം. യൂണിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോൾ യൂണിറ്റുകൾ റിപ്പോർട്ട് എഴുതുകയും കോപ്പിയെടുക്കുകയും ചെയ്യണം. ഒറിജിനൽ ഫൊറോനാ സമിതിയിലും കോപ്പികൾ രൂപതാസമിതിയിലുമാണു സമർപ്പിക്കേണ്ടത്. ഫൊറോനകൾ റിപ്പോർട്ടു വിലയിരുത്തി ഓരോ വിഭാഗത്തിലും ഒന്ന്, രണ്ട് സ്ഥാനങ്ങൾ നേടിയ യൂണിറ്റുകളുടെ റിപ്പോർട്ടുകൾ രൂപതയിൽ ഡിസംബർ 12 നു മുമ്പേ എത്തിക്കേണ്ടതാണ്.

10. രൂപതയിൽ അർദ്ധവാർഷികറിപ്പോർട്ടുകൾ സമർപ്പിച്ച യൂണിറ്റുകളുടെ റിപ്പോർട്ട് മാത്രമേ സമ്മാനദാനത്തിനു പരിഗണിക്കുകയുള്ളൂ.

ഫൊറോനയിൽ മികച്ച യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് രൂപതയിൽ വരുമ്പോൾ മികച്ചതായിരിക്കണമെന്നു നിർബന്ധമില്ല.ട്രോഫികൾ കൈപ്പറ്റിയ യൂണിറ്റുകൾ, ഫൊറോനകൾ കൃത്യമായി നവംബർ 30 നുമുമ്പായി രൂപത ഓഫീസിൽ എത്തിക്കണം.

**18. മുൻകാല ഭാരവാഹികളുടെ എക്സിക്യൂട്ടീവ് മീറ്റിംഗ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് എക്സിക്യൂട്ടീവിന്റെ തീരുമാനപ്രകാരം പത്തു വർഷത്തെ മുൻകാല ഭാരവാഹികളുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ കൂടാൻ തീരുമാനിച്ചു. അതിൻപ്രകാരം 2016 ഭാരവാഹികളുടെ മീറ്റിംഗ് 22/10/2023 ഞായറാഴ്ച ഷലോം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5.15 നു ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു.

**സെക്കന്റ് സാറ്റർഡേ ഗാതറിങ്ങ്**

2023 സെപ്റ്റംബർ 9-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ ഒമ്പതര മുതൽ വൈകിട്ട് മൂന്നരവരെ പാലാ അൽഫോൻസാ കോളജിൽവച്ച് സെക്കൻഡ് സാറ്റർഡേ ഗാതറിങ് നടത്തപ്പെട്ടു. സ്കൂളുകളിൽനിന്നും കോളജുകളിൽ നിന്നുമായി 70 പേർ പങ്കെടുത്തു.

**ഹൗസ്ഹോൾഡ്**

2023 സെപ്റ്റംബർ 6, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് അരുവിത്തുറപ്പള്ളിയിലെ പാരിഷ് ഹാളിൽവച്ച് അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. പത്തുപേർ പങ്കെടുത്തു.

**സെക്കന്റ് സാറ്റർഡേ ഫാമിലി ഗാതറിങ്**

2023 ഒക്ടോബർ 14-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ പാലാ അൽഫോൻസാ കോളജിൽ വച്ച് ഫാമിലി ഗാതറിങ് നടത്തപ്പെട്ടു.

**ടീൻസ് ഡേ**

2023 ഒക്ടോബർ 14-ാം തീയതി അന്തീനാട് ശാന്തിനിലയം സ്പെഷ്യൽ സ്കൂളിൽ വച്ച് ടീൻസ് ഡേ ആഘോഷം നടന്നു. ഏകദേശം 40 പേർ പങ്കെടുത്തു.

**കാദോഷ്**

പാലാ സെന്റ് തോമസ് കോളജിൽ ഏകദിനപ്രോഗ്രാം കാദോഷ് നടത്തപ്പെട്ടു.

**ടീൻ ക്രിസ്റ്റോസ്**

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും സ്കൂൾകുട്ടികളുടെ ദൈവാനുഭവം പങ്കുവയ്ക്കുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

**ജപമാലമാസാചരണം**

ജീസസ് യൂത്ത് പാലാ ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ ഒക്ടോബർ മാസം ഒന്നുമുതൽ എല്ലാ ദിവസവും വൈകിട്ട് 4.30 ന് പാലാ ളാലം പുത്തൻ പള്ളിയിൽവച്ച് ജപമാല നടത്തി.

**നൊവേന**

വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് പാലാ ടീൻസ് ടീമിന്റെ നേതൃത്വത്തിൽ ഒക്ടോബർ 1 മുതൽ വിശുദ്ധ കൊച്ചുത്രേസ്യയുടെ നൊവേന നടത്തി.

**ജാഗോ വോളന്റിയേർസ് ഓറിയന്റേഷൻ**

സെപ്റ്റംബർ 27, 28 തീയതികളിലായി പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, കോട്ടയം സോണിൽനിന്നുള്ള ജാഗോ വോളന്റിയേർസിനുവേണ്ടിയുള്ള ഓറിയന്റേഷൻ ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ചു നടത്തപ്പെട്ടു. മുപ്പതോളം ആളുകൾ പങ്കെടുത്തു.

**ജാഗോ**

ജീസസ് യൂത്ത് നാഷണൽ കോൺഫറൻസ് ബാംഗ്ലൂർ ക്രൈസ്റ്റ് കോളജിൽ വച്ചു നടത്തപ്പെട്ടു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നായി 16,000 ൽ അധികം യുവജനങ്ങളും വൈദികരും സന്ന്യസ്തരും കുടുംബങ്ങളും പങ്കെടുത്തു. പാലായിൽനിന്ന് 250 പേർ പങ്കെടുത്തു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1.** 06/10/2023: സഭാനവീകരണവർഷത്തോടനുബന്ധിച്ച് പാലാ രൂപത കുടുംബക്കൂട്ടായ്മ തയ്യാറാക്കിയ ബൈബിൾ കൈയെഴുത്തുപ്രതിയുടെ പ്രകാശനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപതാകൗൺസിൽ അംഗങ്ങൾ, റിസോഴ്സ് ടീമംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

**2.** 8/10/2023: ഏന്തയാർ ഇടവകയിലെ കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന് രൂപതാ റിസോഴ്സ് ടീമംഗം ശ്രീ ജോയി തെക്കുംചേരിക്കുന്നേൽ ക്ലാസെടുത്തു.

**3.** 14/10/2023: പ്രവിത്താനം ഇടവകയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ യോഗം ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് കുറുപ്പശ്ശേരിയിൽ അദ്ധ്യക്ഷത വഹിച്ചു. കുടുംബക്കൂട്ടായ്മയെക്കുറിച്ച് സെബാസ്റ്റ്യൻ പയ്യാനിമണ്ഡപം സംസാരിച്ചു.

**4.** 15/10/2023: അമ്പാറനിരപ്പേൽ ഇടവകയിലെ കുടുംബകൂട്ടായ്മാ ലീഡേഴ്സിന്റെ മീറ്റിംഗ് റവ. ഫാ. ജോസഫ് മുണ്ടയ്ക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് കുടുംബക്കൂട്ടായ്മയെക്കുറിച്ച് ക്ലാസ്സെടുത്തു.

**5.** പുതിയ റിസോഴ്സ് ടീമംഗങ്ങൾക്കുള്ള പരിശീലനം 4/10/2023, 11/10/2023, 18/10/2023 തീയതികളിൽ നടന്നു.

6. രൂപത റിസോഴ്സ് ടീമംഗങ്ങളുടെ യോഗം 24/10/2023, 31/10/2023 തീയതികളിൽ നടന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്കധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**ഒക്ടോബർ 9–11, 23–25** തീയതികളിലെ വിവാഹ ഒരുക്കസെമിനാറിൽ 195 പേർ സംബന്ധിച്ചു സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**നവംബർ 11–13, 27–29, ഡിസംബർ 4–6, 18–20** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ്സ് മീറ്റ്

ഒക്ടോബർമാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിൽ പങ്കെടുത്ത കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. രണ്ടു മീറ്റിംങ്ങിലായി 327 മാതാപിതാക്കൾ സംബന്ധിച്ചു.

## B. പിതൃവേദി

### 1. കുഞ്ഞച്ചൻ തീർത്ഥാടനം

ഒക്ടോബർ 7 ശനിയാഴ്ച രാമപുരം ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് മാതൃ-പിതൃവേദിയുടെ നേതൃത്വത്തിൽ കുഞ്ഞച്ചൻ തീർത്ഥാടനം നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ വി. കുർബാന അർപ്പിച്ചു. വിവിധ ഇടവകകളിൽനിന്നായി ആയിരത്തഞ്ഞൂറോളം മാതൃ-പിതൃവേദി അംഗങ്ങൾ തീർത്ഥാടനത്തിൽ പങ്കെടുത്തു.

### 2. രൂപതാസമിതി

ഒക്ടോബർ 21-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി ചേർന്നു.

## C. മാതൃവേദി

### 1. എക്സിക്യൂട്ടീവ് മീറ്റിങ്

ഒക്ടോബർ 3-ാം തീയതി ഉച്ചകഴിഞ്ഞ് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി. മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

**2. യൂണിറ്റ് പ്രവർത്തനോദ്ഘാടനം**

ഒക്ടോബർ 14-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് മണ്ണയ്ക്കനാട് ഇടവകയിൽ മാതൃവേദിയുടെ യൂണിറ്റ് പ്രവർത്തനോദ്ഘാടനം രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. മാതൃവേദി ജോ. ഡയറക്ടർ റവ. ഡോ. സി. എൽസ ടോം ക്ലാസ്സ് നയിച്ചു.

**3. വിധവാസംഗമം**

ഒക്ടോബർ 14-ാം തീയതി വൈകുന്നേരം 4 മണിക്ക് മുട്ടുചിറ യൂണിറ്റിൽ വിധവാസംഗമം നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പരിപാടിയിൽ പങ്കെടുത്തു. മുട്ടുചിറ ഇടവകയിൽ സംഘടിപ്പിച്ച രണ്ടാമത്തെ വിധവാ സംഗമം ആയിരുന്നു.

**4. സന്ദർശനം**

മാതൃവേദി കളത്തൂക്കടവ് യൂണിറ്റ് പാലാ പ്രീസ്റ്റ് ഹോം, അമ്പാറ ദീപ്തി ഭവൻ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. അവരോടൊപ്പം സമയം ചെലവഴിക്കുകയും സ്നേഹവിരുന്നിൽ പങ്കുചേരുകയും ചെയ്തു.

**5. ആദരിക്കൽ**

ഇടമറ്റം മാതൃവേദിയുടെ നേതൃത്വത്തിൽ വയോജനദിനത്തോടനുബന്ധിച്ച് ഇടമറ്റം ഇടവകയിലെ മുതിർന്ന മാതാപിതാക്കൾക്കുവേണ്ടി കുമ്പസാരവും കുർബാനയും നടത്തി. അതോടൊപ്പം സൗഹൃദസമ്മേളനം നടത്തി. ഏറ്റവും പ്രായം ചെന്ന വ്യക്തിയെ ആദരിക്കുകയും എല്ലാവർക്കും ഉപഹാരം നൽകുകയും ചെയ്തു. സമ്മേളനത്തോടനുബന്ധിച്ചു സ്നേഹവിരുന്നും നടന്നു.

## D. പ്രോലൈഫ്

**1. മീറ്റിംഗ്**

ഒക്ടോബർ 21-ാം തീയതി ഷലോം പാസ്റ്ററൽ സെന്റിൽവച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ സമിതി കൂടി.

## E. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോമലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

## F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സു

കൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ് , നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്കു വിളിക്കേണ്ട നമ്പർ — **7306293048**

**G. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി ഒക്ടോബർ മാസത്തിൽ **അരുവിത്തുറ, വാഗമൺ, വടകര** എന്നീ ഇടവകകളിലെ പെൺകുട്ടികൾക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**1. പാറേമാക്കൽ ഗോവർണദോർ അനുസ്മരണം**

പാറേമാക്കൽ ഗോവർണദോറിന്റെ 287-ാം ജന്മവാർഷികവും സിംബോസിയവും രാമപുരത്തുവച്ചു നടത്തി. കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. മാർ ജോസഫ് കല്ലറങ്ങാട്ട് യോഗം ഉദ്ഘാടനം ചെയ്തു. റവ.ഡോ. ജോർജ് വർഗീസ് ഞാറകുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ഫാ. ജോസഫ് മണർകാട്ട് എന്നിവർ സംസാരിച്ചു. സിംബോസിയത്തിൽ പൗരസ്ത്യവിദ്യാപീഠം പ്രൊഫ. റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, അനിൽ മാനുവൽ, അപ്പച്ചൻ കിഴക്കേക്കുന്നേൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**2. മുട്ടുചിറ ഫൊറോന**

മുട്ടുചിറ ഫൊറോനാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 8-ാമത് അടുക്കളത്തോട്ടമത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ നല്കി. ഫാത്തിമപുരം പള്ളി പാരിഷ് ഹാളിൽ കൂടിയ യോഗത്തിൽ ഫൊറോന പ്രസിഡന്റ് തോമസ് അരുവിക്കുഴിപ്പിൽ അധ്യക്ഷത വഹിച്ചു. ഫൊറോനാവികാരി വെരി റവ.ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ സമ്മാനങ്ങൾ നൽകി. ഫാ. മാത്യു തേവർകുന്നേൽ, ജോസ് വട്ടുകുളം, റ്റോമി കണ്ണീറ്റുമ്യാലിൽ, തോമസ് കട്ടയ്ക്കൽ, തോമസ് പനയ്ക്കൽ എന്നിവർ സംസാരിച്ചു.

**3. ഇലഞ്ഞി ഫൊറോന**

ഇലഞ്ഞി ഫൊറോനയും ഇലഞ്ഞി യൂണിറ്റും സംയുക്തമായി കൂത്താട്ടുകുളം ദേവമാതാ ഹോസ്പിറ്റലുമായി സഹകരിച്ചു മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഫൊറോന പ്രസിഡന്റ് ജയിംസ് കുറ്റിക്കോട്ടയിലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം അഡ്വ. അനൂപ് ജേക്കബ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. വെരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രീതി

അനിൽ, ജോസഫ് തോമസ്, ഫാ. പോൾ കുന്നുംപുറം, ബെന്നി കൊഴുപ്പൻകുറ്റി, ഷാജി എറണാകുളം, ബിജു തറമഠം, സോളി വടശ്ശേരി എന്നിവർ സംസാരിച്ചു. ഹൃദ്രോഗം, അസ്ഥിരോഗം, ശിശുരോഗം, നേത്രരോഗം, ജനറൽ മെഡിസിൻ, പ്രമേഹം എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാർ ക്യാമ്പിനു നേതൃത്വം നൽകി.

**4. പിഴക് യൂണിറ്റ്**

പിഴക് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കാർഷികസെമിനാറും ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കലും നടത്തി. യൂണിറ്റു പ്രസിഡന്റ് അഡ്വ. ജേക്കബ് അൽഫോൻസ് ദാസ് അധ്യക്ഷത വഹിച്ച യോഗം റവ.ഫാ. ജോസഫ് തെക്കേൽ ഉദ്ഘാടനം ചെയ്യുകയും സമ്മാനദാനം നടത്തുകയും ചെയ്തു. കാർഷി കവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിൽ കാർഷികസെമിനാർ നയിച്ചു. ജോയി വള്ളിയിൽ, അഗസ്റ്റ്യൻ പാറേമാക്കൽ, ലിസി തമ്പി, ജോസഫ് ജോസഫ് മല യിൽ എന്നിവർ സംസാരിച്ചു.

**5. ഏഴാച്ചേരി യൂണിറ്റ്**

യൂണിറ്റ് പ്രസിഡന്റ് ബിനോയ് പള്ളത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം വികാരി റവ.ഫാ. തോമസ് കൊട്ടുകാപ്പള്ളി ഉദ്ഘാടനം ചെയ്തു. പരസ്പരസഹാ യനിധിയുടെ ഉദ്ഘാടനം രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരി നിർവഹിച്ചു. സജി പള്ളിയാരടിയിൽ പ്രസംഗിച്ചു.

**6. അരുവിത്തുറ യൂണിറ്റ്**

യൂണിറ്റിന്റെ നേതൃത്വത്തിൽ നിർമ്മിച്ച വീടിന്റെ വെഞ്ചെരിപ്പുകർമം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ഫൊറോന ഡയറക്ടർ വെരി റവ.ഫാ. അഗസ്റ്റ്യൻ പാലയ്ക്കപ്പറമ്പിൽ, ഫൊറോന പ്രസിഡന്റ് ജയ്സൺ കൊട്ടുകാപ്പ ള്ളി, യൂണിറ്റ് പ്രസിഡന്റ് ബെന്നി വെട്ടത്തേൽ എന്നിവർ സന്നിഹിതരായിരുന്നു.

**7. കത്തോലിക്ക കോൺഗ്രസ് പ്രക്ഷോഭത്തിലേക്ക്**

വന്യജീവി ആക്രമണത്തിലും കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ച യിലും ശാശ്വതപരിഹാരമാർഗങ്ങൾ കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ പ്രക്ഷോഭണങ്ങൾക്കു തുടക്കംകുറിക്കു ന്നു. അതിന്റെ തുടക്കമായി ഭീമഹർജി സമർപ്പണത്തിന്റെ ഉദ്ഘാടനം ബിഷപ് ലെഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനി നിർവഹിച്ചു. യൂണിറ്റ്, ഫൊറോന തല ങ്ങളിൽ ബോധവത്കരണജാഥകൾ, രൂപതാതലത്തിൽ ധർണകൾ, ഗ്ലോബൽ തല ത്തിൽ കർഷകസംരക്ഷണയാത്ര, നിയമസഭാമാർച്ച് എന്നിവ സംഘടിപ്പിച്ചു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി എന്ന ദർശനവാക്യവുമയി കാരിത്താസ് ഇന്ത്യയുടെ നാഷണൽ അസംബ്ലി**

കത്തോലിക്കാസഭയുടെ സാമൂഹികസേവനപ്രസ്ഥാനമായ കാരിത്താസ് ഇന്ത്യയുടെ കീഴിൽ പ്രവർത്തിക്കുന്ന ഭാരതത്തിലെ നൂറ്റിയെഴുപത്തിനാലു

രൂപതകളുടെയും സോഷ്യൽവർക്ക് വിഭാഗം ഡയറക്ടർമാർ സംഗമിക്കുന്ന പത്താമത് ദേശീയസമ്മേളനം ഒക്ടോബർ 12, 13, 14 തീയതികളിൽ കേരളത്തിലാദ്യമായി പാലായിൽ നടത്തപ്പെട്ടു.

അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പാറ്റ്നാ അതിരൂപതയുടെ ബിഷപ്പും കാരിത്താസ് ഇന്ത്യ ദേശീയ ചെയർമാനുമായ മാർ സെബാസ്റ്റ്യൻ കല്ലുപുരയുടെ അദ്ധ്യക്ഷതയിൽ പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഭദ്രദീപം തെളിച്ച് ഉദ്ഘാടനകർമം നിർവഹിച്ചു.

സഭയുടെ കരുണയുടേതായ മുഖം മറ്റുള്ളവർക്കുമുൻപിൽ അവതരിപ്പിക്കാൻ കാരിത്താസ് ഇൻഡ്യയ്ക്കു കഴിയുന്നതായി ബിഷപ് കല്ലറങ്ങാട്ട് അഭിപ്രായപ്പെട്ടു. കാരിത്താസ് ഇൻഡ്യയുടെ നയസമീപനങ്ങൾ ചർച്ച ചെയ്യുവാനും സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ, പ്രാദേശികപ്രവർത്തനങ്ങൾ, പാരീഷ് കാരിത്താസ് തുടങ്ങിയ കാര്യങ്ങൾ ത്രിദിനസമ്മേളനത്തിൽ ചർച്ച ചെയ്യുമെന്ന് കാരിത്താസ് ഇൻഡ്യാ ദേശീയ ചെയർമാൻകൂടിയായ മാർ സെബാസ്റ്റ്യൻ കല്ലുപുര പറഞ്ഞു. 'വസുധൈവകുടുംബകം' എന്ന ഭാരതീയദർശനത്തിലൂന്നിയ "ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി" എന്നതാണ് കാരിത്താസ് ഇൻഡ്യയുടെ ദർശനവാക്യമെന്നും സാഹോദര്യത്തിനും മാനവീയതയ്ക്കുമായി ഒന്നിച്ചു മുന്നേറാൻ കാരിത്താസ് ഇൻഡ്യ പ്രതിജ്ഞാബദ്ധമാണന്നും എക്സി. ഡയറക്ടർ റവ.ഡോ. പോൾ മൂഞ്ഞേലി പറഞ്ഞു. തോമസ് ചാഴിക്കാടൻ എം.പി, മാണി സി. കാപ്പൻ എം.എൽ.എ., മുനിസിപ്പൽ ചെയർപേഴ്സൺ ജോസിൻ ബിനോ, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, കാരിത്താസ് ഇന്ത്യ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോബി പുത്തൻപുരയ്ക്കൽ, ബബിത പിന്റോ, ഡോ. വി.ആർ. ഹരിദാസ് തുടങ്ങിയവർ പ്രസംഗിച്ചു. കാരിത്താസ് ഇന്റർനാഷണൽ സെക്രട്ടറി ജനറൽ അലിസ്റ്റർ ദത്തൻ ഓൺലൈനായി സമ്മേളനത്തിൽ പങ്കുചേർന്നു. ദേശീയസമ്മേളനത്തോടനുബന്ധിച്ച് ഒരുക്കിയ എക്സിബിഷന്റെ ഉദ്ഘാടനം മാർ ജോസഫ് കല്ലറങ്ങാട്ടും 'സജീവം' പ്രദർശനം ശ്രീ മാണി സി. കാപ്പൻ എം.എൽ.എ.യും വന്ദേഭാരത മോഡൽ 'ആശാകിരണം എക്സ്പ്രസ്സ്'എക്സ്പോ മാർ സെബാസ്റ്റ്യൻ കല്ലുപുരയും പ്രാചീനകൃഷിയുപകരണങ്ങളുടെ പ്രദർശനം മുൻസിപ്പൽ ചെയർപേഴ്സൺ ജോസിൻ ബിനോയും ഉദ്ഘാടനം ചെയ്തു.

കാരുണ്യപ്രവർത്തനങ്ങൾക്കു കാരിത്താസ് ഇൻഡ്യ മാതൃകയാണന്ന് തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് അഭിപ്രായപ്പെട്ടു. ദരിദ്രർക്കും അവഗണിക്കപ്പെടുന്നവർക്കും സഭയുടെ കാരുണ്യത്തിന്റെ കരങ്ങളാകാൻ കാരിത്താസ് ഇൻഡ്യയ്ക്കു കഴിയുന്നതായി പിതാവ് പറഞ്ഞു. മാറിവരുന്ന കാലഘട്ടത്തിണങ്ങുംവിധം സാമൂഹികപ്രവർത്തനം പുനഃസജ്ജീകരിക്കേണ്ടതുണ്ടന്നും ബിഷപ് തുടർന്നു. കാരിത്താസ് ഇൻഡ്യയുടെ ദേശീയ അസംബ്ലിയുടെ ഓപ്പൺ സെഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്.

ആഗോളവത്കരണത്തിന്റെ ഭാഗമായി സാർവദേശീയകമ്പോളത്തിൽ വൻകിട നിക്ഷേപം നടത്തുന്ന മൂലധനശക്തികൾ വ്യാപകമായവിധം അസമത്വം

സൃഷ്ടിക്കുന്നതായി കാഞ്ഞിരപ്പള്ളി ബിഷപ് മാർ ജോസ് പുളിക്കൽ അഭിപ്രായ പെട്ടു. രാഷ്ട്രീയഭരണനയങ്ങളുടെ അനന്തരസൃഷ്ടിയായി യുദ്ധങ്ങളും പ്രകൃതിദുര ന്തങ്ങളും സൃഷ്ടിക്കുന്ന പുനർനിർമിതികൾക്കും പുനരധിവാസത്തിനുമായി വൻ കിടകമ്പനികൾ പുതിയ രൂപഭാവത്തിൽ രംഗത്തുവരുന്നത് ഏറെ ആശങ്കയുണർ ത്തുന്നതാണെന്നും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഭാഷയുടെയും വേഷ ത്തിന്റെയും പേരിൽ വിഭജനം സൃഷ്ടിച്ച് അതിൽനിന്ന് അധികാരവും സാമ്പത്തിക നേട്ടവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ഇക്കാലത്ത് ഉയർന്നുവരുന്ന തെന്നും പിതാവ് തുടർന്നുപറഞ്ഞു. പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കാരിത്താസ് ഇന്ത്യയുടെ നാഷണൽ അസംബ്ലിയുടെ രണ്ടാംദിനത്തിൽ ആദ്യ സെഷനിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ബിഷപ്.

ആത്മീയതയുടെ പുതിയ വീഞ്ഞുവിളമ്പുന്ന നവസുവിശേഷവൽക്കരണ ത്തിന്റെ ഭാഗമാവണം സാമൂഹികപ്രവർത്തനമെന്ന് ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ അഭിപ്രായപ്പെട്ടു. സാമൂഹികനന്മയ്ക്കാ യുള്ള സഭയുടെ ഇടപെടലുകൾ മഹത്തരമാണന്നും ഈ രംഗത്ത് കാരിത്താസ് ഇൻഡ്യയുടെ നേതൃത്വപരമായ സാന്നിദ്ധ്യം മാതൃകാപരമാണന്നും ബിഷപ് പറഞ്ഞു. പാലായിൽ കാരിത്താസ് ഇൻഡ്യയുടെ പത്താമത് ദേശീയ സമ്മേളനത്തിന്റെ രണ്ടാം ദിവസം ഭരണങ്ങാനം സെന്റ് അൽഫോൻസാ കബറിട പ്പള്ളിൽ സമൂഹബലി അർപ്പിച്ചു പ്രസംഗിക്കുകയായിരുന്നു ബിഷപ്. പാറ്റ്നാ അതിരൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ കല്ലുപുര, റവ. ഡോ. പോൾ മുഞ്ഞേലി, റവ. ഡോ. ജോളി പുത്തൻപുര എന്നിവരും നൂറ്റിയൻപതിൽപരം വൈദികരും സഹകാർമ്മികരായിരുന്നു.

കരുണയുടെ അനുഭവസാക്ഷ്യമാണ് കാരിത്താസ് ഇൻഡ്യ നിർവ്വഹിക്കുന്ന തെന്ന് വിജയപുരം രൂപതാദ്ധ്യക്ഷൻ റവ. ഡോ. സെബാസ്റ്റ്യൻ തെക്കുംചേരിക്കു ന്നേൽ പറഞ്ഞു. പ്രാദേശിക കാരിത്താസിസം ഇന്നിന്റെ ആവശ്യമാണന്നും ബിഷപ് കൂട്ടിച്ചേർത്തു. കാരിത്താസ് ഇൻഡ്യയുടെ ദേശീയസമ്മേളനത്തിന്റെ സമാപനദിവസം മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ബിഷപ്.

കാരിത്താസ് ഇന്റർനാഷണൽ പ്രതിനിധികളായ പീറ്റർ സെയ്ദൽ, സോറൻ റോങ്, മുൻ വൈസ് ചാൻസലർ ഡോ. ജാൻസി ജയിംസ്, കാത്തലിക് റിലീഫ് സർവ്വീസ് ഓഫ് ഇൻഡ്യ എക്സിക്യൂട്ടീവ് ഡയറക്ടർ സെന്തിൽകുമാർ ഗുരുനാഥൻ, ഗ്ലോബൽ സി.ആർ.എസ്. ടെക്നിക്കൽ അഡ്വൈസർ കുശാൽ നിയോഗി, ഉടുപ്പി സംപാഡ ഡയറക്ടർ ഫാ. റെജിനാൾഡ് പിന്റോ, കാരിത്താസ് ഗോവ ഡയറക്ടർ ഫാ. മാവേറിക് ഫെർണാണ്ടസ്, അരുണാചൽ സേവാകേന്ദ്രം ഡയറക്ടർ സിസ്റ്റർ സുനിത പാർമർ, ഫാ. ബിപിൻ പാനി ജാർഖണ്ഡ്, സിസ്റ്റർ ദീപിക എസ്.എൻ. ഡി. പാറ്റ്ന, ഫാ. ഫ്രാൻസീസ് ദാബ്റേവസായ്, ഫാ. കിരൺ കന പല ഗുണ്ടൂർ, ജോസഫ് മാത്യു രാജസ്ഥാൻ, ഫാ. വർഗ്ഗീസ് മറ്റമന, ഫാ. റൊമാൻസ് ആന്റണി, ഫാ. ജേക്കബ് മാവുങ്കൽ, സി. ജസ്റ്റീന എസ്.ആർ.എ, ഫാ. ഡോ. പോൾ മൂഞ്ഞേലി, ഫാ. ഡോ. ജോളി പുത്തൻപുര, ബബിത പിന്റോ, ഡോ.വി.ആർ. ഹരിദാസ്

തുടങ്ങിയവർ ത്രിദിന അസംബ്ളിയിൽ വിവിധ സെഷനുകൾക്കു നേതൃത്വം കൊടുത്തു.

സാമൂഹികരംഗത്തു പ്രവർത്തനമികവു പുലർത്തിയ സംഘടനകൾക്കുള്ള ഉപഹാരങ്ങൾ കാരിത്താസ് ഇൻഡ്യ ദേശീയ ചെയർമാൻകൂടിയായ പാറ്റ്നാ അതിരൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ കല്ലുപുര വിതരണം ചെയ്തു. നാമമാത്ര, ഇടത്തരം കർഷകരെ ഓഹരിയുടമകളാക്കി തൊഴിലവസരങ്ങളും വരുമാന വർദ്ധനവും ഉറപ്പുവരുത്തുന്ന കർഷക ഉത്പാദകകമ്പനികൾക്കു നേതൃത്വം കൊടുക്കുന്ന പാലാ രൂപത രാജ്യത്തിനാകെ മാതൃകയാണന്ന് കാരിത്താസ് ഇൻഡ്യ ദേശീയ സമ്മേളനപ്രതിനിധികൾ അഭിപ്രായപ്പെട്ടു. പാലാ രൂപതയുടെ ആദ്യത്തെ കർഷക ഉത്പാദക കമ്പനിയായ കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി സന്ദർശിച്ചു സംസാരിക്കുകയായിരുന്നു കാരിത്താസ് സംഘം. കാരിത്താസ് ഇന്റർനാഷണൽ പ്രതിനിധി പീറ്റർ സെയ്ഡൽ ജർമ്മനി, കാരിത്താസ് ഇൻഡ്യ ദേശീയ അസി. ഡയറക്ടർ റവ. ഡോ. ജോളി പുത്തൻപുര, ഫാ. വർഗീസ് മട്ടമന, ഫാ. ജേക്കബ് മാവുങ്കൽ, ഫാ. റജിനാൾഡ് പിന്റോ, സി. സുനിത പാർമർ, ഡോ. വി.ആർ. ഹരിദാസ്, ബബിത പിന്റോ, പി.എസ്.ഡബ്ല്യു.എസ്. ഭാരവാഹികളായ ഫാ. തോമസ് കിഴക്കേൽ, ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, ഡാന്റീസ് കൂനാനിക്കൽ, പി.വി. ജോർജ് പുരയിടം തുടങ്ങിയവരുടെ നേതൃത്വത്തിൽ നൂറിൽപരം രൂപതകളുടെ സോഷ്യൽവർക്ക് വിഭാഗം ഡയറക്ടറച്ചന്മാരാണ് ഗ്രാമീണ കർഷകകമ്പനി സന്ദർശിക്കാൻ കാഞ്ഞിരമറ്റത്തെത്തിയത്. വികാരി ഫാ. ജോസഫ് മണ്ണനാൽ, അസി. വികാരി ഫാ. ജയിംസ് പനച്ചിക്കൽകരോട്ട്, കമ്പനിചെയർമാൻ സണ്ണി കളരിക്കൽ, സി.ഇ.ഒ. ടോം ജേക്കബ് ആലയ്ക്കൽ, മാത്തുക്കുട്ടി ഞായർകുളം, ജയ്മോൻ പുത്തൻപുരയ്ക്കൽ, തോമസ് കൈപ്പൻപ്ലാക്കൽ, ജോസഫ് ഓലിക്കത്തകിടി തുടങ്ങിയവരുടെ നേതൃത്വത്തിൽ സംഘാംഗങ്ങളെ സ്വീകരിച്ചു. തുടർന്ന്, മൂഴൂർ മിത്രം പ്രൊഡക്ഷൻ യൂണിറ്റും, കാർഷിക ഉത്പന്ന സംസ്കരണവിപണനകേന്ദ്രവും ചേർപ്പുങ്കൽ മെഡിസിറ്റിയും സംഘം സന്ദർശിച്ചു. മറ്റൊരു സംഘം പാലാ സാന്തോം, ഹരിതം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ, സ്റ്റീൽ ഇൻഡ്യ, ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിങ്ങ് കോളജ്, പാലാ അഗ്രിമ നഴ്സറി ആന്റ് ഇക്കോ ഷോപ്പ് എന്നിവ സന്ദർശിച്ചു. ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ജോയി മടിക്കാങ്കൽ, സിബി കണിയാംപടി, സാജു വടക്കൻ, മാനുവൽ ആലാനി, വിമൽ ജോണി, വിജയ് ഹരിഹരൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ സന്ദർശകർക്കു സ്വീകരണം നൽകി.

**പി.എസ്.ഡബ്ല്യു.എസിനു കാരിത്താസ് ഇൻഡ്യയുടെ ആദരം**

കാരിത്താസ് ഇൻഡ്യ നാഷണൽ അസംബ്ലിയുടെ സംഘാടനമികവും കാർഷിക രംഗത്തെ മാതൃകാപ്രവർത്തനങ്ങളും പരിഗണിച്ച് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിക്കു കാരിത്താസ് ഇന്ത്യയുടെ ദേശീയസമ്മേളനത്തിൽ പ്രത്യേക ആദരവു ലഭിച്ചു. പാറ്റ്നാ അതിരൂപതാദ്ധ്യക്ഷനും കാരിത്താസ് ഇൻഡ്യാ ദേശീയ ചെയർമാനുമായ മാർ സെബാസ്റ്റ്യൻ കല്ലുപുര പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേലിനെയും അരുണാപുരം അൽ

ഫോൻസിയൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. ജോസ് തറപ്പേലിനെയും പൊന്നാടയണിയിച്ച് ആദരിക്കുകയും മെമന്റോ സമ്മാനിക്കുകയും ചെയ്തു. സാമൂഹികരംഗത്തു പ്രവർത്തനമികവു പുലർത്തിയ സംഘടനകൾക്കുള്ള ഉപഹാരങ്ങൾ മാർ സെബാസ്റ്റ്യൻ കല്ലുപുര വിതരണം ചെയ്തു. രാജ്യത്തെ 174 രൂപതകളിലെ സാമൂഹികപ്രവർത്തനവിഭാഗം ഡയറക്ടർമാർ സംഗമിച്ച ത്രിദിനസമ്മേളനം വരുംവർഷങ്ങളിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്കു രൂപം കൊടുത്തു. രാജ്യത്തെ എല്ലാ ബിഷപ്പുമാരുടെയും ദേശീയസമ്മേളനത്തിനു പത്തു വർഷംമുൻപ് ആതിഥ്യമരുളിയ പാലാ രൂപതയ്ക്ക് ഏറെ അഭിമാനിക്കാൻ കഴിയുന്നതായിരുന്നു കാരിത്താസ് ഇൻഡ്യ നാഷണൽ അസംബ്ലി.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ - ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാമിലേക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാനതീയതി നവംബർ 30 വരെ നീട്ടി. വിധവകളോ/ഭർത്താവ് ഉപേക്ഷിച്ചവരോ/ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയ 40 ശതമാനത്തിലധികം വൈകല്യമുള്ളവരോ/ക്യാൻസർ ബാധിതരോ ആയ 13 വയസ്സിൽ താഴെയുള്ള കുട്ടികളോ ഉള്ള കുടുംബങ്ങൾക്ക് ആറു വർഷത്തേക്ക് വിവിധ വരുമാനവർധനപദ്ധതി പ്രവർത്തനങ്ങൾക്കുള്ള ധനസഹായം നൽകുന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**ഉപവാസധർണ്ണ സമിതി**

സെപ്റ്റംബർ 16 ലെ DCMS രൂപതാകമ്മിറ്റി തീരുമാനപ്രകാരം കേന്ദ്ര-സംസ്ഥാനസർക്കാരുകൾ പട്ടികജാതിയിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച ദളിത് ക്രൈസ്തവരോടു കാണിക്കുന്ന ഭരണഘടനാവിരുദ്ധ നീതിനിഷേധത്തിനെതിരേയുള്ള അവകാശപ്പോരാട്ടങ്ങളുടെ തുടർച്ചയായി 2023 നവംബർ 1 കേരളപ്പിറവിദിനത്തിൽ പാലാ കുരിശുപള്ളിക്കവലയിൽ നടത്തുന്ന ഉപവാസധർണ്ണയുടെ നടത്തിപ്പിനു സമരസമിതി രൂപീകരിച്ചു.

രക്ഷാധികാരി: ഫാ. ജോസ് വടക്കേക്കുറ്റ്, ജനറൽ കൺവീനർ - ബിനോയ് ജോൺ അമ്പലംകട്ടയിൽ, കൺവീനേഴ്സ് : ജസ്റ്റിൻ മാത്യു കുന്നുംപുറത്ത്, ബേബി ആന്റണി പാറയ്ക്കൽ, ബിജി സാലസ് തെക്കേൽ, മീഡിയ: ബിബിൻ ബേബി ഇടപ്പറമ്പിൽ, ഓഫീസ്: ബിന്ദു ആന്റണി വട്ടമറ്റത്തിൽ, മേരി എം.പി., കക്കാലിമറ്റത്തിൽ, ഫിനാൻസ് കമ്മറ്റി: ജോയ് മാത്യു കുന്നത്തുപറമ്പിൽ, ബാബുപീറ്റർ പണ്ടിമാക്കിൽ, പബ്ലിസിറ്റി: ഫെമിന സിബിച്ചൻ നട്ടാർ വയലിൽ, ജോസ്സിമോൻ തോമസ് തുണ്ടത്തിൽ. കമ്മിറ്റിഅംഗങ്ങൾ: സണ്ണി പി.എം. പല്ലാട്ട്, ഫ്രാൻസിസ് ജോസഫ് ഇടപ്പറമ്പിൽ, എം.സി. ജോസഫ് മുണ്ടാട്ട്.

**അടിയന്തര മേഖലാ ഭാരവാഹികളുടെ മീറ്റിംഗ്**

2023 സെപ്റ്റംബർ മാസത്തെ രൂപതാകമ്മറ്റി തീരുമാനപ്രകാരം നവംബർ 1 നു നടത്തുന്ന ഉപവാസധർണ്ണയുടെ മുന്നൊരുക്കങ്ങൾക്കായി ഒക്ടോബർ 1

ഞായറാഴ്ച ഉച്ചകഴിഞ്ഞ് അടിയന്തര മേഖലാഭാരവാഹികളുടെ മീറ്റിംഗ് ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു കൂടുകയുണ്ടായി. രൂപതാ പ്രസിഡന്റ് ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ഉപവാസധർണ്ണ കൺവീനർ ജസ്റ്റിൻ മാത്യു സ്വാഗതം പറഞ്ഞു. തുടർന്ന് രൂപതാ ഡയറക്ടർ ആമുഖസന്ദേശം നല്കി. യോഗത്തിൽ രൂപതാകമ്മിറ്റിയംഗങ്ങൾ ഓരോ മേഖല തിരിച്ച് മീറ്റിങ്ങുകളിൽ സന്ദർശനം നടത്താൻ തീരുമാനിച്ചു.

**മേഖലാസന്ദർശനങ്ങൾ**

2023 നവംബർ 1 പാലാ കുരിശുപള്ളിക്കവലയിൽ നടത്തുന്ന ഉപവാസധർണ്ണയ്ക്കു മുന്നോടിയായി രൂപതാ ഡയറക്ടർ, രൂപതാക്കമ്മറ്റി അംഗങ്ങൾ എന്നിവർ ഒക്ടോബർ 8 ഞായറാഴ്ച ഉച്ചകഴിഞ്ഞ് രൂപതയിലെ വിവിധ മേഖലയിലെ മീറ്റിങ്ങുകളിൽ പങ്കെടുക്കുകയുണ്ടായി. തുടർന്ന്, അന്നു വൈകുന്നേരം 5 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് മീറ്റിങ്ങ് കൂടുകയും സന്ദർശനാവലോകനം നടത്തുകയും ചെയ്തു. അതിൻപ്രകാരം ഒക്ടോബർ 22 ന് അടിയന്തരരൂപതാ കൗൺസിൽ വിളിച്ചുചേർക്കാൻ തീരുമാനിക്കുകയും ചെയ്തു.

**മേഖലാസന്ദർശനം**

പാലാ, ഭരണങ്ങാനം : സണ്ണി പി.എം.
അരുവിത്തുറ : ബിന്ദു ആന്റണി
പൂഞ്ഞാർ : ബിബിൻ ബേബി
പ്രവിത്താനം- ഫാ. ജോസ് വടക്കേക്കുറ്റ്, ബേബി ആന്റണി, ജോസ്സിമോൻ തോമസ്
കടനാട് - ബിനോയ് ജോൺ
രാമപുരം - ഫാ. ജോസ് വടക്കേക്കുറ്റ്, ബേബി ആന്റണി
കുറവിലങ്ങാട് - ബിജി സാലസ്
കോതനല്ലൂർ - ബാബു പീറ്റർ
മുട്ടുചിറ - ഫ്രാൻസീസ്
ചേർപ്പുങ്കൽ - ജസ്റ്റിൻ മാത്യു
ഇലഞ്ഞി - ബിനോയ് ജോൺ
തുടങ്ങനാട് - ഫാ. ജോസ് വടക്കേക്കുറ്റ്, ബേബി ആന്റണി

**തീർത്ഥാടനപദയാത്ര**

ഡി.സി.എം.എസ്. പാലാ രൂപതാക്കമ്മറ്റിയുടെ നേതൃത്വത്തിൽ 2023 ഒക്ടോബർ 16 തിങ്കളാഴ്ച രാവിലെ 10.30 വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ രാമപുരത്തുള്ള കബറിടത്തിങ്കലേക്കു തീർത്ഥാടനപദയാത്ര നടത്തി. ചക്കാമ്പുഴ കുരിശുപള്ളിയങ്കണത്തിൽനിന്ന് ആരംഭിച്ച പദയാത്ര പാലാ രൂപത വികാരി ജനറാൾ മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്യുകയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുസ്വരൂപം രൂപതാ പ്രസിഡന്റിനു കൈമാറുകയും ചെയ്തു. ഡി.സി.എം.എസ്. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖസന്ദേശം നല്കി. രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് ചക്കാമ്പുഴ പള്ളിവികാരി ഫാ. ജോസഫ് വെട്ടത്തേൽ സന്ദേശം നല്കുകയും ചെയ്തു. രാമപുരത്ത് എത്തിയ തീർത്ഥാടനപദയാത്രയെ

രാമപുരം ഫൊറോന വികാരി ഫാ. ജോർജ്ജ് വർഗീസ് ഞാറകുന്നേലും വൈസ് പോസ്റ്റുലേറ്റർ ഫാ. തോമസ് വെട്ടുകാട്ടിലും പള്ളിക്കമ്മിറ്റിയംഗങ്ങളും ഡിസി എംഎസ് യുണിറ്റ്, മേഖല ഭാരവാഹികളും കുഞ്ഞച്ചന്റെ തിരുസ്വരൂപത്തെ മാലയിട്ടു സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ഡി.സി.എം.എസ്. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ദിവ്യബലി അർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു. നൂറോളം ആളുകൾ പങ്കെടുത്ത തീർത്ഥാടനപദയാത്രയ്ക്കു രൂപതാഭാരവാഹികളായ ഫെമിന സിബിച്ചൻ, മേരി എം.പി., സണ്ണി പി. എം., ബിന്ദു ആന്റണി എന്നിവർ നേതൃത്വം നല്കി.

**രൂപതാകമ്മിറ്റി**

ഡി.സി.എം.എസ്. പാലാ രൂപതാകമ്മിറ്റിയുടെ ഒക്ടോബർ മാസത്തെ രൂപതാകമ്മിറ്റി ഒക്ടോബർ 22 ഞായറാഴ്ച രാവിലെ 11 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു രൂപതാ പ്രസിഡന്റ് ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിലും രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ നേതൃത്വത്തിലും കൂടുകയുണ്ടായി. കമ്മിറ്റിയിൽ നവംബർ 1 നു നടത്തുന്ന ഉപവാസധർണ്ണയെക്കുറിച്ചും, നിയമാവലി പരിഷ്കരണത്തെക്കുറിച്ചും ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**അടിയന്തരരൂപതാകൗൺസിൽ**

നവംബർ 1 നു നടത്തുന്ന ഉപവാസധർണ്ണയുടെ മുന്നോടിയായി വിളിച്ചു ചേർത്ത അടിയന്തര രൂപതാകൗൺസിൽ പാലാ രൂപത വികാരി ജനറാൾ മോൺ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്യുകയും കൗൺസിൽ അംഗങ്ങളോടു സംസാരിക്കുകയും ചെയ്തു. യോഗത്തിനു രൂപത ഓർഗനൈസർ ബേബി ആന്റണി സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, ബിജി സാലസ്, ജസ്റ്റിൻ മാത്യു എന്നിവർ സംസാരിച്ചു, രൂപതാ സെക്രട്ടറി ബിന്ദു ആന്റണി കൃതജ്ഞതയർപ്പിച്ചു.

**മൗണ്ട് നൊബോ സമ്മേളനം**

മൗണ്ട് നൊബോ ആബാഭവനത്തിൽവച്ച് ഡി.സി.എം.എസ്. രൂപതാകമ്മിറ്റി അംഗങ്ങൾക്കായി പ്രാർത്ഥന നടത്തി. തുടർന്ന് അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ്, സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ജോസഫ് മലേപ്പറമ്പിൽ, ഫാ. ബർക്കുമെൻസ് കുന്നുംപുറം, ഫാ. തോമസ് വാഴചാരിക്കൽ, ഫാ. ജോൺസൺ, വാഗമൺ പള്ളി വികാരി എന്നിവരുമായി ചർച്ചകൾ നടത്തി. നവംബർ 1 ലെ ഉപവാസധർണ്ണയെക്കുറിച്ചും സംഘടനയുടെ വരുംകാലപ്രവർത്തനങ്ങളെക്കുറിച്ചും സംസാരിക്കുകയുണ്ടായി. യോഗത്തിന് രൂപതാഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതവും പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ കൃതജ്ഞതയും പറഞ്ഞു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. മീറ്റിംഗ്**

അഗതികളും അനാഥരുമായവർക്കുവേണ്ടിയുള്ള ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രശ്നങ്ങളും പ്രതിസന്ധികളും ആവശ്യകതകളും പരിഹാരമാർഗ്ഗങ്ങളും ചർച്ചചെയ്യുന്നതിനുമായി പി.ഒ.സി. യിൽവച്ചു നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

**2. വീൽചെയർ സ്പോൺസറിംഗ്**

പ്രവാസി അപ്പൊസ്തലേറ്റ് സ്പോൺസർ ചെയ്ത 74 വീൽച്ചെയറുകൾ പാലാരൂപതയുടെ പരിധിയിലുള്ള ഏറ്റവും അർഹരായ കെയർ ഹോംസ് സ്ഥാപനങ്ങൾക്കു നൽകി.

**3. യാത്രയയപ്പ്**

കഴിഞ്ഞ ആറു മാസക്കാലമായി കെയർ ഹോംസ് ഓഫീസിൽ റീജന്റ് ബ്രദറായി സേവനം ചെയ്ത ബ്രദർ ജോർജ് ഇടയോടിയിലിനു സമുചിതമായ യാത്രയയപ്പു നൽകി.

**4. സ്വീകരണം**

കെയർ ഹോംസ് ഓഫീസിലേക്ക് റീജന്റ് ബ്രദറായി സേവനം അനുഷ്ഠിക്കാനെത്തിയ ബ്രദർ ജോർജ് പൊട്ടനാനിയിലിനു സ്വീകരണം നൽകി.

**5. സന്ദർശനം**

കാവാലി, ഏന്തയാർ, നെന്മേനി എന്നിവിടങ്ങളിലെ കെയർ ഹോംസ് സ്ഥാപനങ്ങൾ സന്ദർശിച്ച് ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ആവശ്യകതകളും പരിഹാരമാർഗ്ഗങ്ങളും ചർച്ചചെയ്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. സോണൽ മീറ്റിംഗ്**

1. വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി ഹാളിൽ വച്ചു നടന്ന കേരള ലേബർ മൂവ്മെന്റ് കോട്ടയം സോണൽ മീറ്റിംഗിൽ അഞ്ചു പേർ പങ്കെടുത്തു.

**2.** 22, 23, 24 തീയതികളിൽ കാഞ്ഞിരപ്പള്ളിയിൽ വച്ചു നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

**2. യാത്രയയപ്പ്**

കഴിഞ്ഞ ആറു മാസക്കാലമായി കെ.എൽ.എം. ഓഫീസിൽ റീജന്റ് ബ്രദറായി സേവനം ചെയ്ത ബ്രദർ ജോർജ് ഇടയോടിയിലിനു സമുചിതമായ യാത്രയയപ്പു നൽകി.

**3. സ്വീകരണം**

കെ.എൽ.എം. ഓഫീസിലേക്ക് റീജന്റ് ബ്രദറായി സേവനം അനുഷ്ഠിക്കാനെത്തിയ ബ്രദർ ജോർജിലിൻ പൊട്ടനാനിയിലിനു സ്വീകരണം നൽകി.

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെക്കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

---

# അഡാർട്ട്

---

**ഗാന്ധിജയന്തിദിനാചരണം**

ഒക്ടോബർ 2-ാം തീയതി അഡാർട്ടിൽ ഗാന്ധിജയന്തിദിനം ആചരിച്ചു. ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ ഗാന്ധിചിത്രത്തിൽ പുഷ്പാർച്ചന നടത്തി പരിപാടികൾക്കു തുടക്കംകുറിച്ചു. തുടർന്നുനടന്ന പൊതുസമ്മേളനത്തിൽ ശ്രീ എൻ.എം. സെബാസ്റ്റ്യൻ, ഗാന്ധിയൻ കർമ്മപദ്ധതി ജില്ലാ കോർഡിനേറ്റർ ശ്രീ അബ്രാഹം, ശ്രീ കെ.പി. ജോസഫ്, ശ്രീമതി സെലിൻ തുടങ്ങിയർ സന്നിഹിതരായിരുന്നു. അൽ-അനോൺ, അൽ-അറ്റീൻ അംഗങ്ങളും മറ്റു ജീവനക്കാരും പങ്കെടുത്തു. കോളേജ് അധ്യാപകപദവിയിൽനിന്നു വിരമിച്ചതിനുശേഷം നൃത്തം അഭ്യസിച്ച് അരങ്ങേറ്റം നടത്തിയ, അഡാർട്ടിൽ കൗൺസിലർകൂടിയായ ശ്രീമതി സെലീനയെ പൊന്നാടയണിയിച്ച് ആദരിച്ചു.

**എ.എ, അൽ-അനോൺ, അൽ-അറ്റീൻ സമ്മേളനങ്ങൾ**

എല്ലാ ഞായറാഴ്ചകളിലും എ.എ. പ്രഭാഷണങ്ങളും സമ്മേളനവും നടത്തി. രണ്ടാം ശനിയാഴ്ച ചികിത്സ തേടിയവരുടെ ജീവതപങ്കാളി, മക്കൾ എന്നിവരുടെ സമ്മേളനവും ബോധവത്കരണപരിപാടികളും നടത്തപ്പെട്ടു.

**സന്ദർശനങ്ങൾ**

കേന്ദ്ര സാമൂഹികനീതി വകുപ്പിലെ ഉദ്യോഗസ്ഥർ, ജില്ലാ സമൂഹ്യനീതിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ അഡാർട്ട് സന്ദർശിച്ചു. വിവിധ കേളേജുകളിലെ കുട്ടികൾ പഠനത്തിന്റെ ഭാഗമായുള്ള സന്ദർശം നടത്തി.

**പ്രാർത്ഥനാസമ്മേളനങ്ങൾ**

ചികിത്സയിൽ ആയിരിക്കുന്നവർക്കും കുടുംബാംഗങ്ങൾക്കുമായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. ചികിത്സയിൽ ആയിരിക്കുന്നവരുടെ നേതൃത്വത്തിൽ അഖണ്ഡജപമാല നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തോലേറ്റ്

**1. ലോഗോസ് ക്വിസ് 2023**

ലോഗോസ് ക്വിസ് 2023 ന്റെ ഫലം പ്രസിദ്ധീകരിച്ചു.

| | | | |
|---|---|---|---|
| A | കരോൾ ജോസഫ് | ഗ്രേസ് ടോജോ | ആഗ്നസ് റിജോ |
| | കൈതക്കാവിൽ | നമ്പുടാകത്ത് | വടക്കേവേലിക്കൽ |
| | പാദുവ | തിടനാട് | കുറവിലങ്ങാട് |
| B | മരിയ | ജോസഫ് | ഡീയോണി ജോസഫ് |
| | പൈക്കാട്ട് | അഴാത്ത് | ഇടയോടിയിൽ |
| | അരുവിത്തുറ | അരുവിത്തുറ | മരങ്ങാട്ടുപള്ളി |
| C | അഞ്ചന ടോജി | അജു ജോൺ | റിയ മരിയ ബാബു |
| | തെങ്ങുംപള്ളിൽ | കരീമാക്കിയിൽ | കാർമലൈറ്റ് കോൺവെന്റ് |
| | മേരിലാന്റ് | കുടക്കച്ചിറ | കരൂർ |
| D | ഡയോന ജോർജ് | നൈസി തോമസ് | അനീറ്റ |
| | അമ്മിയാനിക്കൽ | തൂങ്കുഴിയിൽ | പാറയ്ക്കൽ |
| | ഭരണങ്ങാനം | ചെമ്മലമറ്റം | ഏന്തയാർ |
| E | ബാബു പോൾ | ബിന്നി സ്കറിയ | ആലീസ് മാത്യു |
| | പെരിയപ്പുറം | പാലയ്ക്കൽ | പുല്ലാട്ട് |
| | ഭരണങ്ങാനം | കാഞ്ഞിരമറ്റം | തീക്കോയി |
| F | മേരി പോൾ | ഏത്സമ്മ | ലൂസി മാത്യു |
| | പൂവത്തുങ്കൽ | വെള്ളരിങ്ങാട്ട് | SH HRDC, മുട്ടം |
| | മുത്തോലപുരം | ജിയോവാലി | സിബിഗിരി |

**ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ**

A 200 വരെ കുടുംബങ്ങൾ

1. വാരിയാനിക്കാട് 2. പയ്യാനിത്തോട്ടം 3. തിരുമാറാടി

B 200 നുമുകളിൽ കുടുംബങ്ങൾ

1. തുരുത്തിപ്പള്ളി 2. കുന്നോന്നി 3. കുടക്കച്ചിറ

C 400 നുമുകളിൽ

1. തിടനാട് 2. പൈക 3. സിബിഗിരി

D 800 നുമുകളിൽ

1. കുറവിലങ്ങാട് 2. രാമപുരം 3. അരുവിത്തുറ

**കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച സെന്ററുകൾ**

1. നഴ്സിംഗ് കോളജ്, ചേർപ്പുങ്കൽ
2. എസ്.എം.ജെ. ജനറലേറ്റ്, പാലാ
3. അഡൊറേഷൻ ഹോസ്റ്റൽ, പാലാ

മത്സരങ്ങൾ നല്ലരീതിയിൽ സംഘടിപ്പിച്ച എല്ലാവർക്കും ഒത്തിരി നന്ദി. വിജയിച്ചവർക്ക് അഭിനന്ദനങ്ങളും.

**ബൈബിൾ കോഴ്സ്**

അല്മായർക്കായി സംഘടിപ്പിച്ചിരിക്കുന്ന ബൈബിൾ കോഴ്സിന്റെ അടുത്ത ക്ലാസ് നവംബർ 11 ന് നടക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ബൈബിൾ കൺവൻഷൻ**

a. പാലാ രൂപത 41-ാമത് ബൈബിൾ കൺവൻഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. പോസ്റ്റർ, പ്രാർത്ഥനാകാർഡുകൾ, കൂപ്പൺ എന്നിവ രൂപത മുഴുവനിലും എത്തിച്ചു കൊണ്ടിരിക്കുന്നു.

b. തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, ശനി എന്നീ ദിവസങ്ങളിൽ കൺവൻഷനു വേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന എസ്.എച്ച്. സാന്തോം കോൺവെന്റിൽവച്ചു നടന്നുകൊണ്ടിരിക്കുന്നു.

c. കൺവൻഷൻ വോളന്റിയേഴ്സിന്റെ ഒരുക്കധ്യാനം നാലു ബാച്ചുകളായി അണക്കരയിൽ നടന്നു.

**2.** ഇവാഞ്ചലൈസഷൻ k1 സിസ്റ്റേഴ്സ് കൂട്ടായ്മ 21-ാം തീയതി ഷലോമിൽവച്ചു നടന്നു.

**3.** ഒക്ടോബർ 10, 24 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

**4.** ഒക്ടോബർ 15 ന് കൊഴുവനാലും 29 ന് ളാലം പുത്തൻപള്ളിയിലും ജയ്ഗിരി പള്ളിയിലും വചനപ്രഘോഷണം നടത്തി.

**5. സ്ടീറ്റ് മിനിസ്ടി**

23/9 ഇടപ്പാടിഭാഗം
26/9 പൊന്തൻപുഴഭാഗം
7/10 മുരിക്കാശേരിഭാഗം
10/10 പൊന്തൻപുഴഭാഗം
17/10 മേലുകാവുഭാഗം
24/10 നരിയങ്ങാനംഭാഗം

റിട്ട. എസ്.ഐ.റ്റി.എം. മാത്യു ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ കത്തീഡ്രലിൽ വെള്ളിയാഴ്ചശുശ്രൂഷകൾ**

ഫാ. ജേക്കബ് വെള്ളമരുതുങ്കലിന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.15 മുതൽ 2.15 വരെ ജപമാല, സ്തുതി, ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ഒക്ടോബർ മാസത്തിൽ റവ. ഫാ. ക്ലീറ്റസ് ടോം ഇടശ്ശേരിയിൽ CMI, ബ്രദർ മാത്യു തോണിക്കുഴിയിൽ, ബ്രദർ സാബു കല്ലുപ്രായിൽ, ബ്രദർ ബെന്നിസ് രാമപുരം എന്നിവർ ഓരോ ആഴ്ചയിലും വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

**2. രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽവച്ചു നടന്നുവരുന്ന രാത്രിയാരാധന വൈകിട്ട് 7 മണി മുതൽ 11 മണി വരെ നടത്തപ്പെട്ടു. കരിസ്മാറ്റിക് പാലാ സോൺ സിസ്റ്റർ ആനിമേറ്റർ സി. ആൻ ജോസ് എസ്.എച്ച്. വചനശുശ്രൂഷയും ആരാധനയും നയിച്ചു.

തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപത സേവന സമിതിയംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**3. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരു ദിവസം മൂന്നു മണിക്കൂർ വീതം ഏഴ് ആഴ്ചകൾകൊണ്ടു പൂർത്തിയാകുന്ന സെമിനാർ ഇലഞ്ഞി, രാമപുരം സബ് സോണുകളിൽ ആരംഭിച്ചു.

**4. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണസുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥനാദിനമായി നല്കപ്പെട്ടിരിക്കുന്ന ഒക്ടോബർ 7 ശനി പാലാ കിഴതടിയൂർ സെന്റ് ജോസഫ് ദൈവാലയത്തിൽവച്ച് ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ. തോമസ് പനയ്ക്കക്കുഴിയിൽ തിരിതെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. ശ്രീമതി സുനിത അശോക് നെയ്യാറ്റിൻകര (KCSC സർവീസ് ടീം അംഗം) വചനശുശ്രൂഷ നൽകുകയുണ്ടായി.

**5. പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി**

ജയഗിരി പള്ളിയിൽവച്ച് ഒക്ടോബർ 14 നും പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളിയിൽ വച്ച് ഒക്ടോബർ 24 നും സൺഡേസ്കൂൾ കുട്ടികൾക്കായി ക്രിസ്റ്റീൻധ്യാനം നടത്തപ്പെടുകയുണ്ടായി.

**6. പാലാ കരിസ്മാറ്റിക് സോൺ യൂത്ത് മിനിസ്ട്രി**

ഒക്ടോബർ 14 ന് സെന്റ് ഡോമിനിക് ദൈവാലയത്തിൽ വച്ച് യുവജനധ്യാനം നടത്തുകയുണ്ടായി.

**7.** എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെ കുരിശിന്റെവഴിയും ഞായറാഴ്ചകളിൽ രാത്രി 8.30 മുതൽ 10 വരെ വചനസന്ദേശവും മദ്ധ്യസ്ഥ പ്രാർത്ഥനയും ഓൺലൈനായി നടത്തപ്പെടുന്നു.

**8. സബ്സോൺ കോർ ടീം സംഗമം**

കരിസ്മാറ്റിക് സബ് സോണുകളെ കൂടുതൽ സജീവമാക്കുന്നതിന്റെ ഭാഗമായി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് 18 സബ് സോണിലെയും കോർ ടീം (കോ-ഓർഡിനേറ്റർ, സെക്രട്ടറി, ഖജാൻജി) അംഗങ്ങളും ആനിമേറ്റർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കലും സർവീസ് ടീം അംഗങ്ങളും ഒന്നിച്ചുകൂടുകയും ഇതുവരെയും നടന്ന പ്രവർത്തനങ്ങളെ വിലയിരുത്തുകയും മുന്നോട്ടുചെയ്യേണ്ട കാര്യങ്ങൾ ചർച്ചചെയ്യുകയും ചെയ്തു.

**9. സബ്സോൺ സംഗമം**

രാമപുരം ഫൊറോനാ ദൈവാലയത്തിൽ വച്ച് ഒക്ടോബർ 10 ന് ഇടവകളിലെ കരിസ്മാറ്റിക് പ്രാർത്ഥനക്കൂട്ടായ്മ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് കരിസ്മാറ്റിക് സബ് സോൺ സംഗമം നടത്തുകയുണ്ടായി റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. ബ്രദർ സണ്ണി പള്ളിവാതുക്കൽ വചനസന്ദേശം നൽകുകയും ചെയ്തു. സബ്സോൺ ആനിമേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിലും സർവീസ് ടീം അംഗങ്ങളും ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

## ജീസസ് ഫ്രട്ടേണിറ്റി

**1. യൂണിറ്റ് സമ്മേളനം**

ജീസസ് ഫ്രറ്റേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർ പ്രവർത്തനങ്ങൾ, യൂണിറ്റുതല മാസ് സമ്മേളനവും പ്രാർത്ഥനായോഗങ്ങളും നടത്തി.

**2. ജയിൽ സന്ദർശനം**

മുട്ടം ഇടുക്കി ജില്ല ജയിൽ, മീനച്ചിൽ സബ് ജയിൽ പാലാ എന്നിവിടങ്ങളിൽ സന്ദർശിച്ച് ജയിൽ അധികാരികളുമായി ചർച്ച നടത്തുകയും മാറിവന്ന സാഹചര്യ ത്തിൽ ജയിലുകളിൽ കൗൺസലിംഗ് സഹായവും കുമ്പസാരം, വി. കുർബാന തുടങ്ങിയ ആത്മീയശുശ്രൂഷകൾ ആരംഭിക്കുന്നതിനെക്കുറിച്ചു ചർച്ചകൾ നടത്തി. പാലാ സബ് ജയിലിൽ ക്രമീകരിച്ച പച്ചക്കറിക്കൃഷിക്ക് ആവശ്യമായ സഹായങ്ങൾ

ചെയ്തു. കൊടുക്കുകയും ജയിൽ അന്തേവാസികൾക്കായി പാത്രങ്ങളും മറ്റും വിതരണം ചെയ്യുകയും ചെയ്തു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** രണ്ടാം ശനിയാഴ്ചതോറും നടത്തപ്പെടുന്ന ഏകദിനദൈവരാജ്യ പ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, മദ്ധ്യസ്ഥപ്രാർത്ഥന, നിയോഗസമർപ്പണം, 10 മണിമുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ഒക്ടോബർ 14 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

**2.** മൗണ്ട് നെബോ ആബാഭവനിലെ ശുശ്രൂഷകരുടെ കൂട്ടായ്മ ഒക്ടോബർ 12, 13 തീയതികളിൽ ആബാഭവനത്തിൽ വച്ചു നടത്തി.

**3.** ഒക്ടോബർ 16 മുതൽ 21 വരെ തീയതികളിൽ, മൗണ്ട് നെബോ ആബാ ഭവനത്തിൽ വച്ച് ആൻസില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ സിസ്റ്റേഴ്സിനായി ദൈവരാജ്യാനുഭവധ്യാനം നടത്തി.

**4.** ***ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ*** എന്ന ലഘുപുസ്തകപരമ്പരയുടെ പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പുസ്തകം 49: ***സ്നേഹത്തിൽ എന്നോട് ഒട്ടിനിൽക്കുന്നതിനാൽ***; പുസ്തകം 50: ***സാത്താനെ അന്ധനാക്കുന്ന ഐക്യപ്രാർത്ഥന.*** പുസ്തകങ്ങൾ വരിസംഖ്യയടച്ച് എല്ലാ മാസവും പോസ്റ്റുവഴി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ 9947114491 എന്ന നമ്പരിൽ ബന്ധപ്പെടുക.

**5.** മൗണ്ട് നെബോ ആബാഭവനത്തിൽ നടത്തപ്പെടുന്ന ദൈവരാജ്യാനുഭവധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾമാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുന്നു.

6. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത രണ്ടു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2023 നവംബർ 11, 9 am – 3 pm: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2023 നവംബർ 16, 5 pm - 22, 9 am: പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2023 ഡിസംബർ 9, 9 am – 3 pm: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2023 ഡിസംബർ 26, 5 pm - 2024 ജനു 1, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ബുക്കിംഗിന്: 9847472522; 7306371028.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും മുടങ്ങാതെ നടന്നുവരുന്നു.

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ഒക്ടോബർ നാലാം തീയതി രൂപതയിലെ എല്ലാ യൂണിറ്റുകളിലും സമുചിതമായി ആഘോഷിച്ചു. വിശുദ്ധ കുർബാന, ലദീഞ്ഞ്, നേർച്ചവിതരണം, എന്നിവ യൂണിറ്റ് തലത്തിൽ നടത്തപ്പെട്ടു. 2023 ഒക്ടോബർ ഏഴാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് യൂണിറ്റ്, റീജിയൻ, രൂപതാസമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ സംയുക്തമായി വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളും രൂപതാവാർഷികവും ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനാപ്പള്ളിയുടെ പാരിഷ് ഹാളിൽ വച്ചു സമുചിതമായി ആഘോഷിച്ചു. S.F.O പാലാ രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം ഭരണങ്ങാനം സെന്റ് മേരിസ് പള്ളി വികാരി റവ. ഫാ. സക്കറിയാസ് ആട്ടപ്പാട്ട് ഉദ്ഘാടനം ചെയ്തു. ഡിവൈൻ മേഴ്സി ഫാമിലീസ് ഓഫ് ഹോളി മേരി തൊടുപുഴ ജനറൽ കൺവീനറും ആനിമേറ്റർമായ റവ.ഫാ. സോമി അബ്രാഹം പനംകാട്ട് OFM. Cap മുഖ്യപ്രഭാഷണം നടത്തി. S.F.O പാലാ രൂപത സ്പിരിചൽ അസിസ്റ്റന്റുമാരായ റവ.ഫാ. ആന്റണി വെച്ചൂർ OFM. Cap, റവ.ഫാ. ജിതിൻ വടക്കേമുറി OFM. Cap എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിക്കുകയും ചെയ്തു. S.F.O പാലാ രൂപതാ ജനറൽ സെക്രട്ടറി റ്റെസി രാജു കടലംകാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. ഭരണങ്ങാനം റീജിയൻ പ്രസിഡന്റ് ബ്രദർ ടോമി സേവ്യർ തെക്കേൽ സ്വാഗതവും രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം ബ്രദർ വി.റ്റി. മത്തായി വലിയാങ്കൽ കൃതജ്ഞതയും രേഖപ്പെടുത്തി. ബ്രദർ ടോമി കെ. മാത്യു കളപ്പുരയ്ക്കൽ, ബ്രദർ സി.ജെ. കുര്യൻ ചെറുകാട്ടിൽ, ബ്രദർ സി.ജെ. തോമസ് ചാലിൽ, ബ്രദർ ടോണി തോമസ് കുന്നത്തൂർ, ബ്രദർ ലോറൻസ് പി.ജെ. പൈകട എന്നിവർ വാർഷികസമ്മേളന പരിപാടികൾക്കു നേതൃത്വം വഹിച്ചു. സമ്മേളനാനന്തരം വിശുദ്ധ അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ ദിവ്യബലി അർപ്പിക്കപ്പെടുകയും തുടർന്ന് സ്നേഹവിരുന്ന് നടത്തപ്പെടുകയും ചെയ്തു.

സ്പിരിചൽ അസിസ്റ്റന്റുമാരുടെയും റീജിയൻ പ്രസിഡന്റുമാരുടെയും നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനങ്ങൾ നടന്നുവരുന്നു

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. തിരഞ്ഞെടുപ്പ്**

തുടങ്ങനാട്, കൂട്ടിക്കൽ ഫൊറോനകളിൽ ഫൊറോനാഭാരവാഹികളെ തിരഞ്ഞെടുത്തു.

**തുടങ്ങനാട്**

| | |
|---|---|
| പ്രസിഡന്റ് | : ബിജു കദളിയിൽ |
| വൈസ് പ്രസിഡന്റ് | : അബ്രാഹം വട്ടക്കാനായിൽ |
| സെക്രട്ടറി | ; നോയൽ സോജൻ കദളിയിൽ |
| ജോ. സെക്രട്ടറി | : നോയൽ ബിജു വട്ടക്കാനായിൽ |
| ട്രഷറർ | : റ്റോമി പുളിക്കൽ |
| കമ്മിറ്റി മെമ്പർ | : അജിത് കുര്യൻ പൂവത്തുങ്കൽ |
| ” | : മേരി ജോണി കുന്നേൽ |

**കൂട്ടിയ്ക്കൽ**

| | |
|---|---|
| പ്രസിഡന്റ് | : പി.കെ. കോശി പാറയ്ക്കൽ |
| വൈസ് പ്രസിഡന്റ് | : മാത്യു തോമസ് |
| സെക്രട്ടറി | : ജെയിംസ് ജേക്കബ് |
| ജോ. സെക്രട്ടറി | : ജോബി ചെറിയാൻ |
| ട്രഷറർ | : സേവ്യർ |
| കമ്മിറ്റി മെമ്പർ | : ജോർജ് സ്കറിയ |
| ” | : തങ്കച്ചൻ |

**2. യാത്രയയപ്പ്**

കഴിഞ്ഞ ആറു മാസക്കാലമായി ഡി.എഫ്.സി. ഓഫീസിൽ റീജന്റ് ബ്രദറായി സേവനം ചെയ്ത ബ്രദർ ജോർജ് ഇടയോടിയിലിനു സമുചിതമായ യാത്രയയപ്പു നൽകി.

**3. സ്വീകരണം**

ഡി.എഫ്.സി. ഓഫീസിലേക്ക് റീജന്റ് ബ്രദറായി സേവനം അനുഷ്ഠിക്കാനെത്തിയ ബ്രദർ ജോർജ് പൊട്ടനാനിയിലിനു സ്വീകരണം നൽകി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

---

# ഇൻഫാം

---

**1. പാലാ ജില്ലാ എക്സിക്യൂട്ടീവ്**

അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് സെപ്തംബർ 30-ാം തീയതി കൂടിയ മീറ്റിംഗിൽ പ്രസിഡന്റ് ഡോ. കെ.കെ. ജോസ് അധ്യക്ഷത വഹിച്ചു. കർഷകമനസ്സുള്ള എല്ലാവരെയും ഉൾപ്പെടുത്തി ഇൻഫാമിന്റെ മേഖലാതല സമ്മേനങ്ങൾ നടത്തുവാൻ എക്സിക്യൂട്ടീവ് അംഗങ്ങളെ യോഗം ചുമതലപ്പെടുത്തി. നവംബറിൽ നടക്കാൻ പോകുന്ന എപ്പാർക്കിയൽ അസംബ്ലിയിൽ കാർഷികവിഷയങ്ങൾ അവതരിപ്പിക്കാൻ അവസരം ലഭിക്കുമെന്നു യോഗം പ്രത്യാശ പ്രകടിപ്പിച്ചു.

**2. ചേർപ്പുങ്കൽ മേഖലാസമ്മേളനം**

ഒക്ടോബർ 10-ാം തീയതി ചൊവ്വാഴ്ച 5 മണിക്ക് ചേർപ്പുങ്കൽ ഫൊറോന യോഗഹാളിൽ നടന്ന ഇൻഫാം മീറ്റിംഗ് ഫൊറോന വികാരി വെരി. റവ.ഫാ. ജോസഫ് പാനാമ്പുഴ ഉദ്ഘാടനം ചെയ്തു. കർഷകക്കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ പള്ളിയിൽ നടന്നിരുന്ന വിഷരഹിത നാടൻ പച്ചക്കറിവിപണനം വീണ്ടും ആരംഭിക്കാൻ യോഗം തീരുമാനിച്ചു. ചേർപ്പുങ്കൽ മേഖലയുടെ കീഴിലുള്ള പള്ളികളിൽ ഇൻഫാം പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ യോഗം തീരുമാനിച്ചു. പ്രസിഡന്റ് എം.എം. ജോർജ് മുണ്ടാവാലായിൽ, സെക്രട്ടറി ജോർജുകുട്ടി കൊല്ലംപറമ്പിൽ, ഫാ. ജോസ് തറപ്പേൽ, കെ.കെ. ജോസ്, തോമസ് മറ്റം, ജയ്സൺ കുഴികോടിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)




# ആദരാഞ്ജലികൾ



## ഫാ. ജോസഫ് പുലവേലിൽ

കുറവിലങ്ങാട് മർത്ത് മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ഇടവകയിൽ ജോസഫിന്റെയും അന്നക്കുട്ടി യുടേയും ആറു മക്കളിൽ ഒരാളായി 1969 ഫെബ്രുവരി 6-ാം തീയതി ജോസഫ് പുലവേലിൽ ജനിച്ചു. സ്കൂൾ, കോളേജ് വിദ്യാഭ്യാസത്തിനുശേഷം രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് പരിശീലനം ആരംഭിച്ചു. മൈനർ സെമിനാരി യിലെ പഠനത്തിനുശേഷം മേജർ സെമിനാരി പരിശീലനത്തിനായി കോട്ടയം, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയി ലേക്ക് അയയ്ക്കപ്പെട്ടു. തത്ത്വശാസ്ത്ര - ദൈവശാസ്ത്രപഠനങ്ങൾ പൂർ ത്തിയാക്കി 1994 ഡിസംബർ 27-ാം തീയതി മാർ ജോസഫ് പള്ളിക്കാപറ മ്പിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ നാൾവഴികളിൽ ആദ്യം തിടനാട്, ഇലഞ്ഞി പള്ളികളിൽ സഹവികാരിയായി നിയമിതനായി. തുടർന്ന് സെന്റ് തോമസ് കോളേജിൽ പഠനത്തിനായി നിയോഗിക്കപ്പെട്ടു. പഠനത്തിനു ശേഷം കാഞ്ഞിരമറ്റം പള്ളിയിൽ സഹവികാരിയായും തുടർന്ന് അടിവാരം പള്ളിയിൽ വികാരിയായും ശുശ്രൂഷാപൗരോഹിത്യം നിർവഹിച്ചു. 2003-2004 കാലഘട്ടത്തിൽ തലശ്ശേരി കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയിൽ പ്രൊഫസറായും തുടർന്ന് രാമപുരം പള്ളിയിൽ സഹവികാരിയായും ദൈവത്തിനും ദൈവജനത്തിനുമായി ആധ്യാ ത്മികശുശ്രൂഷയുടെ നാണയങ്ങൾക്കു വിശ്വസ്തതയോടെ കാര്യസ്ഥ നായി. 2005 ൽ പാലാ അൽഫോൻസാ കോളേജിൽ അധ്യാപകനായും കോളേജിന്റെ ബർസാറായും നിസ്തുല സേവനം കാഴ്ചവച്ചു.

അധ്യാപകൻ എന്ന നിലയിൽ വിദ്യാർഥികൾക്ക് ഏറെ പ്രിയങ്കരനും ബർസാർ എന്ന നിലയിൽ കോളേജിന്റെ ഉന്നമനത്തിന് സഹായഹസ്തവുമായി അദ്ദേഹം നിലകൊണ്ടു. 2022 ജൂലൈ മാസംമുതൽ കരൂർ ഇടവകയിൽ റസിഡന്റ് പ്രീസ്റ്റ് ആയി ശുശ്രൂഷ ആരംഭിച്ച അച്ചൻ 2023 ഒക്ടോബർ 05 ന് ഇഹലോകവാസം പൂർത്തിയാക്കി നിത്യകിരീടം നേടാൻ ദൈവപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹുമാനപ്പെട്ട ജോസഫ് പുലവേലിലച്ചന്റെ ഭൗതികശരീരം 2023 ഒക്ടോബർ ആറാം തീയതി ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ കുറവിലങ്ങാട് മർത്ത് മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ഇടവകദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. വിശുദ്ധ കുർബാനമധ്യേ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ജോസച്ചനെക്കുറിച്ച് പങ്കുവച്ച ചിന്ത ഇപ്രകാരമായിരുന്നു. “ 'Lighted for Life' - ജീവിതം പ്രകാശിക്കാനുള്ളതായിരുന്നു എന്ന് അച്ചന് നല്ലതുപോലെ അറിയാമായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ശുശ്രൂഷാമേഖലകളിലും പ്രത്യേകിച്ച് അൽഫോൻസാ കോളേജിലെ അധ്യാപനത്തിലും ബർസാർ ശുശ്രൂഷകളിലും അദ്ദേഹം ഏറെ പ്രകാശിച്ചു.” മരിച്ചവരെ നിത്യതയിൽ ഉയിർപ്പിക്കുന്ന ദൈവം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട ജോസച്ചനെ ജീവന്റെ കിരീടവും അണിയിക്കട്ടെ.



## ഫാ. ഡോ. ഫിലിപ്പ് കാരുപറമ്പിൽ

പ്ലാശനാൽ ഇടവകയിൽ സ്വാതന്ത്ര്യസമര സേനാനിയും മുൻനിര പൊതുപ്രവർത്തകനുമായിരുന്ന കെ.പി ജോസഫിന്റെയും ഏലിക്കുട്ടിയുടെയും അഞ്ചു മക്കളിൽ ഒരാളായി 1933 ജൂലൈ 13-ാം തീയതി ഫിലിപ്പ് കാരുപറമ്പിൽ ജനിച്ചു. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം ദൈവവിളി കണ്ടെത്തി സെമിനാരിയിൽ ചേർന്ന് പരിശീലനം ആരംഭിച്ചു. തത്ത്വശാസ്ത്ര - ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി 1959 മാർച്ച് 19-ാം തീയതി അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ നാൾവഴികളിൽ ആദ്യം തിടനാട്, കുറവിലങ്ങാട്, പാലാ പുത്തൻപള്ളി എന്നിവിടങ്ങളിൽ സഹവികാരിയായും പാദുവാ പള്ളിയിൽ വികാരിയായും ശുശ്രൂഷ ചെയ്തു. തുടർന്ന് റോമിലെ പൊന്തിഫിക്കൽ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽനിന്ന് മോറൽ തിയോളജിയിൽ ഡോക്ടറേറ്റ് നേടിയതിനുശേഷം പാലാ രൂപതയുടെ

വൊക്കേഷൻ ബ്യൂറോ ഡയറക്ടറായി സേവനം ചെയ്തു. പിന്നീട് ദീർഘ കാലം ജർമ്മനിയിലെ സ്പെയർ രൂപതയിൽ വികാരിയായി സേവന മനുഷ്ഠിച്ചു. 2023 ഒക്ടോബർ 29 ന് ഇഹലോകവാസം പൂർത്തിയാക്കി നിത്യകിരീടം നേടാൻ ബഹുമാനപ്പെട്ട ഫിലിപ്പ് അച്ചൻ ദൈവപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹുമാനപ്പെട്ട ഫിലിപ്പ് കാരുപറമ്പിലച്ചന്റെ ഭൗതികശരീരം 2023 ഒക്ടോബർ 31-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ പാലാ ളാലം പഴയപള്ളി ഇടവകദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. മരിച്ചവരെ നിത്യതയിൽ ഉയിർപ്പിക്കുന്ന ദൈവം തന്റെ വിശ്വസ്തദാസ നായ ബഹുമാനപ്പെട്ട ഫിലിപ്പച്ചനെ ജീവന്റെ കിരീടവും അണിയിക്കട്ടെ. നമ്മുടെ പ്രാർത്ഥനകളിൽ അച്ചനെയും സ്മരിക്കാം.



## സി. സൂസൻ ജോസ് കിഴക്കേതോട്ടം

പാലാ രൂപത മണിയംകുന്ന് ഇടവകയിൽ ദൈവവിളിയാലും സാമ്പത്തികഭദ്രതയാലും വിശ്വാസ പാരമ്പര്യത്താലും വിശ്രുതമായ, സഭയോടും സഭാ പഠനങ്ങളോടും ചേർന്നുനിൽക്കുന്ന കിഴക്കേതോട്ടം കുടുംബത്തിൽ സി.എസ്. ജോസഫിന്റെയും ഏലിയാ മ്മയുടെയും 14 മക്കളിൽ അഞ്ചാമത്തെ സന്താനമായി തങ്കമ്മ 02/10/1937 ൽ ഭൂജാതയായി. മാമ്മോദീസായിൽ കൊച്ചുത്രേസ്യ എന്ന പേരു നൽകപ്പെട്ടു. എസ്.എം.വി.എച്ച്.എസ്. പൂഞ്ഞാറിൽനിന്ന് എസ്.എസ്.എൽ.സി പാസ്സായ തങ്കമ്മ സന്ന്യാസജീവിതം ആഗ്രഹിച്ചി രുന്നില്ല. എങ്കിലും 1955 ൽ ക്ലാര പുണ്യവതിയുടെ തിരുനാൾദിനം മഠം ചാപ്പലിൽവച്ചു തിരുവോസ്തിയിൽനിന്നു ലഭിച്ച പ്രത്യേക അനുഭവത്തി ലൂടെയാണ് സന്ന്യാസജീവിതം സ്വീകരിക്കാൻ ഇടയായത്. 05/07/1946 ൽ സന്ന്യാസജീവിതത്തിലേക്കു കടന്നുവന്ന തങ്കമ്മ 08/04/1957 ൽ സഭാ വസ്ത്രസ്വീകരണവും 10/04/1958 ൽ ആദ്യവ്രതവാഗ്ദാനവും നടത്തി. 29.05.1961 ൽ നിത്യവ്രതവാഗ്ദാനവും ചെയ്ത് നാഥന്റെ സ്വന്തമായി ത്തീർന്നു.

1982 ൽ സന്ന്യാസസമർപ്പണത്തിന്റെ സിൽവർ ജൂബിലിയും 2007 ൽ സുവർണ്ണജൂബിലിയും ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു. പാദുവാ, കല്ലൂർകുളം, പുലിയന്നൂർ, പൂഞ്ഞാർ നോർത്ത്, പൂഞ്ഞാർ സൗത്ത്, അരുവിത്തുറ, വിമല സ്റ്റഡി ഹൗസ്, പെരിങ്ങുളം, പച്ചിക്കൽ,

ക്ലാരാനഗർ, മണിയംകുന്ന് എന്നീ മഠങ്ങളിൽ സുപ്പീരിയർ, അസിസ്റ്റന്റ് സുപ്പീരിയർ, മെസ് മാനേജർ, കൗൺസിലർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തു. 1958 മുതൽ അദ്ധ്യാപികയായും 1981 മുതൽ 1993 വരെ പ്രഥമാദ്ധ്യാപികയായും ശുശ്രൂഷചെയ്തുകൊണ്ട് വിദ്യാഭ്യാസരംഗത്ത് പ്രശംസനീയമായ സേവനം കാഴ്ചവയ്ക്കാൻ സൂസോമ്മക്കു കഴിഞ്ഞു. പാലാ വിശ്വാസപരിശീലനകേന്ദ്രത്തിൽ റിലീജിയസ് ആൻഡ് മോറൽ ഇൻസ്ട്രക്ഷൻസ് സെക്രട്ടറിയായും സൺഡേസ്കൂൾ അദ്ധ്യാപികയായും ബഹു. അമ്മ സേവനമനുഷ്ഠിച്ചിരുന്നു.

വിവിധ മഠങ്ങളിലെ നിരവധിയായ ശുശ്രൂഷകൾക്കുശേഷം 2014 ൽ തിടനാട് ക്ലാരാനഗർ മഠത്തിൽനിന്നു സ്ഥലംമാറി മണിയംകുന്നു മഠത്തിൽ വന്നു. സമൂഹത്തിൽ എല്ലാവർക്കും സംലഭ്യയായി സന്തോഷപൂർവ്വം കഴിയുകയായിരുന്നു. 2019 ആയപ്പോഴേക്കും അമ്മയ്ക്ക് ഓർമ്മക്കുറവ് അനുഭവപ്പെട്ടുതുടങ്ങി. 2022 ഡിസംബർ മാസത്തിൽ അമ്മ മുറിയിൽ വീണ് കാലിനു പൊട്ടലുണ്ടായി. അതോടെ അമ്മയുടെ ഓർമ്മ പൂർണ്ണമായി നഷ്ടപ്പെടുകയും നടക്കാൻ സാധിക്കാതെവരികയും ശയ്യാവ ലംബിയാകുകയും ചെയ്തു. 2023 ഒക്ടോബർ 14-ാം തീയതി അമ്മയ്ക്ക് ശ്വാസംമുട്ടൽ അനുഭവപ്പെട്ടുതുടങ്ങി. അമ്മയുടെ രോഗം മൂർച്ഛിക്കുകയും ക്ഷീണം വർദ്ധിക്കുകയും ചെയ്തു. കുടുംബാംഗങ്ങളും ഭവനാംഗങ്ങളും പ്രാർത്ഥനാപൂർവ്വം നോക്കിനിൽക്കെ 16/10/2023 തിങ്കളാഴ്ച രാവിലെ 10.30 ന് ബഹുമാനപ്പെട്ട സൂസോമ്മ തന്റെ ജീവിതത്തിൽ ഉടനീളം കാത്തു സൂക്ഷിച്ച ശാന്തതയോടെ സ്വർഗ്ഗീയഗേഹത്തിലേക്കു യാത്രയായി.

17/10/2023 ചൊവ്വാഴ്ച രാവിലെ 9.30 ന് റവ. ഫാ. ജോർജ് തെരുവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ദിവ്യബലിമധ്യേ പിതൃസഹോദരപുത്രൻ റവ. ഫാ. ബിജോയി കീഴക്കേത്തോട്ടം അമ്മയുടെ മഹനീയമായ ജീവിതമാതൃകകൾ അനുസ്മരിച്ചു പ്രസംഗിച്ചു. ദൈവാലയത്തിലെ തിരുകർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വേത്താനത്ത് നേതൃത്വം നൽകുകയും അമ്മയുടെ ജീവിത സവിശേഷതകളെയും സന്ന്യാസദൈവവിളിയുടെ മഹത്ത്വത്തെയുംകുറിച്ചു സംസാരിക്കുകയും ചെയ്തു. രാവിലെ 11.15 ന് അമ്മയുടെ മൃതദേഹം മണിയംകുന്ന് ദൈവാലയസെമിത്തേരിയിൽ സംസ്കരിച്ചു. നല്ല സമ്പാദ്യങ്ങൾ കരുതിവയ്ക്കണമെന്നു ആഗ്രഹിച്ച, അതിനായി അധ്വാനിച്ച പ്രിയപ്പെട്ട സൂസോമ്മയെ ദിവ്യനാഥൻ സ്വർഗ്ഗസൗഭാഗ്യത്തിലേക്കു സ്വീകരിക്കുമാറാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## OCTOBER 2023

| | | |
|---|---|---|
| 02 | 10.30 am | മുട്ടുചിറ ഫൊറോനാ ദൈവാലയത്തിൽ ബഹുമാനപ്പെട്ട മാത്യു കാലായിലച്ചന്റെ അമ്മയുടെ നിര്യാണത്തിന്റെ 25-ാം വാർഷികദിനത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 12.45 pm | ഇടമറ്റം ഇടവകയിൽ വീട് ആശിർവദിച്ചു. |
| | 7.00 pm | ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 03 | 9.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | ബിഷപ്പ്ഹൗസിൽ ഗ്രാൻഡ് യൂക്കരിസ്റ്റിക് മിഷന്റെ ഇവാലുവേഷൻ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 7.00 pm | ബിഷപ്പ്ഹൗസിൽ നവവൈദികർക്കു സ്വാഗതം നൽകി. |
| 04 | 10.30 am | അമ്പാറനിരപ്പേൽ ഇടവകയിൽ ബഹുമാനപ്പെട്ട ജോസഫ് അമ്പാട്ടച്ചന്റെ വലിയമ്മ ശ്രീമതി അന്നമ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം നൽകി. |
| | 11.15 am | അരുവിത്തുറ ഫൊറോനയിൽ ഡീക്കൻ മാത്യു പനങ്ങാട്ടിന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ദൈവാലയത്തിൽ മുഖ്യകാർമികത്വം നൽകി. |
| | 3.00 pm | ബിഷപ്പ്ഹൗസിൽ മുട്ടുചിറ ഹോളിഗോസ്റ്റ് ഹോസ്പിറ്റലിന്റെ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 05 | 5.00 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയുടെ ജനറൽ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 06 | 9.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| | 2.30 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ചുഡീക്കൻ ഫൊറോന ദൈവാലയത്തിൽ ബഹുമാനപ്പെട്ട ജോസഫ് പുലവേലിലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| | 9.00 pm | ബിഷപ്ഹൗസിൽ റീജൻസി ബ്രദേഴ്സുമായി മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 07 | 3.30 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ 'ചന്ദ്രയാൻ 3' ദൗത്യനിർവഹണത്തിൽ നിസ്തുലപങ്കുവഹിച്ച ശാസ്ത്രജ്ഞദമ്പതികളായ ശ്രീ റ്റി.ആർ. ഹരിദാസ്, ശ്രീമതി ആനന്ദവല്ലി എസ്. എന്നിവരെ ആദരിച്ചു. |
| | 3.30 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ കാൽമുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സൗജന്യമായി നൽകുന്ന 'ചുവട്' പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 6.45 pm | ശാന്തിപുരം ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |
| 08 | 7.45 am | ശാന്തിപുരം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനവും തുടർന്നുനടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |
| | 3.00 pm | കുറുമണ്ണ് ഇടവകയിൽ ആനക്കല്ലുങ്കൽ അൽഫോൻസയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 09 | 12.00 pm | കടനാട് ആരാധനാമഠത്തിൽ സി. ബ്ലെയ്സ് മേരി കാഞ്ഞിരത്തുംകുന്നേൽ SABS ന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 10 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 pm | പയ്യാനിത്തോട്ടം ഇടവകയിൽ വേലിക്കകത്ത് നിബിൻ ഇമ്മാനുവേലിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 3.30 pm | മുത്തോലി സെന്റ് ജോൺസ് സി.എം.ഐ. ആശ്രമത്തിൽ ബഹുമാനപ്പെട്ട കുര്യൻ വേങ്ങത്താനത്ത് സി.എം.ഐ. അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 4.45 pm | മരിയസദനത്തിൽ ലോകമാനസികാരോഗ്യദിനത്തോടനുബന്ധിച്ച് നടന്ന പരിപാടി ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 11 | 3.00 pm | മൂന്നിലവ് സെന്റ് ജോസഫ് എഫ്.സി. മഠത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 6.00 pm | മാർ അപ്രേം സെമിനാരിയിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 12 | 9.30 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കാരിത്താസ് ഇന്ത്യയുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 2.30 pm | ഇടമറ്റം ഇടവകയിൽ ബഹുമാനപ്പെട്ട കുര്യാക്കോസ് നരിതൂക്കിലച്ചന്റെ സഹോദരി ശ്രീമതി അന്നമ്മ നരിതൂക്കിലിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്കു ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 13 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 14 | 9.00 am | അരുവിത്തുറ ഫൊറോനയിൽ കണ്ടത്തിൽ ജോസ് സാറിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 3.00 pm | അരുവിത്തുറ ഫൊറോനയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട 22 വീടുകളുടെ സമുച്ചയം 'സഹദാ ഗാർഡൻസ്' ആശീർവദിച്ചു. |
| | 6.45 pm | കോതനല്ലൂർ ഫൊറോനയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |

| | | |
|---|---|---|
| 15 | 7.45 am | കോതനല്ലൂർ ഫൊറോനയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്ത് വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശം നടത്തുകയും തുടർന്നു നടന്ന പൊതുയോഗത്തിൽ സംബന്ധിക്കുകയും ചെയ്തു. |
| | 3.00 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 16 | 10.00 am | രാമപുരത്ത് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 6.00 pm<br><br>8.00 pm | ബിഷപ്ഹൗസിൽ ഷലോം ഡയറക്ടർമാരുടെ മീറ്റിംഗിൽ സംബന്ധിച്ചു.<br>ബിഷപ്ഹൗസിൽ അക്കാഡമി രംഗത്ത് ഉന്നതവിജയം കൈവരിച്ച ബഹുമാനപ്പെട്ട അച്ചന്മാരെ ആദരിച്ചു. |
| 17 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 18 | 4.00 pm | ചൂണ്ടച്ചേരി സെന്റ് ജോസഫ് എൻജിനീയറിങ് കോളേജ് സന്ദർശിച്ചു. |
| 19 | 10.00 am | ചെമ്മലമറ്റം പള്ളിയിൽ തലശ്ശേരി രൂപതാംഗമായ ബഹുമാനപ്പെട്ട ജോർജ് നരിപ്പാറ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകളുടെ രണ്ടാംഭാഗത്തിന് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 11. 15 am | തിടനാട് ഇടവകയിൽ വെട്ടിക്കൽ വർഗീസ് ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 20 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 21 | 10.00 am | സേവ്യർപുരം ഇടവകയിൽ കുരീത്തടം ത്രേസ്യാമ്മ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 3.30 pm | അരുണാപുരം ഇടവകയിൽ ഹോം പാലാ പ്രോജക്റ്റിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട ഭവനം ആശീർവദിച്ചു. |
| | 4.00 pm | അരുണാപുരം ഇടവകയിൽ നവീകരിച്ച സെന്റ് ജൂഡ് കുരിശുപള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| | 5.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ പുതുതായി ക്രമീകരിക്കപ്പെട്ട ലെവൽ ഒന്ന് അഡ്വാൻസ്ഡ് ട്രോമാ കെയർ സെന്ററിന്റെ ഉദ്ഘാടനകർമ്മത്തിൻ മുഖ്യ പ്രഭാഷണം നടത്തി. |
| 22 | 9.00 am | നെല്ലിയാനി ആരാധനാമഠത്തിൽ സി. മേഴ്സി തോട്ടുവേലിൽ SABS ന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10. 00 am | കൂത്താട്ടുകുളം തിരുക്കുടുംബദൈവാലയത്തിൽ വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 12.30 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം തീർത്ഥാടന ഇടവകാംഗമായ മറ്റത്തിൽ മാന്നുള്ളിൽ മാമച്ചന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 23 | 11.00 am | മേലുകാവുമറ്റം പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 5.00 pm | കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിങ് കോളേജിൽവച്ചുനടന്ന NEST (Nurturing Entrepreneurs with Startup Technologies) 2023 പരിപാടിയിൽ പ്രഭാഷണം നടത്തി. |
| 24 | 10. 00 am | കിഴതടിയൂർ സെയ്ന്റ് ജോസഫ് പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 12.45 pm | ഇല്യാരി ഇടവകയിൽ താമരശ്ശേരി രൂപതാംഗമായ കള്ളികാട്ട് ബഹുമാനപ്പെട്ട ഫ്രാൻസിസച്ചന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 1.15 pm | ജിയോവാലി ഇടവകയിൽ മൈലാടൂർ കുടുംബയോഗത്തിൽ സന്ദേശം നൽകി. |
| | 4.15 pm | കോട്ടയം എം.ഡി. സെമിനാരിയിൽ ഡോ. തോമസ് സിറിയക് സാറിന്റെ ജന്മദിനത്തോടനുബന്ധിച്ച് അദ്ദേഹം രചിച്ച പുസ്തകങ്ങളുടെ പ്രകാശനകർമ്മത്തിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. |

| | | |
|---|---|---|
| 25 | 11.30 am | വാഗമൺ മൗണ്ട് നെബോ ധ്യാനമന്ദിരത്തിൽവച്ച് ഡി.സി.എം.എസ്. സംഘാടകരുമായി ചർച്ച നടത്തി. |
| 26 | 10.00 am | ളാലം സെയ്ന്റ് ജോർജ് പുത്തൻപള്ളി ഇടവകയിൽ അരയത്തിനാൽ ബേബി ജോർജ്ജിന്റെ ഭൗതിക ദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.30 am | ഭരണങ്ങാനം സെയ്ന്റ് മേരീസ് ഫൊറോനയിൽ ഹോം പാലാ പ്രോജക്റ്റിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട ഭവനം ആശീർവദിച്ചു. |
| | 6.00 pm | അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ പോപ്പുലർ മിഷൻ ധ്യാനത്തിൽ സമാപനസന്ദേശം നൽകി. |
| 27 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.15 pm | അരുണാപുരം ഇടവകാംഗമായ ശ്രീ സെബാസ്റ്റ്യൻ ചരണകുന്നേൽ സാറിന്റെ മൃതസംസ്കാരശുശ്രൂഷ കൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 28 | 3.00 pm | അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ പുതി യതായി നിർമ്മിക്കപ്പെട്ട ലൈബ്രറിയുടെയും റെഫക്ട റിയുടെയും കെട്ടിടസമുച്ചയത്തിന്റെയും ആശീർവാദ കർമ്മം നിർവ്വഹിച്ചു. |
| | 5.45 pm | കത്തീഡ്രൽ ഇടവകാംഗമായ തെരുവിൽ ശ്രീ ഫ്രാൻസിസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 6.45 pm | അറുനൂറ്റിമംഗലം സെന്റ് തോമസ് പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതി നിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബ ന്ധിച്ചു. |
| | 10.00 pm | ദീർഘനാൾ അരമനയിൽ ഡ്രൈവറായി സേവനം ചെയ്ത ശ്രീ ബാലൻചേട്ടന്റെ പത്നി മാലിനിയുടെ നിര്യാണത്തിൽ കത്തീഡ്രലിലുള്ള ഭവനത്തിൽ ചെന്ന് അനുശോചനം രേഖപ്പെടുത്തി. |

| | | |
|---|---|---|
| 29 | 7.45 am | അറുനൂറ്റിമംഗലം സെന്റ് തോമസ് പള്ളിയിൽ ഇടയ നടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്ത് വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനവും തുടർന്നു നടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |
| | 4.00 pm | ചെമ്മലമറ്റം പന്ത്രണ്ടു ശ്ലീഹന്മാരുടെ പള്ളിയിൽ പുതുതായി നിർമ്മിച്ച രൂപങ്ങൾ വെഞ്ചെരിച്ചു. |
| 30 | 11.00 am | ളാലം പഴയപള്ളി ഇടവകയിൽ വട്ടക്കുന്നേൽ ശ്രീ കുര്യാച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 31 | 9.00 am | ഏഴാച്ചേരി ഇടവകയിൽ മുക്കുറ്റിയിൽ അഗസ്റ്റിൻ കുര്യാക്കോസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.00 pm | ജർമ്മനിയിലെ സ്പെയർ രൂപതാംഗമായി ശുശ്രൂഷ ചെയ്ത ബഹു. ഡോ. ഫിലിപ്പ് കാരുപറമ്പിലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് പാലാ ളാലം പഴയ പള്ളിയിൽ മുഖ്യകാർമികത്വം വഹിച്ചു. |

# അഭിനന്ദനങ്ങൾ

MG UNIVERSITY



ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം
1st Rank, MA Multimedia



ഫാ. ജെയിംസ് പറപ്പിള്ളിൽകരോട്ട്
4th Rank, MA Multimedia



ഫാ. ഷെറിൻ തോട്ടുങ്കൽ
5th Rank, MA Multimedia



ഫാ. ജോസഫ് മുണ്ടയ്ക്കൽ
5th Rank, MA Multimedia



ഫാ. ജോൺസൺ പാക്കലേമ്പൽ
5th Rank, MA Malayalam



അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ പുതുതായി നിർമ്മിച്ച കെട്ടിട സമുച്ചയങ്ങളുടെ ആശീർവാദകർമ്മം അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



സാന്താ സോഫിയ ലൈബ്രറി ബ്ലോക്ക്



ഫാക്കൽറ്റി കാന്റീൻ ബ്ലോക്ക്



മാർ എഫ്രേം പി.ജി. & സയൻസ് ബ്ലോക്ക്



കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിങ് കോളേജിൽ നടന്ന NEST (Nurturing Entrepreneurs with Startup Technologies) 2023 പരിപാടിയിൽ അഭിവന്ദ്യ പിതാവ് പ്രഭാഷണം നടത്തുന്നു

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN





കാൽമുട്ട് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ സൗജന്യമായി നൽകുന്ന 'ചുവട്' പദ്ധതി ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു




ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ പുതുതായി ക്രമീകരിക്കപ്പെട്ട ലെവൽ വൺ അഡ്വാൻസ്ഡ് ട്രോമാ കെയർ സെന്ററിന്റെ ഉദ്ഘാടനകർമ്മത്തിൽ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മുഖ്യപ്രഭാഷണം നടത്തുന്നു.



അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കാരിത്താസ് ഇന്ത്യയുടെ മീറ്റിംഗ് അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.


Printed at St. Thomas Press, Palai and Published by Fr. John Pakkarampel